# ജീവദീപ്തി

jeevadeepthi@gmail.com

September 2022 Book 09 Volume 12



ഓണാശംസകൾ

# ഓണം വന്നേയ്

ഫാ. ജെൻസൺ ലിവേര



*ഒരു ഓണക്കാലം വീണ്ടും. ഓണം നിറവിന്റെ പ്രതീകമാണ്. ഇല്ലത്തിലെ പത്തായങ്ങൾ നിറഞ്ഞ് കവിയും, അടിയാൻമാരുടെ കുടിലുകളിൽ വല്ലങ്ങൾ നിറഞ്ഞു തുളുമ്പും. മാനുഷരെല്ലാരുമൊന്നുപോലെ... എന്ന ഈരടികളെ ഓർമ്മപ്പെടുത്തി, ഈ വിളവെടുപ്പുത്സവം മലയാളികളുടെ ഒത്തൊരുമ സ്ഥിരീകരിക്കുന്നതിന്റെ, നാടിന്റെ ഉത്സവമായ ഓണം.*

കർക്കിടകം എന്ന പഞ്ഞമാസം കഴിഞ്ഞ്, മാനം തെളിയുന്ന ഈ കാലത്താണ്, വിദേശക്കപ്പലുകൾ പണ്ട് സുഗന്ധദ്രവ്യ വ്യാപാരത്തിനായി കേരളത്തിൽ കൂടുതലായി അടുത്തിരുന്നത്. മഴ മാറി വാണിജ്യം പുനരാരംഭിക്കുന്നത് ശ്രാവണ മാസത്തിലെ തിരുവോണ നാളിൽ ആണ്. ദൂരെ നങ്കൂരമിട്ടിരുന്ന കപ്പലുകൾ അന്നാണ് സ്വർണ്ണപ്പണവുമായി തുറമുഖത്തെത്തിയിരുന്നത്. അങ്ങനെ സ്വർണ്ണനാണയം കൊണ്ടുവന്നിരുന്ന ഈ മാസത്തെ പൊന്നിൻ ചിങ്ങമാസമെന്നും ഓണത്തെ പൊന്നോണമെന്നും വിളിക്കാൻ കാരണമായി എന്ന് പറയപ്പെടുന്നു. കേരളത്തിൽ വിളവെടുപ്പിനെക്കാൾ അതിന്റെ വ്യാപാരത്തിനായിരുന്നു പ്രാധാന്യം.

അത്തം നാൾ മുതൽ തിരുവോണം വരെ പൂക്കളമിട്ട്, ഊഞ്ഞാലിലാടി, പെൺകുട്ടികളുടെ കൈകൊട്ടിക്കളിയും, ആൺകുട്ടികളുടെ ഓണപ്പന്തുകളിയും, ഓണത്തല്ലും, വീടിനുള്ളിലും പുറത്തുമുള്ളവർക്ക് ഓണക്കോടിയും, വിഭവസമൃദ്ധമായ സദ്യയും ഒക്കെയായി, ചതയം നാൾ ഓണം പൊടിപൊടിക്കുമായിരുന്നു. അരിയിടിക്കലും വറക്കലും, കായവറുക്കലും, കൊണ്ടാട്ടമുണ്ടാക്കലും, അടപരത്തലും, അച്ചാറിനിടീലും, ചക്കവരട്ടലും ഒക്കെയായി ഒരുമാസം മുമ്പേ ഒരുക്കങ്ങൾ തുടങ്ങും. കോവിഡിന്റെ ഭീതിയിൽനിന്ന് കേരളം മെല്ലെ കരകയറുമ്പോൾ ഒരുമയോടെ ആഘോഷിക്കാം ഈ ഓണം.

ഏവർക്കും ഓണാശംസകൾ!

# ജീവദീപ്തി
JEEVADEEPTHI


September 2022 Vol 12 Book 09



രക്ഷാധികാരി
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

മാനേജിങ്ങ് എഡിറ്റർ
ഫാ. യേശുദാസ് പഴമ്പിള്ളി

പത്രാധിപർ
ഫാ. ജെൻസൺ ലിവേര

സഹപത്രാധിപർമാർ
ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

സർക്കുലേഷൻ മാനേജർ
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ

രൂപകല്പന
റ്റാബി ജോർജ്ജ്

ടൈപ്പ് സെറ്റ്
ASL computers

ഓഫീസ് ഇൻചാർജ്ജ്
മാനുവൽ പൊടുത്തോർ

പത്രാധിപസമിതി
ഫാ. ജോസഫ് ഓളിപ്പറമ്പിൽ
ഫാ. ലാസർ സിന്റോ തൈപ്പറമ്പിൽ
അഡ്വ. ഷെറി ജെ തോമസ്
ശ്രീമതി ജൂലിയറ്റ് ഡാനിയേൽ
ശ്രീ ജോർജ്ജ് പൊറ്റക്കുഴി
ജോബി തോമസ്സ്




ഓഫീസ്

0484-295 1472
jeevadeepthi@gmail.com



06




01


## ഓണം വന്നേയ്

ഒരു ഓണക്കാലം വീണ്ടും. ഓണം നിറവിന്റെ പ്രതീകമാണ്. ഇല്ലത്തിലെ പത്തായങ്ങൾ നിറഞ്ഞ് കവിയും, അടിയാൻമാരുടെ കുടിലുകളിൽ വല്ലങ്ങൾ നിറഞ്ഞു തുളുമ്പും.

ഏവർക്കും
പ്രാർത്ഥനയോടെ
**ഓണാശംസകൾ**
നേരുന്നു!

## മറിയം

പുരാതനകാലം മുതൽക്കേ ഇന്ത്യ പാശ്ചാത്യരാജ്യങ്ങളുമായി വ്യാപാര ബന്ധത്തിൽ ഏർപ്പെടുകയും അവരുമായി ചങ്ങാത്തം പുലർത്തു കയും ചെയ്തിരുന്നു. ഇന്ത്യൻ സുഗ ന്ധദ്രവ്യങ്ങൾക്കായിരുന്നു പാശ്ചാത്യ



04

## മംഗളവാർത്തയായവൾ

മറിയവും അവളുടെ ചാർച്ചക്കാരി എലിസബത്തും തമ്മിലുള്ള സംഭാഷണത്തെക്കുറിച്ച് പരി ശുദ്ധാത്മാവിന്റെ വാക്കുകൾ, മറിയത്തെ





## വല്ലാർപാടം തീർത്ഥാടനം


2022 സെപ്തംബർ 11 ഞായറാഴ്ച യാണ് ഈ വർഷത്തെ മരിയൻ തീർത്ഥാടനം. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പൊതു

05


മലയാളത്തിന്റെ അദ്ധ്യാപകന് പ്രണാമം....10
ഓണത്തിന് ഒരു പൂക്കളം....13
ഓണത്തിന്റെ ആത്മീയ ചിന്തകൾ....16
ഓണപ്പൂക്കൾ....19
ഓണക്കളികൾ....22
ഓണസദ്യ....24
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി....25
തലമുറകൾക്ക് ജാഗ്രതയോടെ....26
വളരുന്ന മദ്യലഹരിസംസ്കാരം....28
മകൾ....30
ആരാധനക്രമം....32
ന്യൂസ്....36
സൺഡേ ബ്രേക്ക്ഫാസ്റ്റ്....38
ബൈബിൾ വിചിന്തനം....40

# മംഗളവാർത്തയായവൾ

മറിയവും അവളുടെ ചാർച്ചക്കാരി എലിസബത്തും തമ്മിലുള്ള സംഭാഷണത്തെക്കുറിച്ച് പരി ശുദ്ധാത്മാവിന്റെ വാക്കുകൾ, മറിയത്തെ സ്ത്രീകളിൽ അനുഗൃഹീതയെന്നും അവളുടെ ഉദരഫലം അനുഗൃഹീതമെന്നും പറയുന്ന എലിസബത്തിന്റെ വാക്കുകൾ "നന്മനിറഞ്ഞ മറിയമേ' എന്ന പ്രാർഥനയുടെ ഭാഗമായി ഓരോ പ്രാവശ്യവും നാം അത് ഉരുവിടുമ്പോൾ എലിസബത്തിനെപ്പോലെ നമ്മളും മറിയത്തെ അഭിവാദനം ചെയ്യുകയാണ് ചെയ്യുന്നത്. കാരണം മറിയം നമ്മിലേക്ക് യേശു വിനെയാണ് കൊണ്ടുവരുന്നത്.



എലിസബത്തിന്റെ അനുഗ്രഹത്തിന് മറിയം പ്രത്യുത്തരം നൽകുന്നത് നമുക്ക് "സ്തോത്രഗീതം സമ്മാനിച്ചുകൊണ്ടാണ്. അതിനെ പാപ്പാ പ്രത്യാശയുടെ ഗീതം എന്ന് നിർവചിക്കാമെന്നു പറഞ്ഞു, ദൈവം മറിയത്തിൽ നിർവഹിച്ച വൻ കാര്യങ്ങൾക്ക് അപ്പുറത്തേക്കാണ് അവൾ ചെന്നു നിൽക്കുന്നത്. തന്റെ ജനത്തിന്റെ മുഴുവൻ ചരിത്രത്തിലുമുള്ള ദൈവത്തിന്റെ പ്രവൃത്തികളാണ് അവൾ ധ്യാനിക്കുന്നത്. കാരണം ശക്തന്മാരെ ഉയർത്തി, വിശക്കുന്നവരെ സംതൃപ്തരാക്കി എന്നെല്ലാം പറയുമ്പോഴും അത് യഥാർഥത്തിൽ അങ്ങനെയല്ലായിരുന്നു. അപ്പോഴും ഭീകരനായ ഹെറോദോസ് തന്റെ ഭരണം തുടരുകയും, ദരിദ്രർ ദരിദ്രരായി തന്നെയിരിക്കുകയും, ധനവാന്മാർ പുരോഗമിക്കുകയുമായിരുന്നു വെന്ന് പാപ്പ പറഞ്ഞു. അതിനാൽ മറിയത്തിന്റെ സ്തോത്രഗീതം ആ സമയത്തെ വാർത്ത കളാൽ വളരെ പ്രധാനപ്പെട്ട എന്തോ പറയാൻ ഉദ്ദേശിക്കുന്നു. ദൈവം അവളി ലൂടെ ചരിത്രപരമായ ഒരു സംഭവത്തിന് തുടക്കം കുറിക്കുകയാ യിരുന്നു. ഒരു പുതിയ ക്രമം ആരംഭിക്കുന്നു.

മറിയം പ്രത്യാശയുടെ ഗീതം പാടുകയും നമ്മിൽ പ്രത്യാശയുടെ നാളം തെളിയിക്കുകയും ചെയ്യുന്നു. നമ്മുടെ യാത്രയുടെ മാർഗ്ഗം അവളിൽ നമുക്ക് കണ്ടെത്താം. അവളാണ് പൂർണ്ണമായും ശരീരത്തോടും ആത്മാവോടും കൂടെ സ്വർഗത്തിന്റെ വിജയം കരസ്ഥമാക്കിയ ആദ്യ വ്യക്തി. പാപത്തിൽ വീണുപോകാറുള്ളവരാണ് നമ്മളെങ്കിലും, ദൈവത്തെ എളിമയോടെ സ്തുതിക്കുകയും, മറ്റുള്ളവരെ ഔദാര്യപൂർവ്വം സേവിക്കുകയും ചെയ്യുമ്പോൾ സ്വർഗ്ഗം കയ്യെത്തും ദൂരത്താണെന്ന് അമ്മ കാണിച്ചുതരുന്നു. മറിയം നമ്മുടെ അമ്മയാണ്. നമ്മെ കൈപിടിച്ച് സ്വർഗ്ഗത്തിന്റെ മഹിമയിലേക്ക് കൂട്ടിക്കൊണ്ടുപോവുകയും, സ്വർഗ്ഗത്തെ ഓർമ്മിച്ച് സന്തോഷിക്കുവാനും ക്ഷണിക്കുന്നു. നമ്മുടെ പ്രാർത്ഥനകളാൽ നമുക്ക് മറിയത്തെ സ്തുതിക്കുകയും, ഭൂമിയിലൂടെ സ്വർഗ്ഗം ദർശിക്കുവാൻ കഴിയുന്ന പ്രവാചികമായ ഒരു നോട്ടം നമ്മുടെമേൽ ചൊരിയാൻ അപേക്ഷിക്കുകയും ചെയ്യാം എന്ന് ആഹ്വാനം ചെയ്തു.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിൽ, മാതാവിനെ വണങ്ങുന്നതിനായി മരിയൻ ദേവാലയം സന്ദർശിക്കുവാൻ പാപ്പാ വിശ്വാസികളെ ആശംസിക്കുകയും ചെയ്തുകൊണ്ട് ജനനത്തിരുനാളിന്റെ ആശംസകൾ നേർന്നു.

**ഫ്രാൻസിസ് പാപ്പ**

# വല്ലാർപാടം തീർത്ഥാടനം

യേശുവിൽ പ്രിയ സഹോദരവൈദികരേ, സന്ന്യാസ സഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

2022 സെപ്തംബർ 11 ഞായറാഴ്ചയാണ് ഈ വർഷത്തെ മരിയൻ തീർത്ഥാടനം. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ പൊതുവായ കാൽനട തീർത്ഥാടനം ഈ വർഷവും നാം നടത്തുന്നില്ല. തീർത്ഥാടന ദിനത്തിൽ വല്ലാർപാടം ബസിലിക്കയങ്കണത്തിൽ ആഘോഷമായ ജപമാലയർപ്പണം, സമൂഹദിവ്യബലി, അടിമ സമർപ്പണം എന്നിവയാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ, തീർത്ഥാടനത്തിനൊരുക്കമായി ബൈബിൾ കൺവെൻഷനും തീർത്ഥാടനത്തിനുശേഷം പരി. വല്ലാർപാടത്തമ്മയുടെ തിരുനാളും നടത്തപ്പെടുന്നു.

2024-ൽ പരിശുദ്ധ വല്ലാർപാടത്തമ്മയുടെ തിരുഛായാചിത്രം വല്ലാർപാടം പള്ളിയിൽ സ്ഥാപിച്ചതിന്റെ മഹാജൂബിലിയാഘോഷത്തിന് (500-ാം വാർഷികം) തുടക്കം കുറിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് നാം ഈ വർഷം വല്ലാർപാടം തീർത്ഥാടനം നടത്തുന്നത്. ആയതിനാൽ ഈ തിരുഛായാചിത്രത്തിന്റെ ചരിത്രം നിങ്ങളുമായി ആദ്യമേ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

1218-ൽ വിശുദ്ധ പീറ്റർ നൊളാസ്കോ, വിശുദ്ധ റെയ്മണ്ട്, വാഴ്ത്തപ്പെട്ട ജെയിംസ് രാജാവ് എന്നിവർക്ക് നൽകിയ ദർശനങ്ങളിൽനിന്നാണ് വല്ലാർപാടത്തമ്മയുടെ ചരിത്രം ആരംഭിക്കുന്നത്. അക്കാലത്ത് തുർക്കികൾ യൂറോപ്പിനെ കീഴടക്കാൻ യത്നിക്കുകയായിരുന്നു. തുർക്കികൾ അടിമകളാക്കിയ ക്രൈസ്തവരേയും, അക്രൈസ്തവരേയും പണം കൊടുത്ത് മോചിപ്പിച്ച് അവരെ സുവിശേഷത്താൽ സ്വതന്ത്രരാക്കുകയും ക്രിസ്തുവിനായി നേടുകയും ചെയ്യുക എന്നതായിരുന്നു പരിശുദ്ധ മാതാവ് അവർക്ക് നൽകിയ ദൗത്യം. ഈ ദൗത്യം അവരെ ഏൽപ്പിച്ച മാതാവിനെ കാരുണ്യവതിയായ ബന്ധന വിമോചക നാഥ എന്ന് അവർ പേർ വിളിച്ചു. ഈ നാഥയുടെ തിരുഛായ ചിത്രമാണ് 1524-ൽ പോർച്ചുഗീസ് മിഷനറിമാർ വല്ലാർപാടത്ത് സ്ഥാപിച്ചത്. പോർച്ചുഗീസ് നാവികർക്ക് വ്യാപാരമേഖലയിൽ അറബികളിൽനിന്ന് അനുഭവപ്പെട്ട ബുദ്ധിമുട്ടുകൾ മറികടക്കാനുള്ള ഒരു മാർഗം ആയിട്ടാണ് അവർ വിമോചകനാഥയുടെ തിരുഛായാചിത്രം വല്ലാർപാടം പള്ളിയിൽ സ്ഥാപിച്ചത്. തത്ഫലമായി അവരുടെ മിഷൻ പ്രവർത്തനങ്ങൾ സഫലീകൃതമായി എന്നു മാത്രമല്ല, വല്ലാർപാടം പള്ളി അത്ഭുതങ്ങളുടെയും അനുഗ്രഹങ്ങളുടെയും കലവറയുമായിത്തീർന്നു. 1752-ൽ മീനാക്ഷിയമ്മയ്ക്കും കുഞ്ഞിനുമുണ്ടായ രക്ഷ എന്നും ഏവരും അനുസ്മരിക്കുന്ന ഒന്നാണ്. ഇന്നും രോഗികളും, അശരണരും, യാത്രികരും, കടലിൽ ജോലി ചെയ്യുന്നവരുമായി ജാതിമതഭേദമെന്യേ അനേകായിരങ്ങളാണ് പരിശുദ്ധ വല്ലാർപാടത്തമ്മയുടെ പുണ്യസങ്കേതത്തിൽ എത്തിച്ചേരുന്നത്.

ഈ വർഷം വല്ലാർപാടം തീർത്ഥാടനത്തിന്റെ ഭാഗമായി സെപ്തംബർ 1 മുതൽ 8 വരെ തീർത്ഥാടന വാരമായി ഞാൻ പ്രഖ്യാപിക്കുകയാണ്. ഈ ദിവസങ്ങളിൽ ഫൊറോന അടിസ്ഥാനത്തിലോ ഇടവക അടിസ്ഥാനത്തിലോ വിവിധ സംഘടനകളുടെ നേതൃത്വത്തിലോ വല്ലാർപാടത്തമ്മയുടെ സന്നിധിയിലേക്ക് പ്രത്യേക തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. അനുഗൃഹീതമായ ഈ കാലഘട്ടത്തിന്റെ ധന്യത തിരിച്ചറിഞ്ഞ് നമുക്ക് ഈ വർഷത്തെ ബൈബിൾ കൺവെൻഷനിലും തീർത്ഥാടനത്തിലും സംബന്ധിക്കാം.

ഈ വർഷത്തെ തീർത്ഥാടനദിനമായ സെപ്തംബർ 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ ബസലിക്ക അങ്കണത്തിൽ സാഘോഷമായ ജപമാലയർപ്പണം നടക്കുന്നതാണ്. തുടർന്ന് വൈകിട്ട് 4.30-ന് നമ്മുടെ അതിരൂപതയിലെ എല്ലാ വൈദികരും സന്ന്യസ്തരും അല്മായരും ഒരുമിച്ചു ചേർന്ന് ഒരു കുടുംബമായി ദിവ്യബലിയർപ്പിക്കുന്നു. ദിവ്യബലിയെത്തുടർന്ന് എല്ലാവരെയും പരിശുദ്ധ വല്ലാർപാടത്തമ്മയ്ക്ക് അടിമസമർപ്പണം ചെയ്ത് ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. തീർത്ഥാടനദിനത്തിൽ വ്യവസ്ഥകൾ നിറവേറ്റിക്കൊണ്ട് വല്ലാർപാടം ബസിലിക്ക സന്ദർശിച്ചു പ്രാർത്ഥിക്കുന്ന എല്ലാ വിശ്വാസികൾക്കും പൂർണ്ണദണ്ഡവിമോചനം ലഭിക്കുന്നതാണെന്നും ഞാൻ അറിയിക്കുന്നു. സാധിക്കുന്ന എല്ലാവരും തീർത്ഥാടനത്തിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുന്നു. കൂടാതെ സെപ്തംബർ 16 മുതൽ 24 വരെ നടത്തപ്പെടുന്ന പരി. വല്ലാർപാടത്തമ്മയുടെ തിരുനാൾ ആഘോഷങ്ങളിലേക്കും എല്ലാവരേയും ഞാൻ ക്ഷണിക്കുന്നു.

**.മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**

# മറിയം



മംഗളവാർത്ത സ്വീകരിച്ചവൾ മറിയം.

മംഗളവാർത്തയാക്കി ജീവിതം മാറ്റിയവൾ മറിയം. മറിയം മംഗള വാർത്ത നമുക്കും തരുന്നുണ്ട്. മറിയം നൽകുന്ന മംഗളവാർത്ത കൾ നമുക്ക് ധ്യാനിക്കാം.

1. *ദൈവേഷ്ടം മാറ്റാനല്ല എന്റെ ഇഷ്ടം മാറ്റാനാണ് പ്രാർത്ഥന. എല്ലാവരും ദൈവേഷ്ടം മാറ്റാൻവേണ്ടി പ്രാർത്ഥിക്കുമ്പോൾ മറിയം പറയുന്നു.*

നിന്റെ ഇഷ്ടം നിറവേറട്ടെ!'

'എന്റെ ഇഷ്ടം മാറ്റിയാലേ നിന്റെ ഇഷ്ടം നടക്കൂ.' എന്നു മറിയത്തി നറിയാം.

ചെറുകുട്ടികൾക്കുള്ള ക്യാറ്റി ക്കിസം ടെക്സ്റ്റിലെ പാട്ട്

Do your best
Give the rest in God's hand
He knows best
What is best for you'

കുഞ്ഞുങ്ങൾക്കെന്നപോലെ വലി യവർക്കും ഓർമ്മപ്പെടുത്തലാണി ത്. എന്റെ ഇഷ്ടത്തിനനുസരിച്ചല്ല എന്റെ ആവശ്യമനുസരിച്ചാണ് ദൈവം തരിക.

അതറിയുന്നയാൾക്ക് ഒരൊറ്റ പ്രാർത്ഥനയേ വരൂ 'നിന്റെ ഇഷ്ടം നിറവേറട്ടെ! അമ്മയുടെ നിഴൽപോലെ നടന്ന മകനും അന്ത്യപ്രാർത്ഥന ഇതു തന്നെയാ ണ്. രക്ഷാകരനാടകത്തിന്റെ

അന്ത്യരംഗത്ത് മേരിയുടെ പ്രാരംഭ പ്രാർത്ഥനയും യേശു നടത്തുന്ന സമാപന പ്രാർത്ഥനയും ഒന്നു തന്നെയായി മാറുന്നു.

□"നിന്റെ ഇഷ്ടം നിറവേറട്ടെ!" ഈ രണ്ടു പ്രാർത്ഥനകൾക്കിട യിൽ യേശു ജീവിതംകൊണ്ടു ജീവിച്ച ജീവിതവും ഈ പ്രാർത്ഥന തന്നെയാണ്. ഈശോ പഠിപ്പിച്ചുകൊടുത്ത ഏക പ്രാർത്ഥ നയുടെ പ്രമേയവും ഇതുതന്നെ 'നിന്റെ രാജ്യം വരണം, നിന്റെ നാമം പൂജിതമാകണം, നിന്റെ ഉള്ളം നിറവേറണം....'

തന്റെ ശിഷ്യർക്ക് ഈശോ നൽകുന്ന നിർവ്വചനവും ഇതു മാത്രം 'എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവർ....' യേശു വിന്റെ വ്യാഖ്യാനത്തിൽ 'അമ്മ', 'സഹോദരർ' എന്ന പരിഗണനക ളെക്കാൾ നിറഞ്ഞുനിൽക്കേണ്ടത് ദൈവേഷ്ടം ആണ്. പ്രഥമ സ്ഥാനം ദൈവത്തിനു മാത്രം... ലോകബന്ധങ്ങളുടെ ഊഷ്മള മായ കടമകൾക്കും മുന്നിൽനിൽക്കുന്നത് ദൈവകടമ കൾ തന്നെ. "ഞാനെന്റെ പിതാ വിന്റെ കാര്യങ്ങളിൽ വ്യാപൃതനാ കണം."

മാതാവ് പിന്നെ, കണ്ണീരണിഞ്ഞ പുഞ്ചിരിയോടെ തന്റെ ഇഷ്ടം മാറ്റി ദൈവേഷ്ട വഴിയിൽ അവനെ വിട്ടിട്ട് അവനെ അനുഗമി ക്കുന്നു.

### 2. *ദൈവത്തിൽ നഷ്ടപ്പെട്ടവരായി മാറുക.*

27 ലക്ഷം ആളുകൾ തിങ്ങിക്കൂ ടുന്ന ജെറൂസലേമിൽ പെസഹാ കാലത്ത് ഒരു കുഞ്ഞ് ആൾക്കൂട്ട ത്തിൽ അപ്രത്യക്ഷനാകുന്നത് വളരെ സ്വാഭാവികം. പ്രദക്ഷിണ വഴികളിൽ ആൺപെൺ വേർതിരി വുള്ളതിനാൽ കുഞ്ഞിന്റെ അസാ ന്നിധ്യം ശ്രദ്ധിക്കപ്പെടുകയുമില്ല.

ധ്യാനവിഷയമാകേണ്ട കാര്യം: ഈ കുഞ്ഞ് ആൾക്കൂട്ടം വിട്ട് പള്ളിയിലാണ് നഷ്ടപ്പെട്ടു പോകുക!

ഫ്രാൻസീസ് പാപ്പ യുവാക്കളോട് പറയുന്നു 'ദൈവത്തിൽ നഷ്ടപ്പെ ട്ടവരാകുക' Be disappeared in God. പള്ളിമുറ്റത്ത് കുട്ടിക്കാലം മുതൽ വളരുന്ന നമ്മുടെ പല കുഞ്ഞു ങ്ങളും പിന്നെ വലുതാകുമ്പോൾ പള്ളിവിട്ട് ആൾക്കൂട്ടത്തിൽ നഷ്ട പ്പെട്ടവരായി മാറുകയാണ്. ലഹരി കൂട്ടങ്ങളിലും വഷളക്കൂട്ടങ്ങളിലും ക്രിമിനൽ കൂട്ടങ്ങളിലും....
ആൾക്കൂട്ടം വിട്ട് പള്ളിയിൽ നഷ്ട പ്പെട്ടവനായി മാറുന്ന ഈശോ!
പള്ളിവിട്ട് ആൾക്കൂട്ടത്തിൽ നഷ്ട പ്പെട്ടവരായി പോകുന്ന നമ്മുടെ കുഞ്ഞുങ്ങൾ!
ഈ വ്യത്യാസം അറിയുന്ന മാതാവ് ആവർത്തിച്ച് പറയുന്നത് Be disappeared in God എന്നുതന്നെ യാണ്.

### 3. *ദൈവം കൂടെയുള്ളപ്പോൾ പ്രശ്നം ചെറുതാകുന്നില്ല*

പക്ഷേ ഞാൻ വലുതാകുന്നു. മോശയുടെ കൂടെ കർത്താവ് നട ന്നപ്പോൾ മോശയുടെ വിക്കു മാറി യില്ല. എന്നാൽ മോശ മാറി He grew bigger than his Problem. അയാൾ പ്രശ്നത്തേക്കാൾ വലുതായി. യേശു സന്ദർശിച്ചുകഴിഞ്ഞപ്പോൾ സക്കേവൂസിന്റെ പൊക്കക്കുറവ് മാറിയില്ല. പക്ഷേ സക്കേവൂസ് മാറി.

He Grew stronger than his handicaps. അയാൾ വികലാംഗത്വത്തേക്കാൾ കരുത്തനായി. ലാറ്റിനമേരിക്കൻ പാട്ട് ഓർമ്മപ്പെടുത്തുംപോലെ ദൈവം പ്രശ്നങ്ങളിലേക്ക് നിന്നെ തള്ളിയിടുമ്പോൾ
ഒന്നുകിൽ ദൈവം നിന്നെ കൈക ളിൽ താങ്ങും. അല്ലായെങ്കിൽ ദൈവം നിന്നെ പറക്കാൻ പഠി പ്പിക്കും! Hugh Mac millan sa Daisies of Nazareth- ൽ പത്തുകൊല്ലമായി തളർന്നു കിടക്കുന്ന ആട്ടിടയ നോട് ആരോ ചോദിക്കുന്നു. 'നിങ്ങൾക്കു വിഷമമില്ലേ?'

അയാൾ ചിരിച്ചാർത്ത് ഉത്തരം പറ യുന്നു 'ഹേയ് ഇല്ലേയില്ല. പത്തു

---

**ചിന്താകവിത; കവിതാ ചിന്ത**

**വായിക്കാൻ പറ്റുന്നതെങ്ങനെ!**

വർഷാവസാന പരീക്ഷ അടു ത്തുവരുന്നു. ഒന്നാംക്ലാസ്സിൽ പഠിക്കുന്ന ജോസ്കുട്ടൻ ഇതു വരെ എന്തു പഠിച്ചു, എങ്ങനെ പഠിച്ചു എന്ന് മനസ്സിലാക്കാൻ അപ്പച്ചൻ മകന് ഒരു ടെസ്റ്റ് കൊടുത്തു. 1,2,3,4 എന്നിങ്ങനെ യുള്ള അക്കങ്ങൾ എഴുതിക്കൊ ടുത്തിട്ട് വായിക്കാൻ പറഞ്ഞു: കുറച്ചുനേരം നോക്കിയിരുന്നിട്ട് മകൻ പറഞ്ഞു:
വായിക്കാൻ പറ്റുന്നില്ലപ്പച്ചാ. അപ്പച്ചൻ അ, ആ, ഇ എന്നുള്ള അക്ഷരങ്ങൾ എഴുതിക്കാണിച്ചിട്ട് വായിക്കാൻ പറഞ്ഞു. കുറച്ചു നേരം അതിലും നോക്കിയിരു ന്നിട്ട് നിസ്സഹായതയോടെ അവൻ പറഞ്ഞു: വായിക്കാൻ പറ്റുന്നില്ല!

പിന്നെ അപ്പച്ചൻ ഒട്ടും കാത്തുനി ന്നില്ല. നേരേ ഒരു കണ്ണാശുപത്രി യിലേക്കു പോയി. മകനെ അക്ക ങ്ങളും അക്ഷരങ്ങളും പല വലി പ്പത്തിലുള്ളതു കാണിച്ചു വായി ക്കാൻ പറഞ്ഞു. ഒരേ മറുപടി: വായിക്കാൻ പറ്റുന്നില്ല. ഐ സ്പെഷലിസ്റ്റ് പൂക്കൾ, പക്ഷി കൾ, മൃഗങ്ങൾ എന്നിവ കാണി ച്ചിട്ടു ചോദിച്ചു: ഇതെന്താ, ഡോക്ടർക്കു സംഗതി പിടികിട്ടി. ഇവൻ ഒരക്ഷരം പഠിച്ചിട്ടില്ല ഇതു വരെ. ക്ലാസ്സിൽ വെറുതെ പോകയും വരികയും ചെയ്തു എന്നു മാത്രം! മടിയന്റെ രാജാവ്!

അദ്ദേഹം അപ്പച്ചനെ ഗുണദോഷിച്ചു:
അപ്പച്ചാ, മകൻ പറഞ്ഞതു ശരി യാ. അക്കങ്ങളും അക്ഷരങ്ങളു മൊന്നും വായിക്കാൻ പറ്റുന്നി ല്ലെന്നു പറഞ്ഞതു സത്യമാ! ഇതിന് ഒരു നിസ്സാര ചികിത്സ മതി. ഒന്നുകിൽ അപ്പച്ചൻതന്നെ മകനെ അക്ഷരങ്ങൾ പഠിപ്പിക്കൂ; ഇല്ലെങ്കിൽ ഒരു ട്യൂഷൻ ടീച്ചറെ ഏല്പിക്കൂ.

എന്നാറേ, അപ്പച്ചൻ നിമിഷങ്ങള ളോളം നക്ഷത്രമെണ്ണുകയു ണ്ടായി.

ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി

വർഷമായി ഞാൻ അവാച്യമായ ആനന്ദത്തിലാണ്. കാരണം യേശു ഉള്ളിലുണ്ട്.'

പിയത്തെയിലെ മേരിയുടെ മുഖത്ത് ഒരു ഗൂഢസ്മിതമുണ്ടോ എന്നു ചോദിച്ചവരോട് മൈക്കൽ ആഞ്ചലോ പറഞ്ഞു "'ഉണ്ട്. അവളുടെ മുഖത്ത് ഗൂഢമായ ചിരിയുണ്ട്. കാരണം കണ്ണീരണിഞ്ഞ പുഞ്ചിരിയാണ് മേരിയുടേത്. കരച്ചിലിനിടയിലും ദൈവഹിതം നിറവേറിയതിന്റെ ആനന്ദം അവൾക്കുണ്ട്. അതുകൊണ്ട് ആ അമ്മ കരച്ചിലിനിടയിലും പുഞ്ചിരിക്കും.'

4. *ധീരതയെന്നാൽ ഇരയെ ഉണ്ടാക്കലല്ല. ഇരയുടെ കൂടെ നിൽക്കലാണ്.*

University of Richmond se Caig Howard-ന്റെ പഠനങ്ങൾ വെളിവാക്കിയ ഒരു കാര്യം ഗർഭകാലത്തോടെ അമ്മമാർക്ക് ജ്ഞാനവും ധൈര്യവും സ്ഥലകാലബോധവും അതിജീവനത്തിനുള്ള കരുത്തും കൂടും എന്നാണ്. ഗർഭകാലത്ത് കൂടുതൽ ഉത്പാദിപ്പിക്കപ്പെടുന്ന ഒക്സിട്ടോസിൻ എന്ന ഹോർമോണും കൂടുതലായുണ്ടാകുന്ന Glial cell ഉം ഒക്കെയാണ് ഇതിനു കാരണം. അമ്മമാരുടെ ധൈര്യം വരുന്നത് ആഴമായ സ്നേഹത്തിൽനിന്നാണ്. ജീവൻ വെടിഞ്ഞും കുഞ്ഞിനുവേണ്ടി പൊരുതാൻ ഇരയാകാൻ സാധ്യതയുള്ള കുഞ്ഞിനുവേണ്ടി എന്തു വിലകൊടുത്തും നിലകൊള്ളാൻ അമ്മ സന്നദ്ധയാകും. ജന്തുജീവജാലങ്ങളിലൊക്കെ ഇതു കാണാം. വളരെ ചുരുക്കമായ exception ഉണ്ടാവൂ. പ്രസവാനന്തരം ചില ജീവികൾക്ക് കുഞ്ഞുങ്ങളോട് താല്കാലിക മടുപ്പും ശത്രുതയും വരാം. Post natal depression എന്നു വൈദ്യശാസ്ത്രം വിളിക്കുന്ന ഈ അവസ്ഥയെ 'അമ്മച്ചി പ്രാന്ത്' എന്നു നമ്മുടെ നാട്ടിൽ വിളിക്കുന്നു. വളരെ പെട്ടെന്ന് ഇതുമാറും. ചില വിരള സാഹചര്യങ്ങളിൽ മരണഭീതിമൂലം അമ്മ കുഞ്ഞിനെ അപായപ്പെടുത്തിയേക്കാം. University of Richmond ലെ തന്നെ പരീക്ഷണത്തിൽ തള്ളക്കുരങ്ങും കുഞ്ഞുമുള്ള സ്ഫടികക്കൂട്ടിൽ വെള്ളം നിറയ്ക്കുന്നു. ജലോപരിതലം ഉയരുന്നതിനനുസരിച്ച് കുരങ്ങ് കുഞ്ഞിനെ രക്ഷിക്കാൻ ഉയർത്തിപ്പിടിക്കുന്നു. തലക്കു മുകളിലേക്കു വെള്ളം ഉയരുമ്പോൾ ആദ്യം കുഞ്ഞിനെ ഉയർത്തിപ്പിടിച്ച തള്ള ശ്വാസം കിട്ടാതായപ്പോൾ കുഞ്ഞിനെ താഴെയിട്ട് അതിനെ ചവുട്ടിനിന്ന് ശ്വാസമെടുക്കാനുയരുന്നുണ്ട്. പക്ഷേ അതിവിരളമായേ അമ്മമാർ ഇങ്ങനെ ചെയ്യൂ. മക്കളെ രക്ഷിക്കാൻ സ്വന്തം ജീവനെ തീർത്തും അഗവണിക്കലാണ് അമ്മമാരുടെ പൊതുരീതി.

ഇരയാക്കപ്പെട്ട പ്രിയരുടെ കൂടെ നിൽക്കാൻ അമ്മമാർക്ക് പ്രത്യേകമൊരു ധൈര്യമുണ്ട്. പഴയ ഇംഗ്ലീഷ് പാട്ടിൽ കോറസ് ആവർത്തിക്കുന്ന ഒരു വരി

''Mary Stood by the cross' എന്നാണ്!

മേരി ഇരയ്ക്കൊപ്പമാണ്.

ആൾക്കൂട്ടത്തിനൊപ്പമാകുന്നതാണ് സേഫ്. പക്ഷേ ആൾക്കൂട്ടം തള്ളിക്കളഞ്ഞ ഇരയ്ക്കൊപ്പമാണ് മേരി.

സുരക്ഷിതമേഖലയിൽ നിൽക്കാനാണ് സ്വാഭാവിക പ്രവണത. പക്ഷേ മേരിയെന്ന് അമ്മയ്ക്ക് സ്വാഭാവിക സുരക്ഷിതത്വം തിരയാനാകില്ല.

'ഞാൻ അവനൊപ്പം' എന്ന് മേരി പറയാതെ പറയും. കുരിശിൻ ചുവട്ടിൽ ക്രൂശിതനും. ക്രൂശിതരായ ഏവർക്കും വീടായി മേരി മാറുന്നു.

5. *അവൻ പറയുമ്പോലെ ചെയ്താലേ സദ്വാർത്തയുണ്ടാകൂ...*

കാനായിലെ കല്യാണവിരുന്ന് ധ്യാനത്തിലേക്കു നയിക്കുന്നുണ്ട്. പലസ്തീനായിലെ കല്യാണം സാധാരണ ബുധനാഴ്ച നടക്കും. പിന്നെ ഒരാഴ്ച മുഴുവൻ വിവാഹ വസ്ത്രങ്ങളണിഞ്ഞ് വധൂവരന്മാർ അതിഥികളെ സ്വീകരിച്ചുകൊണ്ടിരിക്കും. 'വീഞ്ഞില്ലാതെ ആഘോഷത്തിലാനന്ദമില്ലാ' എന്നാണ് റബ്ബിമാർ പറയുക. വീഞ്ഞുതീർന്നാൽ ആനന്ദം തീരുമെന്നു മാത്രമല്ല കുടുംബനാഥന്റെ മാനവും പോകും. കാനായിൽ വീഞ്ഞു തീർന്നുപോകുന്നു. ഈ ഇല്ലായ്മയിലേക്ക് മേരി കടന്നുവരുന്നു. ഈ അമ്മയ്ക്ക് ഉത്തരം വളരെ ലളിതമാണ്. അവൻ പറയുന്നതുപോലെ ചെയ്യുക!' വില്യം ബാർക്ലെയുടെ വ്യാഖ്യാനം നോക്കാം. 6 കൽഭരണികളിൽ വെള്ളം നിറക്കാനാണ് യേശു പറയുക. ഓരോന്നിലും 20 മുതൽ 30 വരെ ഗ്യാലൺ വെള്ളം നിറയും. അപ്പോൾ 180-ലേറെ ഗ്യാലൻ വെള്ളം യേശു വീഞ്ഞാക്കി. എത്രപേർ അത്രയും വീഞ്ഞ് എത്രകാലം കുടിച്ചാലും തീരില്ല. അപ്പോൾ യേശുവിന്റെ പ്രവൃത്തിയിൽ സുവിശേഷകൻ ആന്തരികാർത്ഥങ്ങൾ ചേർക്കുന്നുണ്ട്. ആറ് അപൂർണ്ണ അക്കം. ഏഴ് പൂർണ്ണതയുടെ അക്കം. മനുഷ്യന്റെ അപൂർണതയിലേക്ക് (6) ദൈവത്തിന്റെ പൂർണത (1) ചേരുമ്പോൾ അവനും പൂർണത കൈവരിക്കും (7). മാതാവ് പറയുന്നു'

കുറവു മാറ്റാൻ അവന്റെ നിറവിലേക്കു നടക്കുക!

അവൻ പറയുന്നത് ചെയ്യുക.

ഏതു കുറവിന്റെ നേരത്തും അവൻ സദ്വാർത്തയാണ്!

6. *പ്രശ്നത്തിലേക്കല്ല, പ്രതിവിധിയിലേക്ക് കണ്ണുനടുക.*

പ്രശ്നങ്ങൾ അറിയണം. പക്ഷേ പ്രശ്നങ്ങളിൽ കെട്ടിക്കിടക്കേണ്ടതില്ല. ചിലർ പ്രശ്നങ്ങളിൽ കെട്ടിക്കിടക്കുന്ന പരിഭവച്ചോലകളാണ്. കെട്ടുക്കിടന്നു കെട്ടവെള്ളമായി മാറിയവർ. അവർക്കു ചുറ്റിലും പരിഭവങ്ങളുടെ, കുറ്റപ്പെടുത്തലുകളുടെ ഉഷ്ണക്കാറ്റു മാത്രം. മാതാവ് പ്രശ്നം മനസ്സിലാക്കുന്നുണ്ട്. പക്ഷേ മരുഹൃദയത്തിലേ

ക്കൊഴുകുന്ന കുളിർനീരാണ് അമ്മ. അമ്മ തിരയുക പ്രതിവിധി യുടെ പച്ചപ്പുകളാണ്.

വഴിമുട്ടി നിൽക്കുന്നിടത്ത് വഴിയു ണ്ടാക്കലാണ് അമ്മയുടെ രീതി. അമ്മ Realistic- ഉം Proactive- ഉം ആണ്. റിയാക്റ്റീവ് അല്ല.

Proactive ആകുക എന്നാൽ പോസി റ്റീവ് ആയി റെസ്പോണ്ട് ചെയ്യുക എന്നാണ്. ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുകയാണ് Ability to Respond Positively എന്നാണ് ചിലർ Responsibility യെ പിരിച്ചെഴുതുക. ഇരുട്ടത്താണ് യഥാർത്ഥ സ്വഭാവം പുറത്തുവരിക. ഇരുൾനേരങ്ങളിൽ ഞാൻ എങ്ങനെയാണ്

Problem Oriented? or Solution Oriented? പഴയനിയമത്തിലെ മിരിയാ മിൽനിന്നും മറിയത്തിലേക്ക് പ്രശ്നത്തിൽനിന്നും പ്രതിവിധിയി ലേക്കുള്ള ദൂരമുണ്ട് മിരിയാം, മെരീബാ, മാറ എന്നീ ഹീബ്രുപദ ങ്ങൾക്കൊക്കെ കയ്പുനിറഞ്ഞത്, വഴക്കാളി എന്നിങ്ങനെയാ ണർത്ഥം. മേരിയാകട്ടെ 'കെക്കാരിത്തോമിനേ' (കൃപ നിറഞ്ഞവൾ) ആണ്.

മേരി കയ്പുമാറ്റിയത് കൃപയുടെ മധുരമായി മാറിക്കൊണ്ടാണ്. ഞാനെങ്ങനെയാണ് ജീവിത ത്തിലും കയ്പുകളോടും ചവർപ്പു കളോടും പ്രതികരിക്കുന്നത്?

.............................................................

7. *ചെല്ലുന്നിടമൊക്കെ വീടു പണിയുക*

.............................................................

എലിസബത്തിന്റെ ഹൃദയത്തിൽ മേരി തിടുക്കത്തിലൊരു വീടു പണിതു. അപ്പോൾ ഗർഭസ്ഥ ശിശുപോലും തുള്ളിച്ചാടി. കാനാ യിലും ഒരു പരിപാലനഭവനം അതിശയകരമായൊരുക്കി. കാൽവരിയിൽ ക്രൂശിതനും ക്രൂശി തർക്കും ശരണഗൃഹമായി. ദുഃഖിച്ചു നിലംപറ്റിയ ശിഷ്യർക്ക് ഒരു Upper room ആയി മാറി. പതിയെ അവരുടെ അഭയഗൃഹങ്ങ ളായി മാറി-കവി കുറിക്കുന്നു,

"ഞാൻ വീടായത്
നീ കുടിയിരുന്നപ്പോഴാണ്

വെറും കല്ലും മരവുമായിരുന്ന
എന്നിൽ

നിന്റെ ചൂടും ചൂരുമാണ് ഉയിരേറ്റ
ത്...."

ഏവർക്കും വീടായി മാറിയ മറി യത്തെ ധ്യാനിക്കുമ്പോൾ ഞാൻ ആർക്ക് വീടായ് മാറുന്നു? ആരെ വീടാക്കി ഉയിരേറ്റുന്നു എന്നൊക്കെ ഞാൻ സ്വയം ചോദിക്കണം.

.............................................................

8. *ദൈവാനുഭവത്തിന്റെ Upper room ആയി മാറുക. പഴയ യെറുശലേമിന്റെ തെക്കുഭാഗത്തായിരുന്നു സെഹിയോൻ ഊട്ടുശാല. Huperoom (Upper room) എന്നറിയപ്പെടുന്ന ഈ മാളിക മുറി യേശുവിന്റെ കാലത്ത് പ്രധാനമായും ജെറുസലേം തീർത്ഥാടനത്തിനു വന്ന സ്ത്രീകളുടെ വാസ സ്ഥലമായിരുന്നു. യേശു ഈ സ്ഥലം അറിഞ്ഞതു മേരിയിലൂടെയാവണം.*

.............................................................

യേശുവിന്റെ ജീവിതത്തിലും അക്ഷ രാർത്ഥത്തിൽ Upper room ആണ് ഈ മുറി. ശിഷ്യന്മാരുടെ പാദം കഴുകലും, അപ്പം മുറിക്കൽ ശുശ്രൂ ഷയും നടന്നതിവിടെ. യൂദാസിന്റെ ഒറ്റിക്കൊടുക്കലിനെക്കുറിച്ചും പത്രോസിന്റെ തള്ളിപ്പറയലിനെക്കു റിച്ചും ആദ്യത്തെ വെളിപ്പെടുത്തലു കൾ ഗുരു നടത്തിയത് ഇവിടെ. തോമസിന്റെ സംശയനിവാരണം നടന്നതും ഇവിടെ. പിന്നീട് പേടിച്ചു നിലംപറ്റിയ ശിഷ്യരെ എടുത്തുയർത്തി മാതാവ് എത്തിച്ചി രുന്നത് ഈ മുറിയിലേക്കാണ്. ഈ upper room- ൽ അവർ ആത്മാവിൽ വീണ്ടും ജനിച്ചു രാജാക്കന്മാരുടെ പുസ്തകത്തിൽ (1 രാജാ. 17:19) ഏലിയാ ഒരു ശിശുവിനെ മരണ ത്തിൽ നിന്നും വീണ്ടും ജനിപ്പിക്കു ന്നത് മറ്റൊരു upper room- ൽ ആണ്. അന്ന് കരഞ്ഞുകൊണ്ടിരുന്ന അമ്മ യുടെ അടുത്തേക്ക് കുഞ്ഞുമായി ഇറങ്ങിവന്ന പ്രവാചകൻ പറഞ്ഞു: ഇതാ നിന്റെ മകൻ ജീവിച്ചിരി ക്കുന്നു എന്ന്. ഇതുപോലെ സഭ യുടെ upper room- ലെ ജനനനാളിൽ മേരി ലോകത്തോടു പറഞ്ഞു കാണും 'ഇതാ കർത്താവിൽ വീണ്ടും നിന്റെ മക്കൾ ജനിച്ചിരി ക്കുന്നു' എന്ന്. അങ്ങയുടെ വാക്ക് സത്യമായും കർത്താവിന്റെ വചന മാണെന്ന് ഇപ്പോൾ ഉറപ്പായി' എന്ന് ലോകം അന്നു പ്രത്യുത്തരമേ കിയും കാണണം.

ദൈവാനുഭവത്തിന്റെ upper room ആയി നാമിനി മാറണം. പാദം കഴു കൽ ശുശ്രൂഷയും (Diakanonio) കൂട്ടാ യ്മയും (Coinonia) അപ്പം മുറിക്ക ലും, കണ്ണുതുറക്കപ്പെടലും, ആത്മാ വാൽ സ്നാനപ്പെടലുമൊക്കെ ഇനി നമ്മുടെ ഉള്ളിലും നടക്കണം.

ജോൺ പോൾ രണ്ടാമൻ പാപ്പ മാതാവിനെ സഞ്ചരിക്കുന്ന സക്രാരി എന്നു വിളിച്ചത് എത്ര സുന്ദരമാണ്! പ്രൊട്ടസ്റ്റ് നവീകരണ ത്തിന്റെ തീപ്പൊരി മാർട്ടിൻ ലൂതർ മാതാവിനെക്കുറിച്ച് പറഞ്ഞത് സകല മഹത്വവും മഹനീയതയും ദൈവമാതാവ് എന്ന ഒരൊറ്റ പേരിൽ ഉൾക്കൊള്ളപ്പെടുന്നു എന്നാണ്.

നന്മനിറഞ്ഞ ഈ കന്യക ലോകത്തെ ഇന്ന് വചനത്താൽ നിറ ക്കുന്നു.

കൃപവഴികളിലേക്കു നയിക്കുന്നു.

മാതാവിനൊപ്പം നടക്കുന്നവർ

മെല്ലെ സ്വയംവെടിഞ്ഞ് യേശുവിൽ എത്തിച്ചേരുന്നു;

സ്വയം മാറി യേശുവായി മാറുന്നു.

മാതാവ് പ്രവർത്തിക്കുന്ന ഏറ്റവും വലിയ അത്ഭുതം അതാണ്!

# മലയാളത്തിന്റെ അദ്ധ്യാപകന് പ്രണാമം

ജോസഫ് മാനിഷാദ് മട്ടയ്ക്കൽ
കൊങ്ങോർപ്പിള്ളി



അക്ഷരം അറിവാണ്, അറിവ് വെളിച്ചമാണ്, ആ വെളിച്ചം തലമുറകളിലേക്ക് കൈമാറ്റം ചെയ്യാൻ പഠിപ്പിക്കുന്നവരാണ് അദ്ധ്യാപകർ. നല്ല കുടുംബം, നല്ല സമൂഹം, നല്ല രാജ്യം-ഇവയുടെ നിർമ്മിതിയിൽ അദ്ധ്യാപകരുടെ പങ്ക് വളരെ വലുതാണ്. മാതാപിതാക്കളോടൊപ്പം വണങ്ങപ്പെടേണ്ടവരായിട്ടാണ് ലോകം അദ്ധ്യാപകരെ വിവക്ഷിക്കുന്നത്. മാതാ പിതാ ഗുരു ദൈവം എന്ന് വിശേഷിപ്പിക്കുന്ന ഭാരതം അദ്ധ്യാപകരെ ആദരിക്കുന്ന ദിനമാണ് സെപ്തംബർ 5. ഭാരതത്തിന്റെ രണ്ടാമത് രാഷ്ട്രപതി ആദരണീയനായ സർവപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനം ആണന്ന്.

ഭാരതം ആഘോഷിക്കുന്ന ഈ അദ്ധ്യാപകദിനത്തിൽ വളരെ യാദൃച്ഛികമായി "പള്ളിക്കൊപ്പം പള്ളിക്കൂടം" സ്ഥാപിക്കാൻ കല്പനയിട്ട് വേണ്ട നിർദ്ദേശങ്ങൾ നല്കി നടപ്പിലാക്കിയ "ഭാരതത്തിന്റെ മഹാമിഷണറി" എന്നു പേരുകേട്ട ഒരു അദ്ധ്യാപകനെ നന്ദിയോടെ സ്മരിക്കുകയാണ് നാമിവിടെ. നമ്മുടെ അതിരൂപതയുടെ ആസ്ഥാനമായിരുന്ന വരാപ്പുഴയിൽ, സ്വന്തം നാടും വീടും ഉപേക്ഷിച്ച് വന്നെത്തിയ ആ യുവമിഷണറി മലയാളക്കരയിൽ അക്ഷരം മാത്രമല്ല, ആത്മീയസൗരഭ്യം ഇന്നും പടർത്തുന്ന ഒട്ടനവധി പുണ്യങ്ങളുടെ അഭ്യസനം കൂടി മലയാളികളെ പഠിപ്പിച്ച് 154 വർഷം മുമ്പ് ഈ മണ്ണിൽ ലയിച്ചു ചേർന്ന ദിനമാണന്ന്. 1868 സെപ്തംബർ 5, കേരള കത്തോലിക്കാസഭ എന്നും നന്ദിയോടെ അനുസ്മരിക്കേണ്ട പുണ്യദിനം.

1807 മാർച്ച് 15-ന് റോമിലെ പ്രശസ്തമായ ബച്ചിനെല്ലി കുടുംബത്തിൽ ജനിക്കുകയും ജോസഫ്

എന്ന ജ്ഞാനസ്നാനപ്പേരിൽ അവിടെ പള്ളികളോടൊപ്പമുള്ള "പള്ളിക്കൂടത്തിൽ" പ്രാഥമിക വിദ്യാഭ്യാസം നേടുകയും ചെയ്തു. യൗവനത്തിൽ കർമ്മലീത്താസഭയിലെ അംഗമായി മാറുകയും ബർണ്ണർഡിൻ ഓഫ് സെന്റ് തെരേസ എന്ന പേരിൽ സന്ന്യാസ വൈദികനായി അഭിഷിക്തനാവുകയും ചെയ്ത ഇദ്ദേഹം 1833-ൽ വരാപ്പുഴയിലെത്തി. വരാപ്പുഴ വികാരിയായിരിക്കെ കൂനമ്മാവിൽ വന്നപ്പോൾ, അവിടെ ഏതാനും കുട്ടികളെ അക്ഷരം പഠിപ്പിക്കുന്ന തണ്ണിക്കോട്ട് സാൽവദോർ എന്ന ആശാന് 16 'പുത്തൻ' ഏർപ്പാടാക്കിക്കൊണ്ട് 1836-ൽ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ വിദ്യാദാന ശുശ്രൂഷ.

1845-ൽ വരാപ്പുഴ വിഭജിച്ച്, പൊന്നാനിയിൽവച്ച് കടലിൽ ചേരുന്ന ഭാരതപ്പുഴ മുതൽ വടക്ക് സുവർണ്ണാനദിവരെ മംഗലാപുരം വികാരിയാത്തായും തോട്ടപ്പള്ളിയിൽവച്ച് കടലിൽ ചേരുന്ന റാണി നദി (ഇന്നത്തെ പമ്പനദി) മുതൽ കന്യാകുമാരി മുനമ്പ് വരെ തെക്ക് കൊല്ലം പ്രൊവികാരിയാത്തായും സ്ഥാപിച്ചു. ഫാ. ബർണ്ണർഡിൻ ബച്ചിനെല്ലിയോടൊപ്പം വരാപ്പുഴയിലെത്തിയ ഫാ. ബർണ്ണർഡിൻ പോന്തനോവ ഓഫ് സെന്റ് തെരേസയെ മംഗലാപുരത്തിന്റെ പ്രഥമ വികാരി അപ്പസ്തോലിക്കയായും ഫാ. ബർണ്ണർഡിൻ ബച്ചിനെല്ലിയെ കൊല്ലത്തിന്റെ പ്രഥമ പ്രൊവികാരി അപ്പസ്തോലിക്കയായും റോം നിയമിച്ചു. ഇന്നു കാണുന്ന കൊല്ലം രൂപതയ്ക്ക് രണ്ടു സഹമിഷണറിമാരോടൊപ്പം അടിത്തറയിട്ട അദ്ദേഹം 1847-ൽ അവിടെ ഏതാനും സ്കൂളുകൾ ആരംഭിക്കുകയും സാമ്പത്തികബുദ്ധിമുട്ടിനാൽ 1849-ൽ അവയിൽ രണ്ടെണ്ണം ഒഴികെ മറ്റെല്ലാം നിർത്തലാക്കുകയും ചെയ്തു.

1853-ൽ വരാപ്പുഴ വികാരിയാത്തിന്റെ പിൻതുടർച്ചാവകാശമുള്ള സഹായമെത്രാനായും അഡ്മിനിസ്ട്രേറ്ററായും തിരികെയെത്തി. താൻ വരാപ്പുഴയിൽ ആദ്യമായി എത്തിയപ്പോൾ 1833 അവസാനത്തിൽ മാന്നാനത്ത് പോയിക്കണ്ട സന്ന്യാസസമൂഹത്തിന് നിയതമായ രൂപവും സഭയുടെ കാനോ

*വരാപ്പുഴ വികാരിയായിരിക്കെ കൂനമ്മാവിൽ വന്നപ്പോൾ, അവിടെ ഏതാനും കുട്ടികളെ അക്ഷരം പഠിപ്പിക്കുന്ന തണ്ണിക്കോട്ട് സാൽവദോർ എന്ന ആശാന് 16 'പുത്തൻ' ഏർപ്പാടാക്കിക്കൊണ്ട് 1836-ൽ തുടങ്ങിയതാണ് അദ്ദേഹത്തിന്റെ വിദ്യാദാന ശുശ്രൂഷ.*

നിക അംഗീകാരവും 1855-ൽ വാങ്ങിക്കൊടുത്തു. 1856-ൽ എല്ലാ പള്ളികളോടും ചേർന്ന് പള്ളിക്കൂടം സ്ഥാപിക്കണമെന്ന് വാക്കാലും ഇടവകസന്ദർശനത്തിന് പോയ അവസരത്തിൽ മാന്നാനം കൊവേന്തയിലിരുന്ന് 1857 മാർച്ചിൽ രേഖയായും കല്പന നൽകി. ഇത് അനുസരിക്കാത്തവർക്ക് രണ്ട് മാസത്തെ അംശമുടക്കും അദ്ദേഹം കല്പിച്ചു. ഈ കല്പന വരാപ്പുഴ അതിരൂപത ആർക്കൈവ്സിൽ ലഭ്യമായിരിക്കെ, ഇന്ന് യാതൊരു തെളിവുകളും ഹാജരാക്കാനില്ലാതെ വിശുദ്ധ ചാവറ കുരിയാക്കോസച്ചൻ "വികാരി ജനറാളായിരിക്കെയെയാണ്" 1865-ൽ കല്പനയിട്ടു എന്ന് വ്യാജപ്രചരണം നടത്തി ലോകം മുഴുവൻ, ഐക്യരാഷ്ട്രസഭയിലും പ്രചരിപ്പിച്ചിരിക്കുന്നത്. സുറിയാനിക്കാരുടെ 160 പള്ളികളിലേക്ക് ചാവറ കുരിയാക്കോസച്ചൻ അയച്ചെന്ന് പറയുന്ന കല്പന ഇതുവരെ ഒരു പള്ളിയിൽനിന്നും കണ്ടെത്താനായിട്ടില്ല എന്നതുതന്നെ കല്പന അയച്ചു എന്ന് പറയുന്നത് ശുദ്ധകളവാണ് എന്ന് ബോധ്യമാകുകയാണ്.

1910-ന് മുമ്പ് സുറിയാനിക്കാർ പുറത്തിറക്കിയ ചരിത്രപുസ്തകങ്ങളിലും വിശുദ്ധ ചാവറകുരിയാക്കോസച്ചന്റെ തന്നെ നാളാഗമത്തിലും ശരിയായ സത്യം രേഖപ്പെടുത്തിവച്ചിട്ടുള്ളത് മറച്ചുപിടിച്ചുകൊണ്ട് അഭിവന്ദ്യ ബർണ്ണർഡിൻ ബച്ചിനെല്ലി പിതാവ് തുടങ്ങിയൊക്കെ വിശുദ്ധ ചാവറ കുരിയാക്കോസച്ചന്റെ പേരിലേക്ക് അഭിനവചരിത്രകാരന്മാർ ചാർത്തുമ്പോൾ ഓർക്കുക; സത്യം ലോകം തിരിച്ചറിയുമ്പോൾ ഒരു വിശുദ്ധൻ സമൂഹത്തിൽ അവമതിക്കപ്പെടുകയാണെന്ന്. രാഷ്ട്രനേതാക്കളെ






ക്കൊണ്ടും സാഹിത്യകാരന്മാരെക്കൊണ്ടും പ്രശസ്ത സിനിമാനടന്മാരെക്കൊണ്ടും പാഠപുസ്തകങ്ങൾ വഴിയും എത്ര നുണകൾ പ്രചരിപ്പിച്ചാലും വരാപ്പുഴ വികാരി അപ്പസ്തോലിക്കമാർ ചെയ്തിട്ടുള്ള നന്മകൾ ലോകത്തിനു മുന്നിൽ പ്രകാശം വിതറി വ്യക്തമായ രേഖകൾ സഹിതം നിലകൊള്ളുകയാണ്.

അനുമാനങ്ങളും ഊഹങ്ങളും വഴി മാന്നാനത്തെ സഭാസ്ഥാപനത്തിലെ പങ്കാളിത്തവും മാന്നാനത്തെയും കൂനമ്മാവിലെയും പ്രസ്സുകളും പള്ളിക്കൊരു പള്ളിക്കൂടം കല്പനയും പുത്തൻപള്ളി സെമിനാരിയുടെയും സുറിയാനി കൊവേന്തകളുടെയും പിടിയരി പ്രസ്ഥാനത്തിന്റെയും കൂനമ്മാവിലെ പ്രഥമ സന്ന്യാസിനി സഭയുടെയും കോൺവെന്റ് സ്കൂളിന്റെയും നാല്പതു മണിക്കൂർ ആരാധനയുടെയും വൈദികരുടെ വാർഷികധ്യാനത്തിന്റെയും ഇടവകധ്യാനങ്ങളുടെയും സംസ്ഥാപനത്തിന് തുടക്കം കുറിച്ചെന്നും പറഞ്ഞുനടന്നവരോട് തെളിവ് എവിടെ എന്ന ചോദ്യമുയർന്നപ്പോൾ അതിനൊക്കെ വഴിമരുന്നിട്ടെന്നും ഉപദേശിച്ചത് കുരിയാക്കോസച്ചനാണെന്നും മറുപടിയായി ഇപ്പോൾ ഉത്തരം വന്നുതുടങ്ങിയിരിക്കുന്നു.

16-ാം നൂറ്റാണ്ടിൽ യൂറോപ്പിലാരംഭിച്ച നാല്പതു മണിക്കൂർ ആരാധന ഇവിടെ കൂനമ്മാവിൽ ബച്ചിനെല്ലി പിതാവിന്റെ കല്പനയാൽ ലെയോപ്പോൾഡ് മിഷണറി ആരംഭിച്ചെന്ന് തന്റെ നാളാഗമനത്തിൽ കുരിയാക്കോസച്ചൻ കുറിച്ചിട്ടും 1662 മുതൽ വിശുദ്ധ ജീവിതം നയിച്ചുവന്ന മൂന്നു ലത്തീൻകാർക്ക് സ്ഥാപിക്കപ്പെട്ട പനമ്പുമഠത്തിൽ മൂന്നുമുറിയും മൂന്നു കട്ടിലും മാത്രമുള്ളൂവെന്നും 1864-ൽ കൂനമ്മാവിൽ താമസമാരംഭിച്ചിട്ടും ഇക്കാര്യം താനറിഞ്ഞത് 1865 അവസാനത്തിലാണെന്നും സന്ന്യാസിനി സഭ തുടങ്ങിയതിന്റെ തലേന്നാണ് തന്റെ പരിചയത്തിലുള്ള സുറിയാനിക്കാരിയെ കൂനമ്മാവിലെത്തിച്ചതെന്നും അതുകൊണ്ട് സഭാസ്ഥാപികയായ മദർ ഏലീശ്വായോടൊപ്പം മകളായ സിസ്റ്റർ അന്നയ്ക്ക് താമസിക്കേണ്ടി വന്നതും കുരിയാക്കോസച്ചന്റെ നാളാഗമത്തിൽ വ്യക്തമായി അദ്ദേഹം രേഖപ്പെടുത്തിയിട്ടും ഇതൊന്നും ഗൗനിക്കാതെ എല്ലാം കുരിയാക്കോസച്ചൻ തുടങ്ങിയെന്ന കള്ളം ഇനിയെങ്കിലും ഇക്കൂട്ടർ നിർത്തുക.
ഈ മലയാളത്തിൽ അല്പ നന്മയുണ്ടാകുവാൻ തക്കവണ്ണം അനേകം പുണ്യങ്ങളാരംഭിച്ചുവെന്ന് മലയാളത്തിലുള്ള തന്റെ നാളാഗമത്തിൽ വാല്യം 1, പേജ് 90-ൽ കുറിച്ചിട്ടും തങ്ങളുടെ സഭയെ പരിപാലിച്ച് വളർത്തി വലുതാക്കിയ പെരിയ ബഹുമാനപ്പെട്ട വല്യശ്രേഷ്ഠനായ ബച്ചിനെല്ലി പിതാവിനെയും മിഷണറിമാരായ മർസലിനോസ് (പിന്നീട് വരാപ്പുഴയുടെ പിന്തുടർച്ചാവകാശമുള്ള സഹായമെത്രാൻ) പ്രൊക്കുറേറ്റർ ഫാ. ലെയോപ്പോൾഡ് ബൊക്കാറോ, വികാരി ജനറൽ ഫാ. ഫിലിപ്പോസ് ഓഫ് സെന്റ് ജോസഫ് എന്നിവരെയും എന്നും നന്ദിപൂർവ്വം സ്മരിക്കണമെന്ന് സഭയുടെ പ്രഥമ പ്രിയോരായിരുന്ന വിശുദ്ധ കുരിയാക്കോസച്ചൻ ആവശ്യപ്പെട്ടിട്ടും അതനുസരിക്കാതെ ബച്ചിനെല്ലി പിതാവ് ചെയ്തതൊക്കെ വിശുദ്ധ കുരിയാക്കോസച്ചന്റെ പേരിലേക്ക് ചാർത്തി ബച്ചിനെല്ലി പിതാവിനെയും വരാപ്പുഴയെയും തമസ്കരിക്കുന്ന അസത്യപ്രചാരണം നിർത്തി സത്യംതന്നെയായ ക്രിസ്തുവിനെ പ്രഘോഷിക്കാൻ ഇക്കൂട്ടർക്ക് ഇടവരട്ടെ.

കേരളസഭ ഇന്നും തുടരുന്ന അനേകം നല്ല സംവിധാനങ്ങളെ സംസ്ഥാപിച്ച് നടപ്പിലാക്കിയ മലയാളത്തിന്റെ അദ്ധ്യാപകനെ, ഭാരതത്തിന്റെ മഹാമിഷണറിയെ നന്ദിയോടെ നമുക്കെങ്കിലുമോർക്കാം. എല്ലാ വർഷവും സെപ്തംബർ 5 അദ്ധ്യാപകരെ ആദരിച്ച്, ബച്ചിനെല്ലി ദിനമായി മുടങ്ങാതെ ആചരിക്കാനുള്ള ഒരു ശ്രമം അതിരൂപതയിലെ എല്ലാ ഇടവകയും ഒന്നടങ്കം നടത്തി ആ പുണ്യപുരുഷനെ ലോകത്തിനു മുന്നിൽ ഉയർത്താം. ജനിച്ച വീടും നാടും വിട്ട് 35 വർഷം നമുക്കായി, നമ്മുടെ അനേകം തലമുറക്കായി പ്രകാശം പരത്തിയ ആ ദീപനാളത്തെ കെടാതെ സൂക്ഷിക്കുവാൻ ഈ ഓർമ്മദിനം നമ്മെ പ്രാപ്തരാക്കട്ടെ.



# ഓണത്തിന് ഒരു പൂക്കളം

ഫാ. ജോനാഥ് കപ്പൂച്ചിൻ

*ഒരാൾ സ്നേഹിക്കുമ്പോൾ അയാൾക്കും അനന്തതയ്ക്കുമിടയിലെ അകലം ഇല്ലാതെയാകുന്നു. ഒരാൾ മരിക്കുമ്പോഴും അയാൾ അനശ്വരതയിലേക്ക് വീണ്ടെടുക്കപ്പെടുന്നു. സ്നേഹമരണങ്ങൾ തമ്മിൽ നിയതമായ ഏതോ സാമ്യമുണ്ട്. കാൽവരിയിലെ ക്രിസ്തുവിന്റെ മരണം അനശ്വരതയ്ക്കും അവനുമിടയിലുള്ള ദേവാലയതിരശ്ശീല നടുവേ കീറിപ്പോയ സ്നേഹമാണ്. മരണംപോലെയാണ് പ്രണയം. ചോദിക്കുന്നത് ജീവിതം മുഴുവനുമാണെന്ന് ഒരു കവി. 'സ്നേഹിക്കപ്പെട്ട ഒരാളുടെ മരണത്തിൽ മാത്രമേ മരണത്തെ മുഖാമുഖം കാണുവാൻ കഴിയൂ' എന്ന് ഓഷോയും എഴുതിയിട്ടുണ്ട്. എന്നാലതു വായിക്കുന്നതിനു മുമ്പുതന്നെ, സുവിശേഷങ്ങളിലെ അവസാന അദ്ധ്യായങ്ങളിലെ കൊല്ലപ്പെട്ടവനെ വായിക്കുമ്പോഴങ്ങനെ തോന്നിയിട്ടുണ്ട്. സ്നേഹത്തെക്കുറിച്ച് പറയപ്പെട്ടതിൽ വച്ചേറ്റവും നല്ല ക്രിസ്തുവചനം മരണത്തെക്കുറിച്ചു കൂടിയാണ്. 'സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ; അതെ, മരണപ്പെടുന്നതിനെക്കാൾ വലിയ സ്നേഹമില്ല!' സ്നേഹത്തിന് ചെന്നെത്താവുന്നിടത്തോളം ദൂരം പോകാൻ അതിനെ അനുവദിച്ചതുമൂലം ഒരസുരനു സംഭവിച്ച മരണത്തിന്റെ ഐതിഹ്യമാണല്ലോ ഓണം.*

ചിലരുടെ ഉള്ളിലുള്ളതും മറ്റു ചിലരുടെ ഉള്ളിലില്ലാത്തതുമാണ് സ്നേഹം എന്നു ഞാൻ ഇനി വിചാരിക്കില്ല. ഗത്സെമനിലെ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ ക്രിസ്തു യൂദാസിനെ അഭിവാദനം ചെയ്തത് 'സ്നേഹിതാ' എന്നാണ്. ഒരസുരനിൽപ്പോലും സ്നേഹത്തിന്റെ ശേഷിപ്പുകളുണ്ടെന്നു ഓർമ്മിപ്പിക്കുന്ന പ്രത്യാശയുടെ ഉത്സവമാണ് ഓണം. കല്പനകളുടെ എണ്ണംതെറ്റാത്ത പാലനങ്ങളിലൂടെ കരഗതമാകുന്ന ഒന്നാണ് സ്നേഹം എന്നും കരുതുന്നില്ല. ഫരിസേയരുടേയും ന്യായപ്രമാണികളുടേയും നിയമപാലക പുണ്യങ്ങളിലെ സ്നേഹരാഹിത്യം ക്രിസ്തു നിരീക്ഷിച്ചിട്ടുണ്ട്. മാവേലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്താൻ വേഷം കെട്ടിയവനും അതിനു നിയോഗിച്ചവരും ഏതു വിണ്ണിന്റെ ഉടയവരാണെങ്കിലും അങ്ങനെ തന്നെ. ഒരുവൻ അവനോടുതന്നെ ചെയ്യാവുന്ന ഏറ്റവും നിന്ദ്യമായ അപരാധം അവന്റെയുള്ളിലെ സ്നേഹത്തെ വളർത്താതിരിക്കുന്നതാണ്.

മഴക്കോളുള്ള ഒരു പ്രഭാതം. കണ്ണാന്തളി പൂക്കൾ നിറഞ്ഞ കുന്നിൻപുറത്തെ കൊച്ചുവീട്ടിൽ ഓണസദ്യ ഒരുക്കുകയാണ്. അവൾ പച്ചക്കറി മുറിക്കുകയാണ്. സഹായിക്കാൻ അവനും അടുത്തുകൂടി. വിവാഹശേഷമുള്ള അവരുടെ ആദ്യ ഓണാഘോഷമാണ്. ധൃതി കൂടിപ്പോയതുകൊണ്ട് അവളുടെ വിരലല്പം മുറിഞ്ഞു. അതു കണ്ടുനിന്ന അവൻ ആ കത്തികൊണ്ടുതന്നെ സ്വയം ഒരു മുറിവുണ്ടാക്കി. എന്തിനാണെന്നു ചോദിച്ചപ്പോൾ അവൻ ചിരിച്ചു: ''നിന്റെ കൂടെ മുറിവേൽക്കാനുമുണ്ടൊരു സുഖം.'' ഇരുവരും മുറിവുകളിൽ പതുക്കെ തഴുകുമ്പോൾ നശിച്ച ചാറ്റൽമഴ വന്നു. ഉടനെ മുറ്റത്തു വിരിച്ചിരുന്ന ഈറൻ വസ്ത്രങ്ങളെടുക്കാൻ അവൾ പുറത്തേയ്ക്കോടി. അയയിൽനിന്ന് വസ്ത്രമെടുത്ത് തിരിയുമ്പോൾ പിന്നിൽ മഴയിൽ നനഞ്ഞ് അവൻ. നിനക്കെന്തുപറ്റിയെന്നു പരിഭവപ്പെട്ടപ്പോൾ അവൻ വീണ്ടും ചിരിച്ചു: ''നിന്നോടുകൂടെ മഴ നനയാനും വേണം ഭാഗ്യം.'' അവന്റെ വാക്കുകൾ നിലയ്ക്കുമ്പോൾ മഴപോലും നിന്നുപോകുന്നു. ഇരുവർക്കുമിടയിൽ സ്നേഹത്തിന്റെ ഒരു മഴവില്ലു വിരിയുകയും ചെയ്യുന്നു.

*സ്നേഹത്തേക്കാൾ ഊഷ്മളമായ പ്രാർത്ഥനയില്ലെന്നറിയുക. അൾത്താരയ്ക്കു മുന്നിൽ മുട്ടുകുത്തി കേഴുന്നവനെക്കാൾ സ്നേഹത്തോടെ രണ്ടുപേർ കുശലം പറയുന്നതൊരു ദിവ്യപ്രാർത്ഥനയാണെന്ന് കരുതുന്നു.*

എന്നോടൊപ്പം മുറിവേല്ക്കുന്നതിലും മഴ നനയുന്നതിലും ആനന്ദം തോന്നുന്നവനെ എനിക്കു സ്നേഹിക്കാതിരിക്കാനാവില്ല... വെറുക്കാനായിട്ട് നൂറു കുറവെങ്കിലും അവനിലുണ്ടാകാം. എങ്കിലും ആ വെറും കുറവുകളുടെ പേരിൽ സ്നേഹിക്കാനുള്ള ഒരായിരം കാരണങ്ങൾ നാം കാണാതെ പോകുന്നതാണ് ദുഃഖകരം. സ്നേഹത്തേക്കാൾ ഊഷ്മളമായ പ്രാർത്ഥനയില്ലെന്നറിയുക. അൾത്താരയ്ക്കു മുന്നിൽ മുട്ടുകുത്തി കേഴുന്നവനെക്കാൾ സ്നേഹത്തോടെ രണ്ടുപേർ കുശലം പറയുന്നതൊരു ദിവ്യപ്രാർത്ഥനയാണെന്ന് കരുതുന്നു.

സ്നേഹത്തെ വേട്ടയാടുന്ന ഏക ജീവി മനുഷ്യനാണ്. സ്വാർത്ഥത കൊണ്ട് അവനതിനെ കശക്കിയെറിയുന്നു. അനേകായിരം മനുഷ്യരുടെ ശിരസ്സുകൾ അരിഞ്ഞുവീഴ്ത്തപ്പെട്ട ഫ്രഞ്ചുവിപ്ലവം. ഒരു ഗ്രാമീണൻ വിങ്ങിക്കരഞ്ഞുപോയത് സ്നേഹംകൊണ്ടായിരുന്നില്ല. തന്റെ തൊപ്പിക്കച്ചവടം തുലഞ്ഞുപോകുമെന്ന ആധികൊണ്ടായിരുന്നു. ക്യൂബൻ ഉൾക്കടലിലെ ഗ്രൂപ്പറായി ജനിക്കാൻ മോഹിച്ച കവി. കടലിനോടുള്ള ഉദാത്തപ്രണയം മൂലമല്ല അങ്ങനെ ആശിച്ചത്. ഗ്രൂപ്പർ കൗമാരകാലത്തു ആണും യൗവനത്തിൽ പെണ്ണുമാകുന്ന മത്സ്യമായതുകൊണ്ടാണ്. മനുഷ്യർ എത്രമാത്രം സുഖകാംക്ഷികളായിരിക്കുന്നു.

പകൽ സൂര്യനെപ്പോലെ ഉദിക്കേണ്ട സൗഹൃദങ്ങൾ. ഏത് ഇരുണ്ട രാവിനെയും തച്ചുതകർക്കുന്ന വെൺചന്ദ്രനെ കണക്കെ പ്രശോഭിക്കേണ്ട ബന്ധങ്ങൾ. മിക്കപ്പോഴും ഈ സ്നേഹ ഉടമ്പടികൾ അൾത്താരയിലെ എണ്ണവറ്റിയ ദീപംപോലെയായിരിക്കുന്നു. ആവഴിയെങ്ങാനും ഒരിളം കാറ്റ് കടന്നുവന്നാൽ മതി അത് അണഞ്ഞുപോകുന്നു. സ്നേഹം പരീക്ഷിക്കേണ്ടത് പരീക്ഷിക്കാതെയുള്ള സ്നേഹംകൊണ്ടാണ് (The true test of love is loving without testing) എന്നൊക്കെ പ്രഘോഷിക്കാനേ പറ്റൂ. സ്നേഹത്തിനുപോലും നാം കണക്കുപറയാൻ ശീലിച്ചിരിക്കുന്നു. ലാഭമില്ലാത്ത ഒരു സ്നേഹ ഉടമ്പടിയിലും നാം ചെന്നു ചാടുന്നില്ല. ഒത്തിരി കൂട്ടിയും കുറച്ചും വൃത്തിഹീനമായ കണക്കു പുസ്തകമായിരിക്കുന്നു ഹൃദയം. അതുകൊണ്ടാണ് ചില സ്നേഹബന്ധങ്ങൾ നമുക്ക് ഏറെ പ്രിയപ്പെട്ടതായിരുന്നുവെന്ന് ബോദ്ധ്യമാകുന്നത്, അത് നമ്മിൽനിന്നകലുമ്പോഴോ നമുക്ക് നഷ്ടപ്പെടുമ്പോഴോ ആണ്. സ്നേഹം അപൂർവ്വമായി കാണപ്പെടുന്ന പുണ്യമായിരിക്കുന്നു. വംശനാശം വന്നുകൊണ്ടിരിക്കുന്ന സുകൃതങ്ങളിൽപെട്ടത്.

നിറമിഴികളോടെ നാം എത്ര പ്രാർത്ഥിച്ചാലും ഇടറിപ്പോകും. എത്ര അനുതാപഗീതങ്ങൾ ഏറ്റുപാടിയാലും ഇനിയും തെറ്റുകൾ ആവർത്തിക്കും. ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാ

ണെന്ന് വേദഗ്രന്ഥം വെറും നേരം പോക്കിനു താക്കീതു തന്നതല്ല. എന്നിരുന്നാലും ഒന്നുറപ്പാണ്. ഈ ഇടർച്ചകൾക്കും പൈദാഹ ങ്ങൾക്കും ആത്മവഞ്ചനകൾക്കും അപ്പുറം നാം ചെന്നെത്തും. അവിടെ നമ്മളെ എതിരേൽക്കാൻ സ്നേഹം കാത്തുനിൽക്കും. നീണ്ട ഇടർച്ചകളുടെ അശാന്തി ദിനങ്ങൾക്കൊടുവിൽ പീറ്ററിനെ തിബേരിയോസ് കടൽത്തീരത്ത് 'ഒരാൾ' കാത്തുനിന്നപോലെ. സ്നേഹവുമായി രമ്യതയിലാകുന്ന ഹൃദയഹാരിയായ ബൈബിൾ സന്ദർഭമാണിത്. 'നീയെന്നെ സ്നേഹിക്കുന്നുവോ?' എന്ന് സ്നേഹംതന്നെ നമ്മോടൊരു കുസൃതി ചോദിക്കും. 'നീയറിയു ന്നുണ്ടല്ലോ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന' കണ്ണീർമൊഴിയൽ സമസ്ത അപ രാധങ്ങളും പരിഭവങ്ങളും കെട്ടു പോകും. അതെ, ഞാൻ ഇടറുന്നു ണ്ടാകും; പതറുന്നുണ്ടാകും; കഠി നഹൃദയനാകുന്നുണ്ടാകും. പക്ഷേ, ഇവയ്ക്കൊന്നിനും എന്റെ സ്നേഹത്തെ തകർക്കാനാവില്ല.

''ആരാണോ സ്നേഹത്തെക്കുറിച്ച റിയുന്നത് അവൻ സ്നേഹമാകു ന്നു. അവന്റെ കണ്ണുകൾ എല്ലാവരു ടേയും ഹൃദയങ്ങളിൽ സ്നേഹത്തെ നിരീക്ഷിക്കുന്നു. എന്തിന്? സ്നേഹമില്ലാത്തവരെ പ്പോലും അവൻ ശ്രദ്ധിക്കുന്നു. അത് സൂര്യരശ്മികൾ എല്ലാവ രെയും സ്പർശിക്കുന്നതുപോലെ യാണ്'' എന്ന എൽസാബാർക്ക രുടെ മൊഴികൾക്ക് പ്രവചന ഭംഗി യുണ്ട്. സ്നേഹത്തിനപ്പുറം ആർക്കാണ് നിലനിൽപുള്ളത്. ഒരു പുഞ്ചിരി, അനുതാപം, തലോടൽ, കൈത്താങ്ങ്, സൗഹൃദം... ഇവയി ലെല്ലാം സ്രോതസ്സായി പ്രത്യക്ഷ പ്പെടുന്നത് സ്നേഹമാണ്. ആരു ടെയോ കാലടികൾ പതിഞ്ഞ മണൽത്തീരത്തെ ജീർണ്ണിച്ച ചെറു കുഴി വെള്ളത്തിൽപ്പോലും നിലാവു തെളിയാറുണ്ട്. പിന്നെയാ ണോ, ദൈവത്തിന്റെ രൂപസാ ദൃശ്യം പതിഞ്ഞ നമുക്കുള്ളിൽ സ്നേഹം തെളിയില്ലെന്നു കരുതു ന്നത്?

ഒരുകാലത്ത് വായിക്കാനിഷ്ടപ്പെടാ തിരുന്ന വചനതാളുകൾ 'വിലാപ ങ്ങൾ' ആയിരുന്നു. അതിൽ നിറയെ വിരഹവും നൈരാശ്യവുമാ യിരിക്കുമെന്ന് കരുതി. എന്നാൽ. ആ ദുഃഖകാവ്യത്തിലും പ്രത്യാശ യുണ്ട്. ''ദൈവത്തിന്റെ സ്നേഹം എല്ലാ പ്രഭാതങ്ങളിലും പുതിയ താണ്'' എന്നോർമ്മിപ്പിക്കുന്ന ആശ്വാസകാവ്യമാണത്.

അത്തക്കളവും നാടൻപാട്ടും നിറസ ദ്യയുംകൊണ്ട് മുഖരിതമാകേണ്ട ഓണമുഹൂർത്തങ്ങളിൽ എന്തിനാ ണാവോ സ്നേഹത്തെക്കുറിച്ചെഴു തിപ്പോയത്?... സ്നേഹം ഒരസു രനെ മഹാബലിയാക്കി മാറ്റിയെന്ന സത്കഥയുടെ ഉത്സവമാണ് ഓണം. അതുകൊണ്ടുതന്നെ സഹിച്ച് സഹിച്ച് ജീവിതം ബലി യാക്കുക. സ്നേഹം മാത്രം അവ ശേഷിക്കുംവരെ. സഹിക്കുന്നവൻ നാമാവശേഷമാവുകയും സ്നേഹം മാത്രം നിലനിൽക്കുകയും ചെയ്യു മ്പോൾ നീയും ഒരു 'ബലി'യാകും– മഹാബലി.



# ഓണത്തിന്റെ ആത്മീയ ചിന്തകൾ

1. **ഓണം-നന്മയുടെ തിരനോട്ടം**

*നന്മയിലേക്കുള്ള തിരനോട്ടങ്ങളാണ് ഓരോ ഓണവും. കള്ളവും ചതിയും ഇല്ലാത്ത പൊളി വചനങ്ങൾ എള്ളോളമില്ലാത്ത ആ മാവേലി നാട്ടിലേക്ക്, മലയാളി മനസ്സുകൊണ്ട് നടത്തുന്ന ഒരു തീർത്ഥാടനമാണത്.*

നമ്മുടെ ഗൃഹാതുരത്വത്തെ ഇത്രമേൽ തൊട്ടുണർത്തുന്ന മറ്റൊരാഘോഷവും മലയാളിക്കില്ല എന്നതും വളരെ ശ്രദ്ധേയമാണ്!



മനുഷ്യൻ തീർത്ത മതിൽക്കെട്ടുകൾക്കെല്ലാം അപ്പുറത്ത് ഹൃദയ സമന്വയത്തിന്റെ ഒരു ആത്മീയത ഓണം നമുക്ക് മുന്നിൽ വയ്ക്കുന്നുണ്ട്.

ആത്മീയത എന്നത് വിശാലമായ അർത്ഥത്തിൽ ഒരു സമന്വയം തന്നെയാണ്. ഞാനെന്നും നീയെന്നുമുള്ള അകലങ്ങളും, അത് തീർക്കുന്ന അതിരുകളും ക്രമേണ ഇല്ലാതെയാകുന്നു എന്നതാണ് ആത്മീയതയുടെ സത്ത; അത് തിരിച്ചറിയുമ്പോൾ ഓണം ആ പൈതൃകത്തിന്റെ ഈറ്റില്ലം കൂടിയാകുന്നു. ദേശീയോത്സവം എന്നതിലുപരി മനുഷ്യനിലെ ആത്മീയസംസ്കൃതി കളെയാകെ കുറേക്കൂടി ആഴപ്പെടുത്തുന്നൊരു ജീവിതദർശനം അത് എന്നും മലയാളിക്ക് പ്രദാനം ചെയ്തിട്ടുണ്ട്.



### 2. ശ്രാവണവും ഓണവും

ചിങ്ങത്തെ കുറിക്കുന്ന സംസ്കൃതത്തിലെ ശ്രാവണം എന്ന പദത്തിൽ നിന്നാണ് ഓണം എന്ന വാക്ക് രൂപപ്പെടുന്നത്. ഓണം എന്ന വാക്കിന്റെ പരിണാമ വഴികളിൽ തന്നെ ഓണത്തിന്റെ പല ചരിത്ര സമസ്യകളും ഒളിഞ്ഞിരിക്കുന്നുണ്ട്, ശ്രാവണം എന്ന പുരാതന സംസ്കൃതപദം ബുദ്ധ ഭാഷയായ പാലിയിൽ ശ്രാവണമായതും പിന്നെ ആവണമായതും, മലയാളിക്ക് ഓണമായതുമെല്ലാം ഭാഷയുടേതെന്നപോലെ ചരിത്രത്തിൻെറയും വഴികളിലൂടെ ഏറെ ഒഴുകിയതിന് ശേഷമാണ്.

### 3. മാവേലിത്തമ്പുരാന്റെ വരവ്

അസുരരാജാവായ മഹാബലിയുടെയും വാമനന്റെയും പുരാണ പ്രസിദ്ധമായ കഥയുമായി ബന്ധപ്പെട്ട ഓണത്തിന്റെ ഐതിഹ്യപ്പെരുമ വളരെ വിശേഷപ്പെട്ട ഒരു മിത്തുകൂടിയാണ്..

കേരളത്തിൽ അങ്ങോളമിങ്ങോളം ആ പുരാവൃത്തത്തിന്റെ വെളിച്ചം ഒളിഞ്ഞും തെളിഞ്ഞും കാണപ്പെടുന്ന ഒട്ടേറെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഇടങ്ങളും ഇന്നും നമുക്ക് ചുറ്റും സജീവമായിത്തന്നെ നിലനിൽക്കുന്നുണ്ട്.

### 4. ഉർവ്വരതയുടെ ഉത്സവം

ഉർവ്വരതയുമായി പുലർത്തുന്ന അഭേദ്യമായ ബന്ധമാണ് ഓണത്തിന്റെ മറ്റൊരു സവിശേഷത. മാവേലിത്തമ്പുരാന്റെ വരവ്തന്നെ അപ്രകാരമാണ് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. നാടിന്റെ സമൃദ്ധിയിലേക്ക് അദ്ദേഹം വിരുന്നെത്തുന്നത് ഭൂമിയുടെ ആഴങ്ങളിൽ നിന്നാണ്. ഭൂമിയുടെ മടിത്തട്ടിലാണ് സമൃദ്ധിയുടെ സ്വർഗ്ഗം എന്ന പ്രകൃത്യാവബോധം നമ്മുടെ പൂർവികർക്ക് എന്നും കൈമുതലായിരുന്നുവെന്ന് ഈ പുരാവൃത്തം സാക്ഷ്യപ്പെടുത്തുന്നു. എല്ലാ നന്മകളെയും ഉൾവഹിക്കുന്ന ഒരു ഉർവ്വരതാ സങ്കല്പം പ്രാചീനകാലം മുതൽക്കുള്ള ദക്ഷിണേന്ത്യൻ സാഹിത്യകൃതികളിലടക്കം പ്രതിഫലിച്ച് കാണാം.

### 5. നന്മയുടെ നിദർശനം

മനസ്സിന്റെ നന്മകളുടെ വിളവെടുപ്പ് ഉത്സവം എന്ന നിലയിൽ പഞ്ഞക്കർക്കട കത്തിന്റെ ദുഃഖങ്ങൾ പെരുമഴ പെയ്ത് മാഞ്ഞുപോയശേഷം വിരുന്നെത്തുന്ന പ്രതീക്ഷകളുടെ പുതുനാമ്പുകൾ പോലെ പൊന്നിൻ ചിങ്ങമാസത്തിൽ അത്തം മുതൽ തിരുവോണംവരെ മലയാളിയുടെ തിരുമുറ്റങ്ങളിൽ വർണ്ണപ്പൊലിമയാർന്ന് വിടർന്ന് വിലസുന്ന പൂക്കങ്ങൾ ഹൃദ്യമായ കാഴ്ചയുടെ ഒരു നിദർശനമാണ്. ഈ വിധം പൂക്കളങ്ങൾ ഒരുക്കുന്ന സമ്പ്രദായത്തിന്റെ വേരുകൾ നൂറ്റാണ്ടുകൾക്ക് മുൻപേ ഇവിടെ നിലനിന്ന ബുദ്ധമതവുമായി ബന്ധപ്പെട്ടതാണെന്നും പറയപ്പെടുന്നു.

### 6. പങ്കുവയ്ക്കലിന്റെ ഉത്സവം

രുചിയുടെ വൈവിധ്യങ്ങളിൽ ഒരുങ്ങുന്ന വിരുന്നാണ് മറ്റൊരു ഓണവിശേഷം. തിരുവോണ സദ്യയുടെ രുചിമേളങ്ങളി ലൂടെയാണ് മലയാളി ഓണത്തെ വരവേൽക്കുന്നത്. നമുക്ക് ഏറെ പരിചിതമായ ഒരു പഴമൊഴിതന്നെ ഇതുമായി ബന്ധപ്പെട്ട് കിടക്കുന്നു. 'കാണം വിറ്റും ഓണം ഉണ്ണ ണം' കരുതിവച്ചതിൽനിന്ന് അല്പം എടുത്തായാലും ഓണമുണ്ണണം എന്നത്. അത്ര വിശേഷമായി പരിഗണിക്കപ്പെട്ടുപോന്ന ഒരു ആചാരം കൂടിയായിരുന്നു ഇത് എന്ന് മനസ്സിലാക്കുമ്പോൾ എല്ലാ കൂട്ടിവയ്പുകളും ഒരു

പരിധിക്കപ്പുറം അർത്ഥശൂന്യമാണ് എന്ന ദർശനികമായ തത്ത്വവും ഈ ആചാരത്തിലൂടെ മലയാളിമനസ്സുകൾ ഉൾക്കൊണ്ടിരിക്കാം.

.................................................................

**7. സ്നേഹത്തോടുള്ള നല്കലും നന്ദിയുടെ കൈക്കൊള്ളലും**

.................................................................

ചിങ്ങമാസത്തിൽ, മലയാളിയുടെ പുതുവർഷത്തിൽ, സന്തോഷപൂർവ്വം നൽകപ്പെടുന്ന വസ്ത്രമായതുകൊണ്ടാവാം ഓണക്കോടി നമ്മുടെയെല്ലാം ഉള്ളിലെ വസ്ത്രസങ്കല്പങ്ങളെ ഇത്രയേറെ സ്വാധീനിച്ചത്. സ്നേഹപൂർവ്വം നല്കപ്പെടുന്നതെല്ലാം, അത് അന്നമായാലും വസ്ത്രമായാലും, അത് മനുഷ്യന്റെ ജീവിതത്തിൽ എത്ര അനിവാര്യമാണ് എന്ന് ചിന്തിക്കുമ്പോൾ ഓണക്കോടിയുടെയും തിരുവോണസദ്യയുടെയുമെല്ലാം പ്രസക്തി നമുക്കിന്ന് ബോധ്യമാകും.. എന്തു നൽകുമ്പോഴും സ്നേഹത്തോടെ നൽകുവാനും, സ്വീകരിക്കുന്നതെന്തും തികഞ്ഞ നന്ദിയോടെ, ആദരവോടെ കൈക്കൊള്ളുവാനും അത് നമുക്ക് മുൻപേ ജീവിച്ച് മറഞ്ഞ പലതലമുറകളെയും പ്രാപ്തരാക്കിയിരുന്നു എന്നും ഓർക്കുക..

.................................................................

**8. കുട്ടികളുടെ ഉത്സവം**

.................................................................

ഇന്ന് ഏറെക്കുറെ വിസ്മൃതമായ ഒന്നാണ് 'പിള്ളേരോണം'. ഇങ്ങനെയൊരു വ്യത്യസ്തമായ ഓണം കേരളത്തിൽ പണ്ട് ആചരിച്ചുപോന്നിരുന്നു. കുഞ്ഞുങ്ങളുടെ ഓണമാണ് പിള്ളേരോണം, പൊന്നിൻ ചിങ്ങത്തിലെ ഓണാഘോഷത്തിന് മുന്നൊരുക്കമായി കർക്കടകത്തിലെ തിരുവോണം നക്ഷത്രത്തിൽ പിള്ളേരോണം ആചരിക്കപ്പെട്ടുപോന്നു. അന്നേ ദിവസം തറവാടുകളിലെ മുതിർന്ന വരും കാരണവന്മാർപോലും അവരുടെ ഗൗരവം വിട്ട് കുഞ്ഞുങ്ങളുടേതായ ഒരു ദിനത്തിന് കുട്ടിക്കളി കളോടെയും പാട്ടുകളോടെയും കുഞ്ഞുങ്ങൾക്കൊപ്പം കൂട്ടുചേരും എന്നാണ് കേട്ടുകേൾവി. കുഞ്ഞു ങ്ങളേപ്പോലെ നിലകൊള്ളുകളയും അവരുടെ നിഷ്കളങ്കമായ ലോകങ്ങളിലേക്ക് മടങ്ങുകയും ചെയ്യുന്ന വേളകളിലാണ് എല്ലാ സന്തോഷവും ആഘോഷങ്ങളും അവയുടെ വർണ്ണപ്പീലിവിടർത്തുന്നതെന്നുള്ള ദർശനമഹിമായാകാം പിള്ളേരോണത്തിന്റെ ആചരണത്തിന് പിന്നിലെ കുഞ്ഞുരഹസ്യം!

.................................................................

**9. സൗഹൃദത്തിന്റെ ജലോത്സവവും വഞ്ചിപ്പാട്ടും**

.................................................................

കേരളീയമായ ആഘോഷങ്ങളിൽ കാലത്തിന്റെ കുത്തൊഴുക്കിലും വിസ്മൃതമാകാതെ തുടർന്നുപോരുന്ന ഒരാഘോഷമാണ് വള്ളംകളി. ആറന്മുള ഉതൃട്ടാതി വള്ളംകളിക്ക് മനുഷ്യനും ഈശ്വരനും തമ്മിലുള്ള വലിയൊരു സൗഹൃദത്തിന്റെ കഥകൂടി പറയാനുണ്ട്.

പുരാതനമായ ബ്രാഹ്മണ ഗൃഹത്തിലെ ഒരു കാരണവർ ആറന്മുളയിലെ ഇഷ്ടദേവന് തിരുവോണനാളിൽ ഊട്ടിയ സദ്യയുടെ ഐതിഹ്യപ്പെരുമ യിലാണ് തിരുവോണത്തോണിയും വള്ള സദ്യയും മീനച്ചിലാറിന്റെ ഓളങ്ങളിൽ പിറവികൊണ്ടത്. അതാണ് പിന്നീട് ഉത്സവലഹരികളോടെ പ്രസിദ്ധമായ ആറന്മുള ഉതൃട്ടാതി വള്ളംകളിയായി പമ്പയുടെ ഓളങ്ങളിൽ മത്സരവേഗങ്ങൾ തീർത്തത്.

കേരളത്തിലെ ജലോത്സവങ്ങളിലങ്ങോളം അലയടിക്കുന്ന വഞ്ചിപ്പാട്ട് എന്ന സാഹിത്യവും, രാമപുരത്തു വാര്യരുടെ പ്രശസ്തമായ കുചേലവൃത്തം വഞ്ചിപ്പാട്ടും അങ്ങനെയൊരു അനുഗ്രഹ ത്തിന്റെയും, ഉച്ചനീചത്വങ്ങൾ ക്കപ്പുറം നില്ക്കുന്ന സൗഹൃദത്തിന്റെയുമെല്ലാം വീണ്ടെടുപ്പു കൂടിയാണ്.

.................................................................

**10. അതിരിടാത്ത മനസ്സുകളുടെ ദർശനം**

.................................................................

ഇങ്ങനെ ആത്മീയത, വിശ്വാസം, ഭക്ഷണം, വസ്ത്രം, കല, വിനോദം തുടങ്ങിയ മലയാളിയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും സൂക്ഷ്മമായി സ്പർശിച്ചുകൊണ്ട് ഒഴുകുന്ന ഒരു ജീവൽ പ്രവാഹത്തിന്റെ ഉറവകൂടിയാണ് മലയാളിമനസ്സുകൾക്ക് തിരുവോണം. കൈകൊട്ടിക്കളിപ്പാട്ടുകളുടെ ഈരടികളും താളവും ചുവടുമെല്ലാം ഗ്രാമനന്മകൾക്കും കണ്ണാന്തളിപ്പൂക്കൾക്കും ഓണത്തുമ്പികൾക്കു മൊപ്പം ഇന്നലെകളിലെ വിസ്മൃതിയിലേക്ക് നിമിഷവേഗങ്ങളിൽ മാഞ്ഞുകൊണ്ടിരിക്കുന്ന ഈ കാ ലത്ത് ഓർമ്മയിലൂടെയെങ്കിലും അവയെ വീണ്ടെടുക്കേണ്ടത്, മലയാളി എന്ന നിലയിൽ നമ്മുടെയെല്ലാം സ്വത്വബോധത്തോടുള്ള വലിയൊരു പ്രതിബദ്ധതകൂടിയാണ്... അങ്ങനെ ഒരു വീണ്ടെടുപ്പിലൂടെ നമുക്ക് തിരികെ കിട്ടുക, ഗ്രാമനന്മകളുടെ മതിലുകളാൽ അതിരിടാത്ത ദർശനവും കുറേകൂടി തുറന്ന മനസ്സിന്റെ ഉൾവെളിച്ചങ്ങളുമായിരിക്കും.. നന്ദി

*ഏവർക്കും പ്രാർത്ഥനയോടെ ഓണാശംസകൾ നേരുന്നു!*

# ഓണപ്പൂക്കൾ



*ലോകത്തിലെ ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും മനോഹരങ്ങളാണ് പൂക്കൾ. ബഹുവർണത്തിലുള്ള പൂക്കളെയും പൂമ്പാറ്റകളെയും ഇഷ്ടമില്ലാത്തവരായി ആരുമുണ്ടാകില്ല. നമ്മുടെ കാർഷിക സംസ്കൃതിയിലും ആഘോഷങ്ങളിലും ആചാരങ്ങളിലും എല്ലാം പൂക്കൾ ധാരാളം ഉപയോഗിക്കപ്പെടുന്നു. ജനനത്തിലും മരണത്തിലും വിവാഹത്തിലും പൂക്കൾക്ക് വലിയപങ്കുണ്ട്. വസന്തോത്സവങ്ങളാണ് ആഘോഷങ്ങളായി നാം കൊണ്ടാടാറ്.*

പണ്ടുകാലത്ത്
ചിങ്ങം പിറന്നാൽ
പൂക്കളുടെ
തിരയിളക്കമായിരുന്നു
എല്ലായിടത്തും കാട്ടിലും
മേട്ടിലും വള്ളിപ്പടർപ്പിലും
പുഴയോരത്തും നിറയെ
പൂക്കളായിരുന്നു.
പൂവേപൊലി
പാടിക്കൊണ്ട്
കുട്ടികൾ നാടുനീളെ
പൂക്കൾ
പറിക്കാനിറങ്ങുമായിരുന്നു.

ലോകത്തിന്റെ പല ഭാഗത്തും പൂക്കളുടെ ഉത്സവങ്ങൾ ധാരാളമുണ്ടെങ്കിലും അതിൽ നിന്നെല്ലാം വേറിട്ട് നിൽക്കുന്ന, തുടർച്ചയായി പത്തുദിവസങ്ങൾ പൂക്കളം തീർത്ത് ആഘോഷിക്കുന്ന നമ്മുടെ പൊന്നോണത്തിന്റെയത്ര വരില്ലയൊന്നും. മാവേലിയെ വരവേൽക്കാൻ നാടുമുഴുവൻ പൂക്കൂടയുമായിഅലഞ്ഞ് ഒട്ടേറെ നാടൻ പൂവുകൾ തമ്മിൽ മത്സരിച്ച് കുട്ടികൾ നുള്ളിയെടുത്തിരുന്ന കാലം ഓർമ്മയിലായി. അത്തം മുതൽ ഓരോദിവസവും പൂക്കളത്തിന്റെ എണ്ണം വർധിപ്പിച്ച് തിരുവോണമാകുമ്പോഴേക്കും പത്ത് പൂക്കളങ്ങൾ തീർക്കുന്നതായിരുന്നു പണ്ടത്തെ രീതി. എന്നാലിന്ന് കരണാടകയിൽ നിന്നും തോവാളയിൽനിന്നും രാസവളമിട്ട് കീടനാശിനി തളിച്ച് വരുന്ന പൂക്കൾ കാശുകൊടുത്ത് വാങ്ങി പൂക്കളം തീർക്കുകയാണ് നാം.

പണ്ടുകാലത്ത് ചിങ്ങം പിറന്നാൽ പൂക്കളുടെ തിരയിളക്കമായിരുന്നു എല്ലായിടത്തും കാട്ടിലും മേട്ടിലും വള്ളിപ്പടർപ്പിലും പുഴയോരത്തും നിറയെ പൂക്കളായിരുന്നു. പൂവേപൊലി പാടിക്കൊണ്ട് കുട്ടികൾ നാടുനീളെ പൂക്കൾ പറിക്കാനിറങ്ങുമായിരുന്നു. അവർക്കിടയിൽ പുലർച്ചേയെഴുന്നേറ്റ് പൂക്കൾ കക്കാൻ പോകുന്നവരും ഉണ്ടായിരുന്നു. അത്തരം ഓർമ്മകളെപ്പോലെത്തന്നെ നാടൻ ഓണ പ്പൂക്കളും വിസ്മൃതിയിലായിരിക്കുന്നു. ചില നാടൻ പൂക്കളെ നമുക്ക് പരിചയപ്പെടാം.





## തുമ്പ

മാവേലിത്തമ്പുരാൻ കനിഞ്ഞനുഗ്രഹിച്ച തുമ്പപ്പൂവില്ലാതെ ഓണത്തിന് പൂക്കളം നിർമിക്കരുതെന്നാണ് ചൊല്ല്. ഒരിതൾ തുമ്പപ്പൂവെങ്കിലും ഇല്ലാതെ പൂവിടുന്നത് ദോഷമായി മുൻകാലങ്ങളിൽ കണക്കാക്കിയിരുന്നു. ലാമിയേസി കുടുംബത്തിൽപ്പെടുന്ന ല്യൂക്കസ് ആസ്പെര എന്ന ശാസ്ത്ര നാമത്തിലുള്ള സസ്യമാണ് തുമ്പച്ചെടി. കരിന്തുമ്പ, പെരുംതുമ്പ എന്നിങ്ങനെ രണ്ടുതരത്തിൽ കാണ പ്പെടുന്നു. ചിലചെടികൾ 50 സെ.മീ. വരെ പൊക്കം വെക്കും.

വെള്ളനിറത്തിലാണ് പൂക്കൾ, പൂവിൽ സുഗന്ധദ്രവ്യവും ആൽക്കലോയ്ഡും ഇലകളിൽ ഗ്ലൂക്കോസൈഡും ഉണ്ട്. ആയുർവേദത്തിൽ വാതം, കഫം, പിത്തം ജ്വരം എന്നിങ്ങനെ രോഗങ്ങൾക്കുള്ള ഒട്ടേറെ ഔഷധങ്ങളുടെ നിർമിതിയിൽ തുമ്പ ഉപയോഗിക്കപ്പെടുന്നു.

## മുക്കുറ്റി

കേരം തിങ്ങും കേരളനാട്ടിൽ തെങ്ങിന്റെ ഒരു മിനിയേച്ചർ രൂപമാണ് മുക്കുറ്റി. വളരെ കുഞ്ഞു തെങ്ങ് ഓലവിരിച്ചു നിൽക്കുന്നതുപോലെ ഭൂമിക്ക് സമാന്തരമായാണ് അതിന്റെയും ഇലച്ചാർത്ത്. കൈകൾ കൊണ്ട് നുള്ളിയെടുക്കാൻ പാടുള്ള തരത്തിൽ കുഞ്ഞായിരിക്കും ഇതിന്റെ മഞ്ഞനിറത്തിലുള്ള പൂവ്. കുഞ്ഞു കോളാമ്പിപ്പൂവിന്റെ ആകൃതിയായിരിക്കും ഇതിന്. ആയുർവേദത്തിൽ മുറിവ് കൂടാൻ മുക്കുറ്റി മരുന്നായി അരച്ചുപുരട്ടുന്നു. നാളുകളിൽ മൂലത്തിന്റെ ഭാഗ്യവർണ മായതിനാൽ മൂലം നാളിലാണ് മുക്കുറ്റി പൂക്കളത്തിൽ ഒരുക്കേണ്ടത്.



## ചെമ്പരത്തി

ചെമ്പരത്തി നമ്മുടെ നാട്ടിൽ പല വർണ്ണങ്ങളിൽ കണ്ടുവരുന്നു. ഇതും ഒരു നാടൻ ഓണപ്പൂവാണ്. മാൽവേസി കുടുംബത്തിലെ ഈ സസ്യത്തന്റെ ശാസ്ത്രനാമം ഹിബിസ്കസ് റോസാ സയനൻസിസ് എന്നാണ്. വെള്ള, മഞ്ഞ, ഓറഞ്ച്, നീല ചുവപ്പ് ഇനങ്ങൾ കണ്ടുവരുന്നുണ്ട്. പുരാണത്തിലെ രാവണൻ രചിച്ചതെന്നു കരുതപ്പെടുന്ന അർക്കപ്രകാശം എന്ന ഗ്രന്ഥത്തിൽ ചെമ്പരത്തിയുടെ ഔഷധഗുണങ്ങൾ വിവരിക്കുന്നു. ചോതി നാൾ മുതലാണ് ചുവപ്പു ചെമ്പരത്തി പൂക്കളങ്ങളിൽ സഥാനം പിടിക്കുക.

## കാക്കപ്പൂ

മാംസഭോജികളായ സസ്യങ്ങളിൽ ചെറുതാണിത്. ലെന്റിബുലേറിയേസീ കുടുംബത്തിലെ ഈ ചെടിയുടെ ശാസ്ത്രീയനാമം യുട്രിക്കുലേറിയ റെട്രക്കുലേറ്റ എന്നാണ്. യുനെസ് കോയുടെ വംശനാശം വന്നു കൊണ്ടിരിക്കുന്ന സസ്യങ്ങൾ അടങ്ങുന്ന ചുവപ്പു പട്ടികയിൽപ്പെടുന്ന വയലുകളിൽ കാണപ്പെടുന്ന ചെടിയുടെ പൂവിന്



അത്യാകർഷകമായ വയലറ്റ് നിറമാണ്. കണ്ണൂരിലെ മാടായിപ്പാറയിൽ ഇത് ധാരാളം കണ്ടുവരുന്നു. വയലുകളിലും ജലസാന്നിധ്യമുള്ള കുന്നുകളിലും കണ്ടുവരുന്നു. വയലി ലുള്ളതിന് കടുത്ത നിറമായിരിക്കും. തന്റെ അടുത്തുവരുന്ന സൂക്ഷ്മജീവികളെ ആകർഷിച്ച് തന്റെ പോടിനുള്ളിൽ വീഴ്ത്തി ആഹാരമാക്കുന്നു. കൂടാതെ വേരുകൾ ഉപയോഗിച്ച് പോക്ഷണം വലിച്ചെടു ക്കുന്നു. പൂരാടം നാളിൽ കാക്കപ്പൂ പൂക്കളത്തിൽ ഉണ്ടായിരിക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു പണ്ട്. കാക്ക പൂരാടത്തിന് കാക്കയോളം പൊക്കത്തിൽ കാക്കപ്പൂവിടണമെന്നാണ് പറയാറ്.

## ശംഖു പുഷ്പം

ശംഖുപുഷ്പവും ഒരു നാടൻ ഓണപ്പൂവാണ്. ആകൃതിയിൽ ശംഖിന്റെ രൂപം വരുന്നതു കൊണ്ടാണ് അങ്ങനെ വിളിക്കുന്നത്. വെള്ള, വയലറ്റ് നിറങ്ങളിലാണ് ഇത് കണ്ടുവരുന്നത്. ഒരു നാടൻ വള്ളി സസ്യമാണിത്. വെള്ളനിറമുള്ളത് വിശാഖം നാളിലും വയലറ്റ് നിറമുള്ളത് പൂരാടത്തിനും പൂക്കളങ്ങളിൽ അലങ്കരിക്കാം. ഫാബേസീ കുടംബക്കാരിയായ സസ്യത്തിന്റെ ശാസ്ത്രീയനാമം



ക്ലിറ്റോറിയ ടെർണേറ്റിയ എന്നാണ്. നമ്മുടെ വേലിപ്പടർപ്പുകളിൽ പടർന്നുവളരുന്ന സസ്യമാണിത്. ബുദ്ധിശക്തിയും ഓർമശക്തിയും വർധിപ്പിക്കാനും ഉറക്കമുണ്ടാക്കാനും മറ്റുപലതിനും ശംഖുപുഷ്പ ത്തിന്റെ വേരും പൂവും മൊത്തമായും ആയുർവേദത്തിൽ ഉപയോഗിക്കുന്നു.

ഓടപ്പൂ, ഈച്ചപ്പൂ, കണ്ണാന്തളി, കനകാംബരം, നെല്ലുത്തരിപ്പൂ, കുറിഞ്ഞി, തെച്ചി, മന്ദാരം, അശോകം കൊങ്ങിണി, പാരിജാതം പവിഴമല്ലി, കടമ്പ്, പിച്ചകം, കുങ്കുമം.... അങ്ങനെ ഓണപ്പൂക്കളുടെ നിര നീണ്ടുകിടക്കുന്നു ഒരു കടലോളം. അവയിൽപ്പലതും നമ്മുടെ നാട്ടുപറമ്പുകളിൽ ഇപ്പോഴും കാണുന്നവയാണ് അവയെ നമ്മുക്ക് നമ്മുടെ ഓണപ്പൂക്കളങ്ങളിലേക്ക് ആനയിക്കാം....

# ഓണക്കളികൾ



**ആട്ടക്കളം കുത്തൽ**

പഴയകാലത്തെ പ്രധാന ഓണക്കളികളിലൊന്നാണിത്. ഒരു ചെറിയ യുദ്ധത്തിന്റെ പ്രതീതി ജനിപ്പിക്കുന്നതാണിത്. മുറ്റത്ത് കോലുകൊണ്ട് അഞ്ചെട്ടടി വ്യാസത്തിൽ ഒരു വൃത്തം വരക്കുന്നു. കുട്ടികളെല്ലാം അതിനുള്ളിൽ നിൽക്കും. വൃത്തത്തിനു പുറത്തും ഒന്നോ രണ്ടോ ആളുകളും മദ്ധ്യസ്ഥനായി ഒരു നായകനും ഉണ്ടാവും. പുറത്തു നിൽക്കുന്നവർ അകത്ത് നിൽക്കുന്നവരെ പിടിച്ച് വലിച്ച് പുറത്ത് കൊണ്ടുവരികയാണ് കളി. എന്നാൽ വൃത്തത്തിന്റെ വരയിൽ തൊടുകയോ ആളെ തൊടുകയോ ചെയ്താൽ അകത്ത് നിന്നയാൾക്ക് പുറത്തു നിന്നയാളെ അടിക്കാം. അങ്ങോട്ട് തല്ലാൻ പാടില്ലതാനും. ഒരാളേ പുറത്ത് കടത്തിയാൽ പിന്നെ അയാളും മറ്റുള്ളവരെ പുറത്ത് കടത്താൻ കൂടണം. എല്ലാവരേയും പുറത്താക്കിയാൽ കളി കഴിഞ്ഞു. ഇതിനു വേറേയും നിയമങ്ങൾ ഉണ്ട്.

**കൈകൊട്ടിക്കളി**

തിരുവാതിരക്കളി ചെറിയ വ്യത്യാസത്തോടേ കൈകൊട്ടിക്കളി എന്ന് അറിയപ്പെടുന്നു. സ്ത്രീകളുടെ ഓണവിനോദങ്ങളിൽ പ്രഥമസ്ഥാനമാണ് കൈകൊട്ടിക്കളിക്കുള്ളത്. പൊതുവെ എല്ലാ ജില്ലകളിലും കണ്ടുവരുന്ന ഒന്നാണിത്. വീടുകളുടെ അകത്തളങ്ങളുടെ സ്വകാര്യതകളിൽ നടത്തി പ്പോന്നിരുന്ന ഇത് പിൽകാലത്ത് മുറ്റത്തെ പൂക്കളത്തിനു വലംവച്ചുകൊണ്ടും നടത്തിവരുന്നു. ഒരാൾ പാടുകയും മറ്റുള്ളവർ ഏറ്റുപാടുകയും ഒപ്പം വട്ടത്തിൽ നിന്ന് ചുവടുവച്ച് കൈകൊട്ടിക്കളി ക്കുകയുമാണ് പതിവ് വൃത്തത്തിൽ നിന്നുള്ള ഈ കളി ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെയാണ് സൂചിപ്പിക്കുന്നതെന്നു കരുതുന്നവരുണ്ട്. എന്നാൽ വൃത്താകൃതി ശ്രീബുദ്ധന്റെ

ധർമ്മചക്രത്തെയാണ് സൂചിപ്പിക്കുന്നതെന്ന് ചില ചരിത്രകാരന്മാർ പറയുന്നു. കൂട്ടായ്മയുടെയും സാർവലൌകികത്തിന്റെയും ഈ നൃത്തത്തിൽ കേരളത്തിലെ പ്രാചീന ഗോത്രനൃത്തങ്ങളുടെ സ്വാധീനം പ്രകടമായുണ്ട്. ചിലയിടങ്ങളിൽ ഇത് വട്ടക്കളി എന്നും അറിയപ്പെടുന്നു.

................................................................

പുലിക്കളി

**തൃശൂരിലെ പുലിക്കളി**

................................................................
.

അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് തൃശൂരിന്റെ പുലിക്കളി. കൊല്ലവും തിരുവനന്തപുരവു മാണ് പുലിക്കളിയുടെ മറ്റ് രണ്ട് സ്ഥലങ്ങൾ. തലമുറകളായി തുടർന്നുപോരുന്ന ഇതിന് പൂരത്തി നും ഏറെത്താഴയല്ലാത്ത സ്ഥാനമുണ്ട്. നാലാമോണം വൈകിട്ടാണ് പുലികളി. വേഷം കെട്ടൽ തലേ ന്ന് രാത്രിതന്നെ തുടങ്ങാറുണ്ട്. ശരീരമാകെ വടിച്ച് മഞ്ഞയും കറപ്പും ചായം പൂശി വാഹനങ്ങളിൽ കൃത്രിമമായി നിർമ്മിച്ച വനത്തിൽ നിന്ന് ചാടിയിറങ്ങുന്ന നൂറുകണക്കിന് പുലികൾ നടുവി ലാർ ഗണപതിക്ക് മുമ്പിൽ നാളികേരമുടച്ചാണ് കളി തുടങ്ങുന്നത്.

മെയ്വഴക്കവും കായികശേഷിയും പുലികളിക്കാർക്കുണ്ടായിരിക്കേണ്ട നിർബന്ധ സവിശേ ഷതകളാണ്. വന്യതാളവും താളത്തിനും വഴങ്ങാത്ത ചുവടുകളും കോമാളി വേഷങ്ങളും ആക്ഷേപ ഹാസ്യ ദൃശ്യങ്ങളുമെല്ലാം പുലിക്കളിയുടെ പ്രത്യേകതകളാണ്. പുലിക്കു പകരം കടുവാ വേഷങ്ങളും കണ്ടുവരുന്നു.
ഇരയായ ആടിനെ വേട്ടയാടുന്ന കടുവയും കടുവയെ വേട്ടയാടുന്ന വേട്ടക്കാരനും (സായ്പ്) ഇതിലെ പ്രധാന വേഷങ്ങളാണ് .ഉടുക്കും തകിലും അകമ്പടി വാദ്യങ്ങളായി ഉപയോഗിക്കുന്നു.

തൃശ്ശൂരിലെ പുലിക്കളികൾക്ക് മറ്റ് സ്ഥലങ്ങളിൽ കാണുന്നതിൽ നിന്ന് വ്യത്യസ്തത ഉണ്ട്. ഇവിടെ പുലികളുടെ മേൽ ഉപയോഗിക്കുന്ന ചായം ഇനാമൽ പെയിന്റ് ആണ്. ഇവ മണ്ണെണ്ണ യിൽ നന്നായി കൂട്ടിച്ചേർത്താണ് ഉപയോഗിക്കുന്നത്. കാലത്തിന്റെ മാറ്റം പുലികളിലെ വേഷങ്ങളിലും മാറിയിട്ടുണ്ട്. ചിലർ ശരീരത്തിൽ ചിത്രങ്ങൾ വരക്കാറുണ്ട്. വിവിധ നിറത്തിലാണ് പുലികൾ. പച്ച, മഞ്ഞ്, കറുപ്പ്, വെള്ള, ചുവപ്പ്, നീല, പിങ്ക്, വയലറ്റ് എന്നു വേണ്ട മിക്ക നിറത്തിലും കാണാം. കുടവയറുള്ള പുലിക്കളിക്കാരെയാണ് ഇവിടെ മിക്കവാറും പ്രധാനിയായി കണക്കാക്കുന്നത്. ഇവർ അരമണി ധരിക്കാറുണ്ട്. ഇത് കുലുക്കിയാണ് മിക്കവാറും നൃത്തം ചെയ്യാറ്. പരിപാടി കഴിഞ്ഞാൽ ചായം കഴുകി കളയുന്നത് മണ്ണെണ്ണയുടെ സഹായത്തോടെയാണ്.

................................................................

**ഓണക്കുമ്മാട്ടി (കുമ്മാട്ടിക്കളി)**

................................................................

തൃശൂർ,പാലക്കാട്, വയനാട് തുടങ്ങിയ ജില്ലകളിൽ പ്രചാരത്തിലുള്ള ഒരു നാടൻ കലാരൂപമാണ് കുമ്മാട്ടി. തൃശൂർ പട്ടണത്തിൽ നെല്ലങ്കര, കിഴക്കുമ്പാട്ടുകര ദേശക്കാർ ഓണത്തോടനുബന്ധിച്ച് ആഘോഷിക്കുന്നു. നെല്ലങ്കരയിൽ തിരുവോണത്തിനാണ് കുമ്മാട്ടി ആഘോഷം.

................................................................

**ആറന്മുള വള്ളംകളി**

................................................................

ചിങ്ങമാസത്തിലെ ഉത്രട്ടാതി നാളിലാണ്ആറൻമുള വള്ളംകളി നടക്കുന്നത്. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന ആഘോഷ ങ്ങൾക്ക് തുടക്കമിടുന്നത് ചുണ്ടൻവള്ളങ്ങളുടെ മത്സരമാണ്. മുപ്പതടിയോളം നീളമുള്ള ചുണ്ടൻവള്ളങ്ങളിൽ നാല്അമരക്കാരും നൂറോളം തുഴക്കാരും ഇരുപത്തഞ്ചോളം പാട്ടുകാരും ഉണ്ടാകും. ആറന്മുളയിൽ മാത്രമല്ല, പായിപ്പാട്, കരുവാറ്റ എന്നിവിടങ്ങളിലും വള്ളംകളി നടക്കാറുണ്ട്.

................................................................

**തലപ്പന്തു കളി**

................................................................

ഓണക്കാലത്ത് കുട്ടികളും യുവാക്കളും പങ്കെടുക്കുന്ന മറ്റൊരു വിനോദമാണ് തലപ്പന്തുകളി. മൈതാനത്തും വീട്ടുമുറ്റത്തും കളിക്കാവുന്ന ഈ വിനോദത്തിൽ ക്രിക്കറ്റ് കളിപോലെ ആകയുള്ളവർ രണ്ട് സംഘങ്ങളായി പിരിഞ്ഞ് ഒരു കൂട്ടർ കളിക്കുകയും മറ്റേ കൂട്ടർ കാക്കുകയും ചെയ്യുന്നു. ഏക ദേശം 150 സെ.മീ. നീളമുള്ള ഒരു കമ്പ് നാട്ടി ആ കമ്പിൽ നിന്ന് കുറച്ചകലത്തിൽ നിന്നുകൊണ്ട് ഓലകൊണ്ടുണ്ടാക്കിയ പന്ത് ഒരു കൈകൊണ്ട് മുകളിലേക്കെറിഞ്ഞ് മറ്റേ കൈകൊണ്ട് പന്ത് പുറകോട്ട് തട്ടിതെറിപ്പിച്ച് കളി തുടരുന്നു. പൊങ്ങി വരുന്ന പന്ത് നിലം തൊടുന്നതിനു മുമ്പായി കാക്കുന്നവർ കൈപ്പിടിയിൽ ഒതുക്കിയാലും പന്ത് വീണിടത്ത് നിന്നെറിഞ്ഞ് നാട്ടിയിരിക്കുന്ന കോൽ തട്ടിത്തെറി പ്പിക്കാനും കഴിഞ്ഞാൽ പന്ത് തട്ടിയ ആൾ കളിക്ക് പുറത്താകും. തലപന്ത്, ഒറ്റ, പെട്ട, പിടിച്ചാൽ, താളം, കാലിങ്കീഴ്, ഇണ്ടൻ, ചക്കരക്കൈ എന്നിങ്ങനെ വ്യത്യസ്തങ്ങളായ എട്ടിനങ്ങൾ ഈ വിനോദത്തിലുണ്ട്.

................................................................

**വടംവലി**

................................................................

പേര് അന്വർത്ഥമാക്കുന്ന പോലെ കട്ടിയുള്ള ഒരു കയർ അല്ലെങ്കിൽ വടം, മത്സരാർത്ഥികൾ രണ്ടു ഭാഗത്തുനിന്നും വലിച്ച് ഒരു ബലപരീക്ഷണം നടത്തലാണ്. ഓണക്കാലം വരുന്നതിന് മുന്നേതന്നെ കേരളത്തിലെ പല നാട്ടിൽപുറങ്ങളിലും വടംവലി പരിശീലനം ക്ലബ് അടിസ്ഥാനത്തിലും കൂട്ടായ്മകളുടെ കൂടെയും എല്ലാം കാണാം.

# ഓണസദ്യ



ഓണത്തിന്റെ പ്രധാനാകർഷണം ഓണസദ്യയാണ്. 'ഉണ്ടറിയണം ഓണം' എന്നാണ് വയ്പ്. ഓണത്തിന് വീട്ടിലുള്ളവർക്കും വിരുന്നുകാർക്കും അവകാശക്കാർക്കും വളർത്തുമൃഗങ്ങൾക്കും എല്ലാം ഓണസദ്യ നൽകണം. പശുക്കളെ കുളിപ്പിച്ച് ചന്ദനവും സിന്ദൂരവും തൊടീച്ച് ഒരുക്കിയാണ് ഭക്ഷണം കൊടുക്കുന്നത്. അവരുടെ ഭക്ഷണത്തിനു പുറമേ ഓണസദ്യയുടെ പങ്ക് വായിൽ വച്ച് കൊടുക്കും.

ഉപ്പേരി, പഴം, പപ്പടം, പായസം തുടങ്ങി 12 ലധികം (26-ലധികം) വിഭവങ്ങൾ ചേരുന്നതാണ് ഓണസദ്യ. ചോറ് (കുത്തരിച്ചോർ), ഓലൻ, രസം, ഇഞ്ചിപ്പുളി, പച്ചടി, സാമ്പാർ, അവിയൽ, പരിപ്പുകറി, എരിശ്ശേരി, കാളൻ, കിച്ചടി, തോരൻ, പായസം എന്നിവ പ്രധാനമാണ്.

ആണ്ടിലൊരിക്കൽ പപ്പടവും ഉപ്പേരിയും കൂട്ടാനുള്ള അവസരമായിരുന്നു പണ്ടൊക്കെ സാധാരണക്കാരന് ഓണം. കാളൻ, ഓലൻ, എരിശ്ശേരി എന്നിവയാണ് ഓണസദ്യയിൽ പ്രധാന വിഭവങ്ങൾ. അവിയലും സാമ്പാറും പിന്നീട് വന്നതാണ്. നാലുകൂട്ടം ഉപ്പിലിട്ടതാണ് കണക്ക് - കടുമാങ്ങ, നാരങ്ങ, ഇഞ്ചിപ്പുളി, ഇഞ്ചിത്തൈര്. പപ്പടം ഇടത്തരം ആയിരിക്കും. 10 പലക്കാരൻ, 12 പലക്കാരൻ എന്നിങ്ങനെ പപ്പടക്കണക്ക്. ഉപ്പേരി നാലുവിധം - ചേന, പയർ, വഴുതനങ്ങ, പാവക്ക, ശർക്കരപുരട്ടിക്ക് പുറമേ പഴനുറുക്കും പഴവും പാലടയും പ്രഥമനും.

വിളമ്പുന്നതിനും പ്രത്യേകതയുണ്ട്. നാക്കില തന്നെ വേണം ഓണസദ്യക്ക്. നാക്കിടത്തുവശം വരുന്ന രീതിയിൽ ഇല വയ്ക്കണം. ഇടതുമുകളിൽ ഉപ്പേരി, വലതുതാഴെ ശർക്കര ഉപ്പേരി, ഇടത്ത്പപ്പടം, വലത്ത് കാളൻ, ഓലൻ, എരിശ്ശേരി, നടുക്ക് ചോറ്, നിരന്ന് ഉപ്പിലിട്ടത്. മദ്ധ്യതിരുവതാംകൂറിൽ ആദ്യം പരിപ്പുകറിയാണ് വിളമ്പാറ്. സാമ്പാറും പ്രഥമനും കാളനും പുറമേ പച്ചമോര് നിർബന്ധം. ഇവിടെ ഓണത്തിന് മരച്ചീനിയും വറക്കാറുണ്ട്. എള്ളുണ്ടയും അരിയുണ്ടയുമാണ് മറ്റ് വിഭവങ്ങൾ. സാമ്പാർ സാധാരണയായി ചോറിനു നടുവിലാണ് ഒഴിയ്ക്കുന്നത്. ആദ്യം നെയ്യും പരിപ്പും കൂട്ടി വേണം, കഴിയ്ക്കാൻ. ഇതിനൊപ്പം പപ്പടവും കൂട്ടാം. പിന്നീട് സാമ്പാർ കൂട്ടി കഴിയ്ക്കാം. പിന്നീട് പുളിശേരി. ചിലയിടത്ത് പുളിശേരി കൂട്ടി മൂന്നാമതുണ്ടാകില്ല. പിന്നീട് പായസം, ഇതിനു ശേഷം പായസത്തിന്റെ മധുരം കളയാൻ മോര്, രസം എന്നിവ ചേർത്ത് ഊണ് എന്നതാണ് പതിവ്. പിന്നീട് അവസാനം പഴം കഴിയ്ക്കാം. ഊണു കഴിഞ്ഞ് ഇല മടക്കുന്നതിനും രീതിയുണ്ട്. സദ്യ ഇഷ്ടപ്പെട്ടാൽ മുകളിൽ നിന്നും താഴേയ്ക്കായി ഇല മടക്കുന്നു.

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി



മദ്യത്തിനെതിരേ നിരന്തര പോരാട്ടത്തിലാണ് കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിലുള്ള മദ്യവിരുദ്ധ കമ്മീഷൻ. മദ്യത്തിനെതിരേയുള്ള പ്രവർത്തനം ഏറ്റവും വലിയ സാമൂഹ്യമാറ്റത്തിനുവേണ്ടിയുള്ള, സഭയുടെ പ്രതിജ്ഞാബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കായുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു ശുശ്രൂഷയാണിത്. സമൂഹത്തെയൊന്നാകെ നാശത്തിലേക്കു നയിക്കുന്ന മദ്യമെന്ന പാപവിപത്തിനെതിരായ പോരാട്ടം അതികഠിനം തന്നെയായിരിക്കും.

മദ്യക്കടലിലും ലഹരിയുടെ താഴ്‌വാരങ്ങളിലും വസിക്കുന്ന കേരളസമൂഹത്തിന്റെ കണ്ണുനീരിന്റെയും തേങ്ങലിന്റെയും ഉത്തരമാണ് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി. ലഹരിയുടെ നീരാളിപ്പിടിത്തത്തിൽനിന്നു സമൂഹത്തെ സംരക്ഷിക്കാനും മോചിപ്പിക്കാനും നമുക്കാകണം. മദ്യമായും മയക്കുമരുന്നായും പാൻമസാലകളായും പുകവലിയായും ഇതിന്റെ വിവിധ ഭാവങ്ങൾ ആബാലവൃദ്ധം ജനങ്ങളെയും ബാധിച്ചിരിക്കുന്നു. ആശ നശിച്ചതുകൊണ്ട് സാധാരണ ജനങ്ങൾ സ്വീകരിക്കുന്ന നിസ്സംഗതയും ഈ രംഗത്തു പ്രവർത്തിക്കുന്ന പ്രസ്ഥാനങ്ങൾക്ക് സംഭവിച്ച അപചയവും ലഹരിവസ്തുക്കളുടെ വർധിച്ച ലഭ്യതയും അനുദിനം വർദ്ധിച്ചുവരുന്ന ലഹരി ഉപഭോഗവും കാരണം പ്രതിയോഗികളില്ലാത്ത രാക്ഷസനായി ലഹരി മാറിയിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളുടെ നടുവിൽ മദ്യവിമുക്ത സഭയും സമൂഹവും എന്ന ലക്ഷ്യം സാർത്ഥകമാക്കുന്നതിനുവേണ്ടി, 1998 ഡിസംബർ 4-ന് രൂപപ്പെട്ട പ്രസ്ഥാനമാണ് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി.

ത്രിതല പ്രവർത്തന ശൈലിയാണ് സമിതി സ്വീകരിച്ചിരിക്കുന്നത്. ഡിമാന്റ് റിഡക്ഷൻ; സപ്ലൈ റിഡക്ഷൻ, റിസ്ക് റിഡക്ഷൻ, ബോധവൽകരണ പരിപാടികളിലൂടെ ലഹരിക്കെതിരേയുള്ള അവബോധം സൃഷ്ടിക്കലാണ് ഡിമാന്റ് റിഡക്ഷൻ. മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാൻ സർക്കാർ തലത്തിലും പദ്ധതി രൂപീകരണത്തിനായ് വകുപ്പ് തലത്തിലും നടത്തുന്ന സമരസമ്മർദ്ദ പ്രതിഷേധ പരിപാടികളാണ് സപ്ലൈ റിഡക്ഷൻ. ലഹരിക്കടിമപ്പെട്ടവരെ ചികിത്സിച്ച് പുനരധിവസിപ്പിക്കുകയാണ് റിസ്ക് റിഡക്ഷൻ. ഇടവക, ഫൊറോന, രൂപത, റീജിയൻ, സംസ്ഥാന തലങ്ങളിൽ കേരളത്തിലെ 30 കത്തോലിക്കാ രൂപതകളിലും ഇന്ന് സമിതി സജീവമായി പ്രവർത്തിക്കുന്നു.

## പ്രത്യാശയുടെ ശുശ്രൂഷ

ക്രിസ്തുവിന്റെ വിമോചനദൗത്യവും സമൂഹത്തിന്റെ ഭദ്രമായ ഭാവിയും പ്രവർത്തനവീഥിയിൽ വഴിവിളക്കുകളായി വിശ്വാസവർഷത്തിൽ നവസുവിശേഷം ലോകത്തിനു പകർന്നു നല്കാൻ വിളിക്കപ്പെട്ടിട്ടുള്ളവരാണ് നാം. വിശ്വാസതീക്ഷ്ണതയും പ്രവാചകധീരതയും മുഖമുദ്രയാക്കി അവർ അരയും തലയും മുറുക്കി സജ്ജരാകുമ്പോൾ, മാറേണ്ടതും മാറ്റേണ്ടതും ഏറെയാണ്. നന്മയുടെ നല്ല നാളുകൾ സ്വപ്നം കാണുന്ന, മദ്യപാനത്താൽ തകർന്നുപോയ അടിസ്ഥാന ജനവിഭാഗങ്ങളുടെ ആവശ്യങ്ങളിൽ കൈയും മെയ്യും മറന്ന് ഉറച്ച മനസാന്നിധ്യത്തോടെ അടരാടുന്ന പ്രവർത്തകർ കാലത്തിന്റെ അനിവാര്യതയാണ്. നന്മയുടെ ഒരു ലോകമെന്ന ഒറ്റലക്ഷ്യം മുൻനിർത്തി തീർത്ഥാടകയായ സഭയോടൊപ്പം നമുക്കും പ്രവർത്തിക്കാനാകണം. അങ്ങനെ നമ്മുടെ പ്രവർത്തനം സമൂഹത്തിനു നന്മയായി പരിണമിക്കുന്നു. ബോധപൂർവകമായ ഒരു തിരുത്തലിനും തിരുത്തിയെഴുതലിനും നാം തിരിതെളിക്കണം. പണവും അധികാരവുമുൾപ്പെടെ സർവസന്നാഹങ്ങളുമാണ് മദ്യലോ

ബിക്കുള്ളത്. അതുകൊണ്ടുതന്നെ ഈ പോരാട്ടത്തിൽ നേടുന്ന ഓരോ ചെറിയ വിജയവും വരുംതലമുറയ്ക്കു നിർണ്ണായകമാണ്. സഭയുടെ വിമോചനദൗത്യം ക്രിസ്തുവിന്റെ വിമോചനദൗത്യത്തിന്റെ തുടർച്ചയാണ്. അതിനാൽ സഭാമക്കൾക്ക് ഈ വിമോചന ദൗത്യം കാര്യക്ഷമമായി നിർവഹിക്കണമെങ്കിൽ ക്രിസ്തീയജീവിതത്തിന്റെ ആഴങ്ങളെക്കുറിച്ചും പരമമായ ലക്ഷ്യത്തെക്കുറിച്ചും ഉറച്ച ബോധ്യമുണ്ടാകണം. ക്രൈസ്തവികത എന്നാൽ ഒരു സങ്കൽപമോ അർത്ഥശൂന്യമായ വചനങ്ങളോ ഉൾക്കൊള്ളുന്ന ഒന്നല്ല, മറിച്ച് അത് ക്രിസ്തു തന്നെയാണ്. അല്ലെങ്കിൽ ക്രിസ്തുവിനെ കണ്ടുമുട്ടുക എന്നതാണ്. ആകയാൽ സഭയുടെ മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ജീവൻ സമൃദ്ധമായി നല്കാൻവന്ന ക്രിസ്തുവിനെ കണ്ടുമുട്ടാൻ സഹായിക്കുന്ന വലിയ പ്രവർത്തനമാണ്. ലഹരിപദാർത്ഥങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം നിമിത്തം മദ്യവിരുദ്ധപ്രവർത്തനം സഭയുടെ വളരെ പ്രധാനപ്പെട്ട ഒരു ശുശ്രൂഷാമേഖലയായി ഇന്ന് മാറേണ്ടിയിരിക്കുന്നു.

ദൈവത്തിന് എല്ലാം സാധ്യമാണ്. വിശ്വാസികളുടെ പ്രതീക്ഷകൾ പൂക്കുന്നത് ഈ കാഴ്ചപ്പാടിലാണ്. കേരള കത്തോലിക്കാസഭ അതിന്റെ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന്റെ പിൻബലം ഇവിടെയാണ്. വിവിധ ജനവിഭാഗങ്ങൾക്ക് പ്രതീക്ഷയായും സാമൂഹിക മാറ്റത്തിന്റെ രാസത്വരകമായും ദരിദ്ര-ദുർബല വിഭാഗങ്ങളുടെ കൈത്താങ്ങായും പക്ഷംചേരുന്ന സഭ ആസൂത്രണ വൈഭവത്തോടെ ഈ രംഗത്തും പ്രതിജ്ഞാബദ്ധമാവുകയാണ്. ലഹരിക്കെതിരേ കേരളത്തിന്റെ പൊതുജിഹ്വയാകാൻ പലതരത്തിലുള്ള നയസമീപനങ്ങളെ സ്വാധീനിച്ച് മാർഗദർശനങ്ങൾ നല്കാനും ബോധന പ്രതികരണ ശാക്തീകരണ പ്രവർത്തനങ്ങളിൽ പ്രവർത്തകരാകാനും ശ്രമിച്ചുകൊണ്ട് മദ്യവിമുക്തസഭയും സമൂഹവും രൂപപ്പെടുത്തുക എന്നതാണ് നമ്മുടെ ദൗത്യം.

# തലമുറകൾക്ക് ജാഗ്രതയോടെ



കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചറിയാൻ സഭയെ ആഹ്വാനം ചെയ്ത രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 50-ാം വാർഷികമാണിത്. ഇനിയും കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാനും പ്രതികരിക്കാനും പൂർണമായും നമുക്കു സാധിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കാതെയുള്ള പ്രവർത്തനങ്ങൾ നമ്മുടെ ദൗത്യത്തിൽനിന്നുള്ള വ്യതിയാനവും പിൻതിരിയലുമാണ്. ലഹരിയുടെ ഭീകരത സമൂഹത്തെ കൊന്നൊടുക്കാൻ തയ്യാറെടുക്കുമ്പോൾ അതു കണ്ടില്ലെന്നു നടിക്കാൻ നമുക്കാവില്ല. എന്തുവില കൊടുത്തും തലമുറകളെ ലഹരിക്കയത്തിൽനിന്നു കരകയറ്റാൻ മടിച്ചുകൂടാ. മരണകരമായ ഈ വിപത്തു എന്തു ത്യാഗം സഹിച്ചും പ്രതിരോധിക്കാൻ നാം സന്നദ്ധരാവണം. കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കാൻ പരാജയപ്പെടുന്ന പ്രവാചകൻ അപകടകരമായ സാന്നിധ്യമാണ്. മനുഷ്യനെ വലിയ നാശത്തിലേക്ക് തള്ളിവിടുന്ന ലഹരിക്കെതിരേ ഒരു പടപ്പുറപ്പാടിന്റെ സമയമാണിത്; സഭയുടെ എല്ലാ സംവിധാനങ്ങളും പ്രവർത്തനങ്ങളും അതിനായി ഉപയോഗിച്ചാൽ കൂട്ടായപ്രവർത്തനത്തിലൂടെ ഈ സമൂഹത്തെയും വളരുന്ന തലമുറയെയും ഒരു പരിധിവരെ നമുക്ക് രക്ഷിച്ചെടുക്കാനാകും. അതിവേഗം നാശത്തിലേക്ക് പാഞ്ഞടുക്കുന്നവരെ പിന്തിരിപ്പിക്കുകയെന്നത് ഏറ്റവും വലിയ പരോപകാരമാണ്. സഹോദരന്റെ അന്തകനാകാതെ, കാവല്ക്കാരനാകാനുള്ള വിളിയുടെ തുടർച്ചയാണിത്. ഈ സാമൂഹികതിന്മ അവഗണിച്ചുകൊണ്ടു മുന്നോട്ടുപോകാൻ സഭയ്ക്കാവില്ല.

**കടമ മറക്കുന്നവർ**

ഉത്തരവാദിത്തമില്ലായ്മയും നിസ്സംഗതയും കച്ചവടതാല്പര്യങ്ങളും, ലഹരിക്കനുകൂലമായ സാഹചര്യം കേരളസമൂഹത്തിൽ സംജാതമായിരിക്കുന്നു. ജനക്ഷേമമല്ല, ജനദ്രോഹനയങ്ങളാണ് ലഹരിയുടെ രംഗത്ത് സർക്കാരുകൾ സ്വീകരിച്ചിരിക്കുന്നത്. പവിത്രമായ ഇന്ത്യൻ ഭരണഘടനയിൽ വിശ്വസിക്കുന്നവർക്ക് മദ്യവർധനയ്ക്ക് അനുകൂലമായി ചിന്തിക്കാൻ കഴിയുകയില്ല. കാരണം, രാഷ്ട്രത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നതും എല്ലാറ്റിനെയും നിയന്ത്രിക്കുന്നതുമായ ഭരണഘടന ഇതു വിലക്കിയിരിക്കുന്നു. ആർട്ടിക്കിൾ 47-പ്രകാരം ഔഷധാവശ്യങ്ങൾക്കല്ലാതെ മദ്യം ഉണ്ടാക്കുകയോ കൈവശം വയ്ക്കുകയോ വിതരണം ചെയ്യുകയോ പാടില്ല. കാരണം, ഇത് ആരോഗ്യത്തിനു ഹാനികരമായ വസ്തുവാണ്. മദ്യത്തിലെ മുഖ്യാംശം ഈതൈൽ ആൽക്കഹോളാണ്. മനുഷ്യനെ കൊല്ലാൻ പറ്റുന്ന വിഷമാണിത്. ഉപയോഗിക്കുന്നവൻ മരിക്കും. മദ്യപിച്ചു മരിക്കുന്നവരുടെ ശരാശരി വയസ്സ് 30 ആയി താണിരിക്കുന്നു. ഒരു ജനതയുടെ ആരോഗ്യഹാനിയിൽ നേരിട്ടു പങ്കുവഹിക്കുന്ന മദ്യമെന്ന വിഷത്തിന്റെ ഉത്പാദനവും വിതരണവും ജനക്ഷേമമാഗ്രഹിക്കുന്ന സർക്കാർ പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. ഇങ്ങനെ ചെയ്യുന്ന സർക്കാർ ഭരണഘടനാലംഘനം നടത്തുന്നു. കടമയും ഉത്തരവാദിത്തവും മറക്കുന്നു.

മദ്യത്തിന്റെ വില്പ്പനക്കാരനായോ ഇടനിലക്കാരനായോ ഒരു ജനാധിപത്യസർക്കാർ മാറുന്നത് അനുചിതമാണ്. ഇന്ത്യയ്ക്കു വെളിയിൽ ഒരിടത്തും സർക്കാരുകൾ നേരിട്ട് മദ്യവ്യാപാരം നടത്തുന്നില്ല. ഓരോ പൗരന്റെയും സാമൂഹികവും സാമ്പത്തികവുമായ അഭിവൃദ്ധിക്ക് വേണ്ടിയാണ് സർക്കാരുകൾ നിലകൊള്ളേണ്ടത്. ജനത്തിന് ഒരു നന്മയും പ്രദാനം ചെയ്യാത്ത മദ്യവ്യാപാരം സർക്കാർ ഏറ്റെടുത്തു നടത്തുന്നത് ഒരുതരത്തിലും ശരിയല്ല.

**പൊതുനന്മ സംരക്ഷിക്കുക**

പൊതുനന്മ സംരക്ഷിക്കുകയെന്നത് സർക്കാരിന്റെ പ്രഥമമായ കർത്തവ്യമാണ്. കുടുംബങ്ങളുടെ കൂട്ടായ്മയും സ്ഥിരതയും അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടത് ഇതിൽ മുഖ്യമാണ്. ഒരു യുവാവിനെ തകർക്കുമ്പോൾ ലഹരി ഒരു കുടുംബത്തെയാണ് തകർക്കുന്നത്. ഇന്ന് അവൻ ആയിരിക്കുന്ന കുടുംബത്തെയും ഭാവികുടുംബത്തെയുമാണ് നശിപ്പിക്കുന്നത്. സമൂഹത്തിലെ ജീവസ്സുറ്റതും പ്രഥമവുമായ കുടുംബത്തെ, ഈ അടിസ്ഥാനഗണത്തെ, നശിപ്പിക്കുക വഴി സമൂഹം മുഴുവൻ തകർക്കപ്പെടും. കുടുംബാംഗങ്ങൾക്കായുള്ള പൊന്തിഫിക്കൽ കൗൺസിൽ ഊന്നിപ്പറയുന്ന ഒരു കാര്യം കുടുംബങ്ങൾ ദുർബലമാകുന്നതിനും ഭവനങ്ങൾ തകരുന്നതിനുമുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്നാണ് ലഹരിയാശ്രയത്വം (drug dependency) എന്നാണ്. വിഭജിതവും അപൂർണവും അസ്ഥിരവുമായ കുടുംബങ്ങളാണ് ലഹരി അടിമത്തത്തിന്റെ ഫലം. ഇത് സമൂഹത്തിന്റെ നിലനില്പിനെത്തന്നെ അപകടത്തിലാക്കുന്നു.

മദ്യത്തിനടിമകളായി കടമകൾ മറക്കുന്ന മാതാപിതാക്കന്മാർ വരുംതലമുറകൾക്ക് ശാപം വരുത്തുന്നു. ലഹരിക്കടിമപ്പെട്ട തൊഴിലാളിയും ഉദ്യോഗസ്ഥനും തങ്ങളുടെ തൊഴിലും സേവനവും നന്നായി ചെയ്യുന്നതിൽ പരാജയപ്പെടുന്നു. മനുഷ്യവിഭവശേഷി സാരമായി കുറയുന്നു. രക്ഷകർ അന്തകരാകുന്നു. വഴിതെളിക്കേണ്ടവർ വഴി അടയ്ക്കുന്നു. സംരക്ഷകർ സംഹാരകരാകുന്നു. മാതൃക നല്കേണ്ടവർ മറുതലിച്ചു നിൽക്കുന്നു. ജീവന്റെ സമൃദ്ധി എല്ലാവർക്കുമുള്ള അവകാശമാണെന്ന് മറക്കാതിരിക്കുക.

**ആരോഗ്യമുള്ള കുടുംബങ്ങൾ; അനുഗൃഹീത സമൂഹം**

ഒരു പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി ആഗ്രഹിച്ച് ഒരുമിച്ചു പ്രവർത്തിക്കണം. അങ്ങനെ മദ്യവിമുക്തമായ ഒരു നല്ല കുടുംബം, ആരോഗ്യമുള്ള കുടുംബങ്ങൾ അനുഗ്രഹമാവുന്ന ഒരു നല്ല സമൂഹം, ഒരു നല്ല രാഷ്ട്രം ഇവിടെ സംജാതമാകുന്ന പൊൻപുലരിക്കായി നമുക്കു പ്രവർത്തിക്കാം. മനുഷ്യൻ അന്തസ്സുള്ള ജീവിയാണ്. മദ്യം പലപ്പോഴും അതിനെ നശിപ്പിച്ചുകളയുന്നു. മദ്യസംസ്കാരത്തിനെതിരേ സ്നേഹസംസ്കാരം വളർത്തി കുടുംബത്തെയും ഇടവകയെയും നാടിനെയും ഈ സാമൂഹികവിപത്തിൽനിന്ന് രക്ഷിക്കുക ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

ന്യായാധിപനായ സാംസന്റെ ജനനവാർത്ത അറിയിക്കുന്ന സമയത്ത് ദൂതൻ അവന്റെ അമ്മയോട് ഇപ്രകാരം പറയുന്നു: "നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. അതുകൊണ്ട് നീ സൂക്ഷിക്കണം. വീഞ്ഞോ വീര്യമുള്ള പാനീയങ്ങളോ കുടിക്കരുത്" (ന്യായ.13:3,4). തുടർന്ന് അവൾ ഇക്കാര്യം ഭർത്താവായ മനോവയെ അറിയിക്കുന്ന സമയത്തും ഇത് ആവർത്തിക്കുന്നു (ന്യായാ 13:7). പിന്നീട് രണ്ടാമതും ദൂതൻ പ്രത്യക്ഷപ്പെട്ട് മനോവയെ ഓർമിപ്പിക്കുന്നു: "...മുന്തിരിയിൽനിന്നുള്ളതൊന്നും അവൾ ഭക്ഷിക്കരുത്; വീഞ്ഞോ ലഹരിപദാർത്ഥമോ കുടിക്കരുത്" (ന്യായാ 13:14). സ്നാപകയോഹന്നാന്റെ ജനനത്തെക്കുറിച്ച് സഖറിയായ്ക്കു വെളിപ്പെടുത്തുമ്പോൾ ദൂതൻ ഓർമ്മിപ്പിക്കുന്നു: "കർത്താവിന്റെ സന്നിധിയിൽ അവൻ വലിയവനായിരിക്കും. വീഞ്ഞോ മറ്റു ലഹരിപാനീയങ്ങളോ അവൻ കുടിക്കുകയില്ല" (ലൂക്കാ 1,15). ലഹരിമുക്തമായ കുടുംബവും കുടുംബപശ്ചാത്തലവും സാഹചര്യങ്ങളും ആരോഗ്യമുള്ള കുടുംബങ്ങൾക്കും ദൈവാനുഗ്രഹമുള്ള കുടുംബങ്ങൾക്കും ആവശ്യമാണെന്ന് ഈ സൂചനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. മറ്റു കുടുംബങ്ങൾക്കു മാതൃകയായി അവതരിപ്പിക്കുകയും ചെയ്യുന്നു.

ലഹരിമുക്തമായ ഒരു സമൂഹംത

ന്നെയാണ് നാം ലക്ഷ്യംവയ്ക്കുന്നത്. ഈ ലക്ഷ്യത്തിലേക്കുള്ള യാത്ര തീർച്ചയായും ഏറെ ശ്രമകരമാണ്. സമ്പൂർണ്ണ മദ്യനിരോധനം സാധ്യമല്ല എന്ന് വാദിക്കുന്നവർ തീർച്ചയായും ബാഹ്യശക്തികളെ ഭയപ്പെടുകയും അവർക്ക് കീഴടങ്ങുകയും ചെയ്യുന്നവരാണ്. ഇച്ഛാശക്തിയോടെ ഒറ്റക്കെട്ടായി നിന്നാൽ അത് സാധ്യമാകും. മദ്യവിരുദ്ധ പ്രവർത്തനങ്ങൾ കാലോചിതമല്ല എന്നും, ചില നിയന്ത്രണങ്ങൾ മാത്രം മതി എന്ന ചിന്താഗതിക്കാരുമുണ്ട്. ഇക്കൂട്ടർ സങ്കുചിതമായി ചിന്തിക്കുന്നവരും, വലിയ ഉത്തരവാദിത്തം ഏറ്റെടുത്ത് പ്രവർത്തിക്കാൻ മടിക്കുന്നവരുമാണ്.

ലഹരിക്കെതിരായ പോരാട്ടത്തിൽ നാം കാണിക്കുന്ന അലംഭാവത്തിനും അലസതയ്ക്കും  നയവൈകല്യങ്ങൾക്കും പ്രതികരണമില്ലായ്മയ്ക്കും മുഖംതിരിക്കലുകൾക്കും വലിയ വിലകൊടുക്കേണ്ടി വരും. ഒരിക്കലും കൊടുത്തുവീട്ടാനാകാത്ത വില. വലിയ നഷ്ടം സഹിക്കേണ്ടിവരും. തലമുറകൾ ശാപഗ്രസ്തമായിപ്പോകുന്ന നികത്താനാവാത്ത നഷ്ടം. കണക്കുകൊടുക്കേണ്ടിവരും. തമ്പുരാന്റെ മുമ്പിൽ. മനുഷ്യജീവന്റെയും ആത്മാവിന്റെയും കണക്ക്. കടമ മറന്നവന്റെ മരവിപ്പോടെ വലിയ നിലവിളികൾക്കു മുമ്പിൽ നിസ്സഹായരായി നിൽക്കേണ്ടിവരും. ഒരു ചെറുവിരൽപോലും അനക്കാനാവാതെ, നിശ്വാസംകൊണ്ടുപോലും ഒന്ന് ആശ്വസിപ്പിക്കാനാവാതെ, വലിയ തെറ്റുകൾക്ക് മുമ്പിൽ കണ്ണടക്കേണ്ടി വരും. ഒരിക്കലും തിരുത്താനാവാത്ത മാരകമായ പ്രവണതകൾക്കു മുമ്പിൽ നിശ്ശബ്ദരാകേണ്ടിവരും. ആർക്കും തിരിച്ചെടുക്കാനാവാതെ, രക്ഷിക്കാനാവാതെ ഒരു സമൂഹം മുഴുവൻ നാശത്തിലേക്കു വഴുതി വീഴുമ്പോൾ നിഷ്ക്രിയമായിപ്പോകുന്ന ദുരവസ്ഥ നമുക്കുണ്ടാകാതിരിക്കട്ടെ.

## വളരുന്ന മദ്യലഹരിസംസ്കാരം



ലഹരിയുടെ നീരാളിപ്പിടിത്തത്തിലാണ് കേരളമിന്ന്. കുരുന്നുകളും മുതിർന്നവരും അതിവേഗം മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കും അടിമകളാകുന്നു. അധ്വാനം വ്യർത്ഥമാകുന്നു. സ്വപ്നങ്ങൾ പൊലിയുന്നു. പ്രതീക്ഷകൾ അകലുന്നു. ജന്മങ്ങൾ പാഴായിപ്പോകുന്നു. വ്യർത്ഥവും അലക്ഷ്യവുമായ ജീവിതചര്യകളും ശൈലികളും ജീവിതത്തിന്റെ താളം തെറ്റിക്കുന്നു. കുടുംബനാഥന്മാർ കള്ളുകുടിക്കുമ്പോൾ കുടുംബിനികൾ കണ്ണീർ കുടിക്കുന്നു. ആത്മീയതയുടെയും ധാർമ്മികതയുടെയും മൂല്യങ്ങളുടെയും പാവനമായ ബന്ധങ്ങളുടെയും വിളനിലങ്ങളിൽ ഇന്ന് വരൾച്ച ബാധിച്ചിരിക്കുന്നു എന്ന സത്യം കേരളസമൂഹത്തെ മുഴുവൻ അസ്വസ്ഥമാക്കുന്നു.

9-നും 12-നും ഇടയ്ക്കുതന്നെ മദ്യത്തോട് ആകർഷണമുള്ളവരായി കുരുന്നുകൾ മാറുന്നു. ദൈവത്തിന്റെ സ്വന്തം നാട്, കൊച്ചുകേരളം ഇന്ന് ഷാപ്പുകളുടെയും ബാറുകളുടെയും മദ്യശാലകളുടെയും കേന്ദ്രമായി മാറിയിരിക്കുന്നു. വിദ്യാലയങ്ങൾക്കരികിൽപോലും ലഹരിപ്പൊതികളും വർണ്ണക്കൂടുകളിൽ ലഹരി മിഠായികളും ലഭ്യമാകുന്നു. ആഘോഷവേളകളിൽ ലഹരി മറയില്ലാത്ത മാന്യനായി അവതരിപ്പിക്കപ്പെടുന്നു. സംസ്കാര സമ്പന്നമെന്ന് നാം അവകാശപ്പെടുന്ന മലയാളനാടിന്റെ ലഹരിപ്രേമം ആരെയും അതിശയിപ്പിക്കുന്നതാണ്. ഈ ലഹരിസംസ്കാരം അപകടകരമാംവിധം വർധിച്ചുകൊണ്ടിരിക്കുന്നു.
പ്രകാശഗോപുരങ്ങൾ കണ്ണടയ്ക്കുന്നു എന്നതാണ് ഇന്ന് സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരന്തം. കരത്തു നല്കേണ്ടവരും കാവൽ നില്ക്കേണ്ടവരും കച്ചവടത്തിന്റെ കഴുകൻ കണ്ണുകളോടെ നാടിന്റെ നാശത്തിന് ആക്കം കൂട്ടുന്നു. ജനക്ഷേമവും പൊതുജനാരോഗ്യവും ലക്ഷ്യംവയ്ക്കേണ്ട ഭരണാധികാരികൾ നാടിനെ നശിപ്പിക്കുന്ന മദ്യം വില്ക്കുന്ന അബ്കാരികളായി മാറുന്നു എന്നത് ഏറെ ഖേദകരമാണ്.

### സഭയുടെ വിമോചന ദൗത്യവും ജീവന്റെ സമൃദ്ധിയും

യേശുക്രിസ്തു തന്റെ ദൗത്യം ആരംഭിക്കുന്നത് ഇപ്രകാരം പറഞ്ഞുകൊണ്ടാണ്: "കർത്താവിന്റെ

ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). ക്രിസ്തുവിന്റെ വിമോചനദൗത്യം സഭയിലൂടെ ഇന്നും തുടരുന്നു. സമഗ്രവിമോചനം മനുഷ്യന്റെ സമസ്ത മേഖലകളിലും സാധ്യമാകുമ്പോഴാണ് കർത്താവിനു സ്വീകാര്യമായ വത്സരം പ്രഖ്യാപിക്കപ്പെടുന്നത്. ക്രിസ്തുവിന്റെ സാന്നിധ്യം എന്നും ജീവൻ നല്കുന്നതായിരുന്നു. ക്രിസ്തു തന്റെ ജീവിതകാലത്ത് മൂന്നു വ്യക്തികളെയാണ് ഉയിർപ്പിച്ചത്. ബാലികേ എഴുന്നേല്ക്കുക... (ലൂക്കാ 8,54) എന്ന മന്ത്രണത്തോടെ ജായ്റോസിന്റെ മകളെയും യുവാവേ എഴുന്നേല്ക്കുക... (ലൂക്കാ 7,14) എന്നരുളിക്കൊണ്ട് നായിമിലെ വിധവയുടെ യുവാവായ ഏകമകനെയും ലാസറേ പുറത്തുവരുക... (യോഹ 11,44) എന്നു കല്പിച്ചുകൊണ്ട് ലാസറിനെയും ജീവന്റെ മഹത്വത്തിലേക്ക്, ജീവിതത്തിന്റെ തിളക്കത്തിലേക്ക്, കുടുംബത്തിന്റെ നന്മയിലേക്ക്, സമൂഹത്തിലേക്ക്, ക്രിസ്തു തിരികെ നല്കി. ബാല്യത്തിൽത്തന്നെ തുടങ്ങുന്ന മദ്യപാനവും ലഹരിശീലങ്ങളും യുവത്വത്തിലും മറ്റെല്ലാ ജീവിതകാലഘട്ടങ്ങളിലും മാരകമായിത്തീർന്നിരിക്കുന്നുവെന്നത് സാംസ്കാരിക കേരളത്തിന്റെ ശാപമാണ്. രോഗാതുരവും മരണാസന്നവുമായ എല്ലാ തലങ്ങളിലും ജീവൻ നിറയ്ക്കുവാൻ സഭ മുന്നിട്ടിറങ്ങുകയാണ്. ജീവിതത്തിന്റെ എല്ലാ തലങ്ങളിലും സമൃദ്ധമായ ജീവന്റെ അനുഭവം ലഭിക്കാൻ ഓരോരുത്തരും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും വേണം.

**മോചനവും പുനഃസൃഷ്ടിയും**

കേരളത്തെ വിദ്യാഭ്യാസവത്കരിക്കുന്നതിലും ആരോഗ്യവത്കരിക്കുന്നതിലും പ്രഥമവും പ്രധാനവുമായ സംഭാവന നല്കിയിട്ടുള്ള കേരളസഭയ്ക്ക്, അതിനെ ലഹരിവിമുക്തമാക്കുക എന്ന സുപ്രധാനമായ ദൗത്യത്തിൽനിന്ന് മാറി നില്ക്കാനാവുകയില്ല. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധസംഘടനകളെ ജാതിമത ഭേദങ്ങൾക്കതീതമായി സംഘടിപ്പിച്ചുകൊണ്ടും ലഹരിക്കെതിരായ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയും. വിദ്യാഭ്യാസത്തിലും ആരോഗ്യമേഖലയിലും ലോകത്തിനു തന്നെ മാതൃകയും ഇന്ത്യയിൽ മുൻപന്തിയിൽ നില്ക്കുന്നതുമായ കേരളം തന്നെയാണ് ആത്മഹത്യയിലും കുറ്റകൃത്യങ്ങളിലും മദ്യാസക്തിയിലും മുന്നോട്ടു കുതിക്കുന്നത് എന്ന തിരിച്ചറിവ് ഞെട്ടലോടെയല്ലാതെ അംഗീകരിക്കാനാവില്ല. ലഹരിയുടെ നീരാളിപ്പിടിത്തം ജീവിതത്തിന്റെ എല്ലാ തലങ്ങളെയും കീഴടക്കുമ്പോൾ വിശ്വാസ സമൂഹത്തിന്റെ ദൗത്യവും പ്രസക്തിയും ഏറുകയാണ്.

മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുകയെന്നത് സഭയുടെ കർത്തവ്യമാണ്. ആരും നശിച്ചുപോകാൻ ദൈവം ആഗ്രഹിക്കുന്നില്ല. നാശത്തിന്റെ പാതകളിൽ പ്രത്യാശയുടെ സുവിശേഷമായി മോചനത്തിന്റെ സദ്വാർത്തയായി പുനരവതരിക്കുക സഭയുടെ കർത്തവ്യവും ക്രൈസ്തവന്റെ ഉത്തരവാദിത്തവും സുമനസ്സുകളുടെ സാമൂഹിക പ്രതിബദ്ധതയുമാണ്. ജനത്തിന്റെ നിലവിളികൾക്ക് ഉത്തരം കൊടുക്കാൻ നാം ഇനിയും മടിച്ചുകൂടാ, മറന്നുകൂടാ. നിശ്ശബ്ദതയുടെ സംസ്കാരം, ഭയത്തിന്റെ സംസ്കാരം, മരണത്തിന്റെ സംസ്കാരം സമൂഹത്തെ കീഴ്പ്പെടുത്തിയിരിക്കുന്നു. സ്നാപകയോഹന്നാൻ മരുഭൂമിയിൽ വിളിച്ചു പറയുന്ന സ്വരമായിരുന്നു. അത് നിശ്ശബ്ദതകൾ ഭേദിക്കുന്നതായിരുന്നു. അത് പ്രവാചകധീരതയുടെ പ്രഘോഷണമായിരുന്നു. മദ്യവും ലഹരികളും സമ്മാനിക്കുന്നത് അനാരോഗ്യവും മരണവുമാണ്. രോഗാതുരവും മരണാസന്നവുമായ ഈ കാലഘട്ടത്തെ സുഖപ്പെടുത്തുകയെന്നത് പ്രവാചകദൗത്യമാണ്. സൗഖ്യദായകമായ ശുശ്രൂഷയാണ് ജീവൻ നല്കുന്ന പ്രക്രിയയാണ്. ഒരു പുനഃസൃഷ്ടിയിലൂടെ മാത്രമേ നിശ്ശബ്ദതയുടെയും ഭയത്തിന്റെയും മരണത്തിന്റെയും സംസ്കാരം മറികടക്കാൻ കഴിയൂ. വ്യക്തികളും സമൂഹവും അധികാരികളും നിയമസംവിധാനങ്ങളും കൂട്ടായി എടുക്കുന്ന പുതിയ മനോഭാവത്തിന്റെയും ഉറച്ച തീരുമാനങ്ങളുടെയും ഫലമാണ് ഈ പുനഃസൃഷ്ടി.

**ഉന്നതമായ ശുശ്രൂഷ, കഠിനമായ വെല്ലുവിളി**

ലഹരിക്കെതിരായ പോരാട്ടം മനുഷ്യന് നല്ല നാളേയ്ക്കുവേണ്ടിയുള്ള ഉന്നതമായ ഒരു ശുശ്രൂഷയും കഠിനമായ വെല്ലുവിളിയുമാണ്. ആധുനിക സഭയുടെ പ്രവാചകസാന്നിധ്യമായി മാറിയ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പാപ്പാ മദ്യാസക്തിയെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്: "ആധുനിക സമൂഹത്തിലെ ഏറ്റവും മോശപ്പെട്ട മഹാമാരികളിൽ ഒന്നാണ് മദ്യാസക്തി എന്ന ബോധ്യം മുൻകാലങ്ങളെക്കാൾ വ്യാപകമായിരിക്കുന്നു. ഈ തിരിച്ചറിവുതന്നെ ഏറ്റവും ശ്രേയസ്കരമായ ഒന്നാണ്. എന്നാൽ മുൻകാലങ്ങളെക്കാൾ അടിയന്തിരമായി കൂടുതൽ കൂട്ടായ പ്രവർത്തനം ഈ വിഷയത്തിൽ ആവശ്യമാണ്. ഈ പ്രശ്നം മനുഷ്യവ്യക്തിയെ ആഴത്തിൽ സ്പർശിക്കുന്ന ഒന്നാണ്. മാനവകുടുംബത്തിലെ എല്ലാവർക്കും, മതവിശ്വാസങ്ങൾക്കതീതമായി, ധൈര്യപൂർവ്വം പ്രതീക്ഷയോടെ ആത്മവിശ്വാസത്തോടെ ഗുരുതരവും വ്യാപകവുമായ മദ്യാസക്തി ഉയർത്തുന്ന ഭീഷണികൾ നേരിടാൻ മനുഷ്യന്റെ സഹായത്തിന് എത്തുകയെന്നത് ഉന്നതമായ ഒരു വെല്ലുവിളിയാണ്. എന്നാൽ നിങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങൾ സമൂഹത്തിൽ തുടർച്ചയായ പ്രകോപനങ്ങൾക്കു കൂടി കാരണമാകും" (International Conference on the Scientific Social and Moral aspects of Alchoholism, Fri. 22 nd June 1984). ലഹരിമോചന പ്രവർത്തകർ കൂടുതൽ എതിർപ്പുകൾ നേരിടേണ്ടിവരുമെന്നും ഈ ശുശ്രൂഷ അത്യന്തം കഠിനമാണെന്നുമുള്ള സൂചനയാണിത്.

# മകൾ

ഫാ. ബാബു വാവക്കാട്ട്

> ആ സ്ത്രീയുടെ ഭർത്താവാണ് അയാളെന്നത് നിശ്ചയം. അവരുടെ കരച്ചിൽ അയാൾ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് അവർക്ക് ഒട്ടും പിടിക്കുന്നില്ല എന്നതും സത്യം. എന്റെ പ്രാർത്ഥന ഇടയ്ക്ക് തടസ്സപ്പെടാതെ പൂർത്തിയാക്കുന്നതിന് കുറച്ചൊന്നുമല്ല അയാൾ സഹായിച്ചത്. ഓരോ പ്രാർത്ഥന തുടങ്ങുമ്പോഴും പാട്ടു തുടങ്ങുമ്പോഴും... ഓരോ കാര്യങ്ങൾ പറഞ്ഞ് ഉച്ചത്തിൽ കരഞ്ഞ അവരെ പലവിധ അടയാളങ്ങൾ കാണിച്ച് അയാൾ നിശ്ശബ്ദയാക്കി.



കുറേക്കാലം മുമ്പ് നടന്നതാണ്.

ഒരു മഴക്കാലത്ത്.

ഇടവകയിൽ ഒരു തള്ള മരിച്ചു. അസുഖമായി കിടന്നിരുന്നതാണ്.

ദൂരെ എവിടെയോ നിന്ന് ഇടവകയിൽ വന്ന് താമസമാക്കിയവരാണ്.

ഇടവക ചേർന്നിട്ട് അധികമായിട്ടില്ല.

പള്ളിയിൽനിന്ന് കുറേ ദൂരത്തു മാറിയാണ് താമസം. അതുകൊണ്ടോ എന്തോ ആ വീട്ടിൽനിന്ന് ആരെയും പള്ളിയിൽ കാണാറില്ല.

ശവസംസ്കാര ശുശ്രൂഷയ്ക്ക് അച്ചനെ കൂട്ടിക്കൊണ്ടു പോകാൻ ആളു വന്നു.

അച്ചനും കപ്യാർക്കും പാട്ടുകാരനും പോകാൻ കാറ്. കുരിശ്, തിരിക്കാലുകൾ, ചെമ്മദോർ എന്നിവ ഓട്ടോറിക്ഷയിൽ.

ഒരു പഴയ വീടാണ്.

റിപ്പയർ ചെയ്തിട്ട് കാലങ്ങളായതിന്റെ ലക്ഷണം. മുറ്റം തീരെയില്ല.

ഉള്ളിടത്ത് ഒരു ടാർപോളിൻ വലിച്ചു കെട്ടിയിട്ടുണ്ട്. ആ പന്തലിലാണ് മൃതദേഹം കിടത്തിയിരിക്കുന്നത്. മഴകൊണ്ട് എല്ലാരും ചൂളിപ്പിടിച്ച് നിൽക്കുകയാണ്. തള്ളക്ക് മൂന്നു മക്കളാണുള്ളത്. രണ്ടു പെണ്ണും ഒരാണും.

മൂത്തതിനെ ദൂരത്തെവിടെയോ ആണ് കെട്ടിച്ചിരിക്കുന്നത്.

അവരാണെന്നു തോന്നുന്നു പെട്ടിയ്ക്കരികിലിരുന്ന് അലച്ചുതല്ലി കരയുന്നുണ്ട്.

അച്ചനെ കണ്ടപ്പോൾ... 'എന്റെ അമ്മയെ കൊണ്ടുപോകാൻ വന്നേയ്...' എന്നു പറഞ്ഞായി കരച്ചിൽ. മകനായിരിക്കണം ഒരു കൊച്ചിനേയും എടുത്ത് വിഷമത്തോടെ പെട്ടിയ്ക്കരുകിൽ നിൽക്കുന്നു. കല്യാണം നടക്കാത്ത ഇളയ പെണ്ണ് നിശ്ശബ്ദമായിരുന്ന് കണ്ണീരൊഴുക്കുന്നു...

ഇവരിലൊന്നുമായിരുന്നില്ല എന്റെ ക്രദ്ധ പെട്ടെന്ന് പതിഞ്ഞത്. മാറത്ത് കൈകൾ പിണച്ചു കെട്ടി അൽപ്പം ഒരാട്ടത്തോടെ തള്ളയുടെ മുഖത്തു നിന്ന് കണ്ണെടുക്കാതെ നോക്കി നിൽക്കുന്ന ഒരാൾ....

അടിച്ചു ഫിറ്റായി നില്ക്കുകയാണെന്ന് വ്യക്തം... മുണ്ട് മടക്കിക്കുത്തിയിരിക്കുന്നു... കാലുകളുടെ എൺപത്തഞ്ചു ശതമാനവും പുറത്തു കാണുംവിധമാണ് മുണ്ടിന്റെ നില.

ഷർട്ടിന്റെ കൈകൾ തെറുത്തു കയറ്റി വച്ചിട്ടുണ്ട്. മുറുക്കി ചുവപ്പിച്ച ചുണ്ട്. എന്തോ ചവയ്ക്കുന്നുണ്ട്. മുറുക്കാനായിരിക്കണം. ചീകിവയ്ക്കാൻ മറന്ന ചുരുൾമുടി നെറ്റിയിലേക്ക് വീണുകിടക്കുന്നു.

ഷേവു ചെയ്യാൻ മിനക്കെടാത്തതുകൊണ്ട്, കുറ്റിത്താടിയുണ്ട്. മൃതദേഹം കാണാനായി ആരെങ്കിലും വരുമ്പോൾ അവരോടെന്ന മട്ടിൽ ഓരോന്ന് പറഞ്ഞ് ആ സ്ത്രീ ഉച്ചത്തിൽ കരയും. അപ്പോളയാൾ ചുണ്ടിൽ വിരൽ ചേർത്ത് 'ശൂ' എന്ന് ശബ്ദം വച്ച് അവരെ നിശ്ശബ്ദയാക്കും.

ആ സ്ത്രീയുടെ ഭർത്താവാണ് അയാളെന്നത് നിശ്ചയം. അവരുടെ കരച്ചിൽ അയാൾ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് അവർക്ക് ഒട്ടും പിടിക്കുന്നില്ല എന്നതും സത്യം. എന്റെ പ്രാർത്ഥന ഇടയ്ക്ക് തടസ്സപ്പെടാതെ പൂർത്തിയാക്കുന്നതിന് കുറച്ചൊന്നുമല്ല അയാൾ സഹായിച്ചത്. ഓരോ പ്രാർത്ഥന തുടങ്ങുമ്പോഴും പാട്ടു തുടങ്ങുമ്പോഴും... ഓരോ കാര്യങ്ങൾ പറഞ്ഞ് ഉച്ചത്തിൽ കരഞ്ഞ അവരെ പലവിധ അടയാളങ്ങൾ കാണിച്ച് അയാൾ നിശ്ശബ്ദയാക്കി.

പ്രാർത്ഥന ചൊല്ലി പൂർത്തിയാക്കി ഞാൻ പിന്മാറിയപ്പോൾ... എല്ലാവരും ചേർന്ന് ഉച്ചത്തിലുള്ള നിലവിളിയുണ്ടായി. അതിനിടയിലൂടെ ആ സ്ത്രീ ഉച്ചത്തിൽ പറഞ്ഞു കരയുന്നതു കേട്ടു.

'ഒന്നു കരയാൻ കൂടി ഈ ദുഷ്ടൻ എന്നെ സമ്മതിക്കുന്നില്ലല്ലോ അമ്മേ...' എന്ന്

പള്ളിയിൽവച്ചും മൃതദേഹം സിമിത്തേരിയിലേക്ക് എടുത്തപ്പോഴും കരഞ്ഞു ബഹളം വച്ച അവരെ അയാൾ പഴയതുപോലെ തന്നെ അടയാളങ്ങൾകൊണ്ട് നിയന്ത്രിക്കാൻ ശ്രമിച്ചു....

മൃതദേഹം പള്ളിയിൽനിന്ന് പുറത്തേക്ക് ഇറക്കിയപ്പോഴാണ് ആ സ്ത്രീ അയാളുടെ അടുത്തുവന്ന് ശബ്ദം താഴ്ത്തി എന്തോ പറയുന്നത് കണ്ടു.... അതോടെ അയാൾ നിശ്ശബ്ദനും ഗൗരവക്കാരനുമായി മാറി.

സിമിത്തേരിയിലെ പ്രാർത്ഥനയിൽ എനിക്കും കപ്യാർക്കുമിടയിൽ ഒരു തത്ത്വജ്ഞാനിയുടെ ഭാവത്തിലായിരുന്നു പിന്നെ അയാളുടെ നിൽപ്. ഞാൻ പ്രാർത്ഥനകൾ ചൊല്ലിത്തീർത്തു.

'ഇനി പെട്ടി മൂടാം....' എന്നു പറഞ്ഞു.

അപ്പോഴാണ് ആ സ്ത്രീ...

'എന്റെ അമ്മ പേണേണാ...' എന്നു ചോദിച്ച് അലർച്ചപോലെ ഒരു കരച്ചിൽ നടത്തിയത്.

അപ്പോൾ ആ തത്ത്വജ്ഞാനി തന്റെ ഗൗരവമെല്ലാം വിട്ട് പെട്ടെന്ന് ഇപ്രകാരം പറഞ്ഞുപോയി....

"'എങ്കിപ്പിന്നെ പണ്ടാരടങ്ങാൻ... നിനക്കും കൂടെ പോകാൻ പാടില്ലേ...'

അയാളുടെ ആ പ്രസ്താവന കേട്ട് ഞാൻ പരിസരം മറന്ന് ചിരിച്ചുപോയി. അപ്പോഴാ സ്ത്രീ എന്നെയും അവരുടെ ഭർത്താവായ കുടിയനേയും ഒരു നോട്ടം നോക്കുകയുണ്ടായി.

ദഹിപ്പിക്കുന്ന നോട്ടം.

അപ്പോഴാണ് എനിക്കു മനസ്സിലായത്...

എന്തുകൊണ്ടാണ് അയാൾ ഒരു കുടിയനായിരിക്കുന്നതെന്ന്...

# ആരാധനക്രമം
## (ദിവ്യബലിയിലെ പ്രതീകങ്ങൾ)



**അൾത്താര ധൂപിക്കൽ**

ധൂപിക്കലിന് മൂന്ന് ദൗത്യങ്ങളാണുള്ളത്. ഒന്ന്, ബഹുമാനത്തിന്റെ അടയാളം. അൾത്താര, പരി. കുർബാന, സക്രാരി, കുരിശ്, രൂപങ്ങൾ, പുരോഹിതൻ, ദൈവജനം, മൃതശരീരം, കുഴിമാടം എന്നിവ തിരുക്കർമ്മങ്ങൾക്കിടയിൽ വിവിധ സന്ദർഭങ്ങളിൽ ധൂപിക്കുന്നു. രണ്ടാമതായി ധൂപം അഥവാ പുക ശുദ്ധീകരിക്കുന്നു. മൂന്നാമതായി പ്രാർത്ഥനയുടെ അടയാളമാണ് ഉയർന്നുപൊങ്ങുന്ന ധൂപം.

**പുരോഹിതനെ ധൂപിക്കൽ**

ശ്രേഷ്ഠമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന പുരോഹിതനോടുള്ള ബഹുമാനം പ്രകടിപ്പിക്കാനും പുരോഹിതനെ വിശുദ്ധീകരിക്കാനുമാണ് ധൂപിക്കുന്നത്. കാഴ്ചവസ്തുക്കൾ ഒരുക്കിയ ശേഷമാണ് പുരോഹിതനേയും ദൈവജനത്തേയും അൾത്താര ശുശ്രൂഷകർ ധൂപിക്കുന്നത്.

**സുവിശേഷ പുസ്തക ചുംബനം**

സുവിശേഷ വായനയ്ക്കു ശേഷം പുരോഹിതൻ വായന പുസ്തകം ചുംബിക്കുന്നു. സുവിശേഷ ഗ്രന്ഥം യേശുവിന്റെ പ്രതീകമായി കാണുന്നതുകൊണ്ടാണ് പുരോഹിതർ വിശുദ്ധഗ്രന്ഥം ചുംബിക്കുന്നത്.

**വീഞ്ഞിൽ വെള്ളം ചേർക്കൽ**

കാഴ്ചവസ്തുക്കൾ ഒരുക്കുമ്പോൾ കാസയിൽ വീഞ്ഞൊഴിച്ച ശേഷം പുരോഹിതൻ ചെറിയ സ്പൂൺകൊണ്ട് വെള്ളമെടുത്ത് വീഞ്ഞിൽ ചേർക്കുന്നു. വെള്ളം മനുഷ്യന്റെ നിസ്സാരതയെയും വീഞ്ഞ് ദൈവമഹത്വത്തേയും സൂചിപ്പിക്കുന്നു.

**കാഴ്ചവയ്പിനുശേഷം കൈകഴുകൽ**

കാഴ്ചവസ്തുക്കൾ തയ്യാറാക്കിയ ശേഷം പുരോഹിതൻ പ്രതീകാത്മകമായി തന്റെ കൈകഴുകുന്നു. ബലിയർപ്പണത്തിന് തന്റെ പാപങ്ങൾ കഴുകി വിശുദ്ധീകരിക്കുന്നതിന്റെ പ്രതീകമായിട്ടാണിത്.

**തിരുശരീരത്തിന്റെ ചെറിയഭാഗം തിരുരക്തത്തിൽ കലർത്തൽ**

ദിവ്യകാരുണ്യം നല്കുന്നതിന് മുമ്പായി പുരോഹിതൻ തിരുവോസ്തി നെടുകെ രണ്ടായി വിഭജിക്കുന്നു. അതിൽനിന്ന് ഒരു ചെറിയ കഷണം ഓസ്തി തിരുരക്തമായി മാറിയ വീഞ്ഞിൽ പ്രതീകാത്മകമായി ചേർക്കുന്നു. ഇതു അർത്ഥമാക്കുക ഐക്യം പ്രകടമാകുന്നു എന്നാണ്. രക്തവും ശരീരവും ചേർന്ന് യേശുവായി രൂപാന്തരപ്പെടുന്നു. ജീവന്റെ പ്രതീകം കൂടിയാണ്.

**അനുതാപ കർമ്മം (എന്റെ പിഴ)**

ദൈവത്തിനെതിരായി ചെയ്ത പാപങ്ങൾക്ക് പരിശുദ്ധ മറിയത്തോടും, മാലാഖമാരോടും, വിശുദ്ധരോടുമുള്ള ഐക്യത്തിൽ മാപ്പപേക്ഷിക്കുകയും സഭയുമായി രമ്യപ്പെടുകയും ചെയ്യുന്നു. അങ്ങനെ ദിവ്യബലി യോഗ്യതയോടെ അർപ്പിക്കുവാൻ വിശ്വാസികളെ തയ്യാറാക്കുന്നു.

**പൊതുവിശ്വാസ സമൂഹത്തെ ധൂപിക്കൽ**

ശുദ്ധീകരണത്തിന്റെയും പ്രാർത്ഥനയുടെയും ഭാഗമായിട്ടാണ് തിരുക്കർമ്മങ്ങൾക്കു മധ്യേ വിശ്വാസ സമൂഹത്തെ ധൂപിക്കുന്നത്.

**കുരിശടയാളം**

കുരിശിന്റെ അടയാളത്തിലൂടെ നാം ദൈവത്തിന്റെ സംരക്ഷണത്തിൽ നമ്മെ തന്നെ പ്രതിഷ്ഠിക്കുന്നു. വായിക്കുന്നവർക്കും ശ്രവിക്കുന്നവർക്കും അവരുടെ ഹൃദയങ്ങളുടെ ഭാവങ്ങൾക്കനുസൃതമായി പരിശുദ്ധാത്മാവ് ദൈവവചനത്തിന്റെ ആദ്ധ്യാത്മിക ജ്ഞാനം നൽകുന്നു. പരിശുദ്ധാത്മാവ് ദൈവവചനത്തിനു ജീവൻ നൽകിക്കൊണ്ട് സമൂഹത്തെ രക്ഷാകര സംഭവത്തിന്റെ അർത്ഥത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നു.

**സമാധാനാശംസ**

വൈദികനിൽനിന്നും സമാധാനം സ്വീകരിച്ച് മറ്റുള്ളവർക്ക് നല്കുന്നു. ഈ കർമ്മത്തിലൂടെ പരസ്പരമുള്ള സ്നേഹവും ഐക്യവും പ്രകടമാക്കുന്നു. പരസ്പരം അനുരഞ്ജനപ്പെടുന്നതിന്റെ അടയാളമാണത്. വിശ്വാസികളെല്ലാവരും ഈശോയിൽ ഒരു ശരീരമാകുന്നു എന്ന് ഇതർത്ഥമാക്കുന്നു.

**കൈകൾ വിരിച്ചുപിടിക്കുക**

കൈകൾ വിരിച്ചു പിടിക്കുന്നത് മറ്റുള്ളവർക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നതിനെയും യാചനയെയും സൂചിപ്പിക്കുന്നു.

**നില്ക്കുക**

നില്ക്കുക എന്നത് ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. നമ്മൾ ഉത്ഥാനത്തിന്റെ മക്കളും സ്വർഗീയ പ്രത്യാശയുള്ളവരുമാണ്. ഈശോയിലുള്ള വിശ്വാസവും മാമ്മോദീസായും വഴി നമ്മൾ മരണത്തിൽനിന്നും എല്ലാവിധ അടിമത്തങ്ങളിൽനിന്നും മുക്തി പ്രാപിച്ചവരാണ്.

**ഇരിക്കുക**

സുവിശേഷം ഒഴികെയുള്ള വായനകളുടെ സമയത്തും വചനപ്രഘോഷമസമയത്തും ഇരിക്കുന്നു. ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതിനെയാണ് ഇത് സൂചിപ്പിക്കുന്നത്.

**മുട്ടുകുത്തുക**

കടങ്ങൾ ഇളച്ചു കിട്ടാൻ യാചിക്കുന്നവന്റെയും പശ്ചാത്തപിക്കുന്ന പാപിയുടെയും നിലപാടാണിത്. ദൈവത്തോടുള്ള മനുഷ്യന്റെ സഹായാഭ്യർത്ഥനയെ ഇതു പ്രകടമാക്കുന്നു. കൂടാതെ പരിഹാരത്തെയും സൂചിപ്പിക്കുന്നു.

**പ്രദക്ഷിണങ്ങൾ**

വിശുദ്ധ കുർബാനയിൽ പ്രാരംഭ പ്രദക്ഷിണം, കാഴ്ചവയ്പിന്റെ പ്രദക്ഷിണം എന്നിവ ഈശോയുടെ മനുഷ്യാവതാരം, പരസ്യജീവിതം, ജറുസലേം പ്രവേശനം, കാൽവരി യാത്ര എന്നിവ സൂചിപ്പിക്കുന്നു.

**ദീപം തെളിക്കൽ**

ലോകത്തിന്റെ പ്രകാശമായ ഈശോയെ അനുസ്മരിപ്പിക്കുന്നതിനായി തിരുക്കർമ്മങ്ങൾക്കിടയിൽ ദീപം തെളിക്കുന്നു.

NEWS





*വരാപ്പുഴ അതിരൂപത എറണാകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (ഇ.എസ്.എസ്.എസ്) വാർഷിക ജനറൽ ബോഡി മീറ്റിംഗ് വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ പിതാവിന്റെ അധ്യക്ഷതയിൽ ഇ.എസ്.എസ്.എസ്. ഹാളിൽ വച്ച് സംഘടിപ്പിച്ചു. ഇ.എസ്.എസ്.എസ്. 2021 2022 വർഷത്തെ വാർഷിക റിപ്പോർട്ട് 'വോയേജ്' അഭിവന്ദ്യ പിതാവ് പ്രകാശനം ചെയ്തു. ഇ.എസ്.എസ്.എസ്. ഗവേർണിങ് കൗൺസിൽ അംഗങ്ങൾ, ജനറൽ ബോഡി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.*

## *വല്ലാർപാടം ബൈബിൾ കൺവെൻഷൻ-2022*


പരിശുദ്ധ വല്ലാർപാടത്തമ്മയോടൊത്ത് ധ്യാനിക്കുവാനും രോഗഭീതിയുടെയും ആശങ്കയുടെയും ഈ കാലഘട്ടത്തിൽ പരിശുദ്ധ അമ്മ വഴി ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറയുവാനും ദൈവസ്നേഹം ആഴത്തിൽ അനുഭവിക്കുവാനും വരാപ്പുഴ അതിരൂപത പ്രൊക്ലമേഷൻ കമ്മീഷൻ ഒരുക്കുന്ന വല്ലാർപാടം ബൈബിൾ കൺവെൻഷനിൽ പങ്കുചേരുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

വചനപ്രഘോഷണ രംഗത്ത് നിറസാന്നിധ്യമായ, തിരുവനന്തപുരം മൗണ്ട് കാർമ്മൽ റിട്രീറ്റ് സെന്റർ ഡയറക്ടർ ബഹു. ഫാ. ഡാനിയേൽ പൂവണ്ണത്തിലാണ് ഈ വർഷം ധ്യാനശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്. സെപ്തംബർ 04 ഞായർ മുതൽ 07 ബുധൻ വരെ എല്ലാ ദിവസവും വൈകിട്ട് 04.30 മുതൽ 09.00 വരെയാണ് ശുശ്രൂഷകൾ നടത്തപ്പെടുന്നത്. വല്ലാർപാടം ബൈബിൾ കൺവെൻഷൻ വഴി പരിശുദ്ധ അമ്മയിലൂടെ യേശുവിലേക്ക് കൂടുതൽ അടുക്കാൻ നമുക്ക് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.
പരി. അമ്മയെക്കുറിച്ച് ധ്യാനിക്കുമ്പോൾ ജപമാല നമുക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. എല്ലാ വർഷവും ഒക്ടോബർ മാസത്തിൽ വളരെ പ്രാധാന്യത്തോടുകൂടി നമ്മൾ ഇടവകകളിൽ ജപമാല അർപ്പണം നടത്താറുണ്ട്. നമ്മുടെ കുടുംബജീവിതത്തിലും വ്യക്തിജീവിതത്തിലും നമ്മെ ഐക്യപ്പെടുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന പ്രാർത്ഥനയാണ് ജപമാല. അത് ഒരേസമയം പ്രാർത്ഥനയും ധ്യാനവും വിചിന്തനവുമാണ്. ഈ വർഷവും തികഞ്ഞ ഭക്തിയോടെ ജപമാല പ്രാർത്ഥനകൾ ചൊല്ലി നമുക്ക് ജപമാലമാസം ആചരിക്കാം. പരി. കന്യകാമറിയം നമ്മുടെ തീർത്ഥാടനത്തിലും ജീവിതത്തിലും എന്നും നമ്മുടെ സന്തതസഹചാരിയായിരിക്കട്ടെ.

## *വരാപ്പുഴ അതിരൂപത യുവജനസംഗമം സംഘടിപ്പിച്ചു*

വരാപ്പുഴ അതിരൂപത യൂത്ത് കമ്മീഷന്റെ നേതൃത്വത്തിൽ കാക്കനാട് ചെമ്പുമുക്ക് സെന്റ് മൈക്കിൾസ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച യുവജന സംഗമം 'ഇല്യൂമിനൈറ്റ് 2022' മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തു.

വരാപ്പുഴ ആർച്ച് ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹൈബി ഈഡൻ എം.പി, ഉമ തോമസ് എം.എൽ.എ., സെന്റ് മൈക്കിൾസ് ഇടവക വികാരി ഫാ. ടൈറ്റസ് കുരിശുവീട്ടിൽ, യൂത്ത് കമ്മീഷൻ ഡയറക്ടർ ഫാ. ജിജു തിയ്യാടി, കെ.സി.വൈ.എം. പ്രമോട്ടർ ഫാ. ഷിനോജ് ആറാഞ്ചേരി, യൂത്ത് കമ്മീഷൻ സെക്രട്ടറി ഫ്രാൻസീസ്



ഷെൻസൺ, യൂത്ത് കോ-ഓർഡിനേറ്റർ സിബിൻ യേശുദാസ്, കെ.സി.വൈ.എം. പ്രസിഡന്റ് ആഷ്‌ലിൻ പോൾ, സി.എൽ.സി. പ്രസിഡന്റ് തോബിയാസ് കൊർണേലി, ജീസസ് യൂത്ത് പ്രസിഡന്റ് നെൽസൺ പയസ് എന്നിവർ ആശംസകൾ നേർന്നു.

വിവിധ മേഖലകളിൽ മികവു തെളിയിച്ച അതിരൂപതയിലെ യുവപ്രതിഭകൾക്ക് സിനിമാതാരം ബാലു വർഗീസ് പുരസ്കാരങ്ങൾ വിതരണം ചെയ്തു. യൂത്ത് കമ്മീഷൻ പ്രസിദ്ധീകരിക്കുന്ന മാഗസിൻ പ്രകാശനം ചെയ്തു. സംഗീത സംവിധായകൻ അൽഫോൻസ് ജോസഫ് യുവജനങ്ങളുമായി സംവദിച്ചു.

വരാപ്പുഴ അതിരൂപതയിലെ യുവജന സംഘടനകളായ കെ.സി.വൈ.എം., ജീസസ് യൂത്ത്, സി.എൽ.സി. എന്നീ സംഘടനകളുടെ നേതൃത്വത്തിൽ നടത്തിയ കലാപരിപാടികളും ഡി.ജെ. സാവിയോ നേതൃത്വം നൽകിയ സംഗീത വിരുന്നും യൂത്ത് മീറ്റിനോടനുബന്ധിച്ച് സംഘടിപ്പിച്ചിരുന്നു. വരാപ്പുഴ അതിരൂപതയുടെ വിവിധ ഇടവകകളിൽ നിന്നായി രണ്ടായിരത്തിലധികം പ്രതിനിധികൾ പങ്കെടുത്തു.



## *സി.എൽ.സി യുവജനദിനം അജ്നയോടൊപ്പം*

ലോക യുവജന ദിനത്തോട് അനുബന്ധിച്ചു വരാപ്പുഴ അതിരൂപതാ സി.എൽ.സി കുടുംബം ഇന്ന് അജ്നയുടെ കുഴിമാടത്തിങ്കൽ പ്രാർത്ഥിക്കുവാൻ ഒത്തകൂടി. യുവത്വത്തിന്റെ സുന്ദരനാളുകളുടെ ദിനങ്ങളിൽ നിൽക്കുമ്പോളും തന്റെ രോഗത്തെ അതിജീവിച്ചു സഹപാഠികളെയും സുഹൃത്തുക്കളെയും ക്രിസ്തുവിലേക്ക് കൂടുതൽ അടുപ്പിക്കാൻ മുൻനിരയിൽ നിന്ന അജ്നയെ ബാല്യകാല സഹപാഠി കൂടിയായ വരാപ്പുഴ അതിരൂപതാ സി.എൽ.സി പ്രസിഡന്റ് ശ്രീ. തോബിയാസ് കോർണേലി പ്രാർത്ഥനയ്ക്ക് ശേഷം ചേർന്ന യോഗത്തിൽ ഓർമിച്ചു. തന്റെ ജീവിതകാലം മുഴുവൻ ഒരു ദിവസം പോലും ദിവ്യബലി മുടക്കാതെ ജീവിച്ച അജ്നയെ പുതിയ കാലത്തിലെ യുവജനങ്ങളുടെ മാതൃകയാക്കാൻ അതിരൂപതാ സി.എൽ.സി ട്രഷറർ ശ്രീ. അമൽ മാർട്ടിൻ ആഹ്വാനം ചെയ്തു. അതിരൂപതാ സി.എൽ.സി വൈസ് പ്രസിഡന്റ് ശ്രീ. അഖിൽ റാഫേൽ, സെന്റ്. പാട്രിക് ഇടവക സി.എൽ.സി പ്രസിഡന്റ് ശ്രീ. ക്രിസ്റ്റി, തൈക്കൂടം ഇടവക സി.എൽ.സി. പ്രസിഡന്റ് ശ്രീ. ദീപു സെബാസ്റ്റ്യൻ, വൈസ് പ്രസിഡന്റ് ശ്രീ. ഡിനിൽ ഡെന്നി തുടങ്ങിയവർ സംസാരിച്ചു.

## *മുടിയിഴകൾ ദാനം ചെയ്തവരെ അതിരൂപത സി.എൽ.സി. ആദരിച്ചു*

ക്യാൻസർ രോഗികൾക്ക് മുടിയിഴകൾ ദാനം ചെയ്യാൻ ആഗ്രഹിക്കുന്ന സുമനസ്സുകൾക്കായി വരാപ്പുഴ അതിരൂപത സി.എൽ.സി സംഘടിപ്പിച്ച 'ഹെയർ ഓഫ് ലവ്' ക്യാമ്പെയ്നിൽ പങ്കെടുത്തു മുടിയിഴകൾ ദാനം ചെയ്തവരെ അതിരൂപതാ സി.എൽ.സി. ആദരിച്ചു. മുഖ്യാഥിതി ആയ വരാപ്പുഴ അതിരൂപത യുവജന കമ്മീഷൻ ഡയറക്ടർ ഫാ. ജിജു ക്ലീറ്റസ് തിയ്യാടി എല്ലാവർക്കും കളമശ്ശേരി മെഡിക്കൽ കോളേജ് ക്യാൻസർ റിസർച്ച് സെന്ററുമായി സഹകരിച്ചു അതിരൂപതാ സി.എൽ.സി.യുടെ സർട്ടിഫിക്കേറ്റ് നൽകി. അതിരൂപതാ സി.എൽ.സി. പ്രസിഡന്റ് ശ്രീ. തോബിയാസ് കോർണേലി, ജനറൽ സെക്രട്ടറി ശ്രീ. നിതിൻ ചാക്കോ, ട്രഷറർ ശ്രീ. അമൽ മാർട്ടിൻ തുടങ്ങിയവർ പ്രസംഗിച്ചു.

കേരള മെത്രാൻ സമിതിയുടെ ആഹ്വാനപ്രകാരം സഭാ നവീകരണ കാലഘട്ടമായി ആചരിക്കുന്ന ഈ കാലയളവിൽ നമ്മുടെ യുവജനങ്ങളെ അതിൽ പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ജീസസ് യൂത്ത് എറണാകുളം സോൺ 1000 യുവജനങ്ങളുടെ ഒരു ഒത്തുചേരൽ സംഘടിപ്പിക്കുന്നു. ഹാർവേസ്റ്റോ എന്ന ഈ കൂട്ടായ്മ ഓണാവധിക്കാലത്ത് (സെപ്റ്റംബർ 7 മുതൽ 10 വരെ) തേവര സേക്രഡ് ഹാർട്ട് കോളേജിൽ വച്ചാണ് നടത്തപ്പെടുക. കോവിഡ് കാലഘട്ടത്തിൽ മന്ദീഭവിച്ചുപോയ നമ്മുടെ യുവതയുടെ ആത്മീയതയെ ഉണർത്തി അവരെ ദൈവരാജ്യപ്രഘോഷകരും മിഷനറി ആഭിമുഖ്യമുള്ളവരും ആക്കുവാനായി സംഘടിപ്പിക്കപ്പെടുന്ന ഈ യുവജനസംഗമം, പ്രോഗ്രാമിന്റെ ഭാഗമായി ആഗസ്റ്റ് 9 ന് രാവിലെ 10.00 മണിക്ക് വടുതല ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി പബ്ലിക് സ്കൂളിൽ വച്ച് ഹെർവേസ്റ്റോയുടെ ഓഫീസ് ബഹു. ഷിബു സേവ്യർ അച്ചൻ ഉദ്ഘാടനം ചെയ്തു.



**കെ.സി.വൈ.എം വരാപ്പുഴ അതിരൂപത മുഖപത്രമായ പൊരുൾ ഫിർമുസ് കാച്ചപ്പിള്ളി ഒസിഡി അനുസ്മരണ സ്പെഷ്യൽ എഡിഷൻ കേരള വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പ്രകാശനം ചെയ്തു**

കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത സ്ഥാപക ഡയറക്ടറും മുൻ സംസ്ഥാന ഡയറക്ട റുമായിരുന്ന ഫാ. ഫിർമൂസ് കാച്ചപ്പിള്ളി അച്ചന്റെ ഒമ്പതാം ചരമ വാർഷിക ദിനത്തോടനുബന്ധിച്ച് ഇറക്കിയ പൊരുൾ സ്പെഷ്യൽ എഡിഷൻ കേരള വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് കെ.സി. വൈ.എം. വരാപ്പുഴ അതിരൂപത പ്രസിഡന്റ് ആഷ്‌ലിൻ പോളിന് കൈമാറി പ്രകാശനം ചെയ്തു. കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത ജനറൽ സെക്രട്ടറി ജോർജ് രാജീവ് പാട്രിക്ക്, വൈസ് പ്രസിഡൻറ് സോണാൽ സ്റ്റീവിൻസൺ കെ., കെ.സി.വൈ.എം. ചെമ്പുമുക്ക് യൂണിറ്റ് പ്രസിഡൻറ് നിമൽ തദേവൂസ് എന്നിവർ സന്നിഹിതരായിരുന്നു.




**വഴിയരികിൽ കഴിയുന്നവർക്ക് പൊതിച്ചോറ് വിതരണവുമായി കെ.സി.വൈ.എം വരാപ്പുഴ അതിരൂപത**

കെ.സി.വൈ.എം വരാപ്പുഴ അതിരൂപതയുടെ സ്ഥാപക ഡയറക്ടറും കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ മുൻ ഡയറക്ടറുമായിരുന്ന ഫിർമുസ് കാച്ചപ്പിള്ളി ഒസിഡി അച്ചന്റെ ഒമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് കെ.സി.വൈ.എം. വരാപ്പുഴ അതിരൂപത സമിതിയും മേഖല ഭാര വാഹികളും ചേർന്ന് വഴിയരികിൽ കഴിയുന്നവർക്ക് 150 ഓളം പൊതിച്ചോറുകൾ വിതരണം ചെയ്തു.

**ഇ.എസ്.എസ്.എസ് ഡയമണ്ട് ജൂബിലി ആഘോഷം ആഗസ്റ്റ് 28-ന്**

വരാപ്പുഴ അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയമണ്ട് ജൂബിലി ആഘോഷ പരിപാടികൾ 2022 ഓഗസ്റ്റ് 28, ഞായറാഴ്ച മൂന്നു

NEWS

മണിക്ക് എറണാകുളം ഇൻഫന്റ് ജീസസ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് അധ്യക്ഷത വഹിക്കുന്ന ആഘോഷ പരിപാടിയിൽ മന്ത്രിമാർ, ജനപ്രതിനിധികൾ, അൽമായ നേതാക്കൾ, ഇ.എസ്.എസ്.എസ്. കുടുംബാംഗങ്ങൾ, വിവിധ സംഘടനാ പ്രതിനിധികൾ, വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചവർ തുടങ്ങിയവർ പങ്കെടുക്കുന്നു.

................................................................



വരാപ്പുഴ അതിരൂപത എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റിയും രവിപുരം ചൈതന്യ ഐ ഹോസ്പിറ്റൽ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച "ദൃശ്യം" സൗജന്യ നേത്ര പരിശോധന ക്യാമ്പ് മരട് മേരി മാഗ്ദലേൻ പള്ളി ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. 130 പേർ പങ്കെടുത്ത പ്രസ്തുത ക്യാമ്പിൽ ഡോ. സിസ്റ്റർ സോണിയ സ്വാഗതം ആശംസിച്ചു. ഇടവക വികാരി വെരി. റവ. ഫാദർ ജോസഫ് ചേലാട്ട് ഉദ്ഘാടനം നിർവഹിച്ചു. മരട് മുൻസിപ്പാലിറ്റി കൗൺസിലർ ശ്രീ. സിബി സേവ്യർ അദ്ധ്യക്ഷനായിരുന്നു. ആൻസലൻ മാഷ് ആശംസ അർപ്പിച്ചു സംസാരിച്ചു. പുരുഷ സ്വയം സഹായസംഘം ഫെഡറേഷൻ പ്രസിഡന്റ് ശ്രീ. യേശുദാസ് കൊളുത്തുവീട് ക്യാമ്പിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിയർപ്പിച്ചു. ഇ.എസ്.എസ്.എസ് MEN SHG റീജിയണൽ കോ ഓർഡിനേറ്റർ ശ്രീ. വിപിൻ ജോ, ഹെൽത്ത് വിഭാഗം കോ ഓർഡിനേറ്റർ സിസ്റ്റർ മേരി തോമസ് എന്നിവരും MEN SHG ടീമംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.

................................................................

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന സെപ്റ്റംബർ മാസത്തെ പരിപാടികൾ:**

വിവാഹ ഒരുക്ക കോഴ്സ്: വൈദികരുടെ ധ്യാനം നടക്കുന്നതിനാൽ 02, 03, 04 തീയതികളിൽ മാത്രമേ വിവാഹ ഒരുക്ക കോഴ്സ് ഉണ്ടായിരിക്കുകയുള്ളൂ.
രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണി വരെ.

ഓണാഘോഷം:
10-ാം തിയതി രാവിലെ 10:30-ന്. 3 മണിക്ക്

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്രസമിതി ലീഡർ , സെക്രട്ടറി , സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ് മീറ്റിംഗ് സെപ്റ്റംബർ 25 ന് എറണാകുളം ആശിർ ഭവനിൽ 3 മണിക്ക്

## *ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ*

*1.സെന്റ് ജോസഫ്സ് ചർച്ച്, കടമക്കുടി 10,000/-*
*2.മൗണ്ട് കാർമ്മൽ ചർച്ച്, ചാത്യാത്ത്, 25,000/-*
*3.സെന്റ് തോമസ് ചർച്ച്, കുറ്റിക്കാട്ടുകര 20,000/-*
*4.സെന്റ് ജോർജ് ചർച്ച്, പെരുമാനൂർ 1,00,000/-*

NB: ആർച്ച് ബിഷപ്പ്സ് 'സ്നേഹഭവനം' പദ്ധതി - ഈ പദ്ധതിയിലേക്കുള്ള ധനസഹായങ്ങൾ ഫെഡറൽ ബാങ്കിന്റെ എറണാകുളം നോർത്ത് ശാഖ 10040100182645 നമ്പർ (IFS Code FDRL0001004) വഴി നൽകാവുന്നതാണ്.



# SUNDAY Breakfast

ഫാ. വിമൽ ഫ്രാൻസിസ് പണ്ടാരപറമ്പിൽ

സെപ്തംബർ 4
**ശിഷ്യത്വത്തിന്റെ വില**
ലൂക്ക 14: 25-33

ഇന്നത്തെ സുവിശേഷത്തിൽ നമ്മൾ കാണുന്നത് യേശുവിന്റെ അടുത്തു വലിയ ജനക്കൂട്ടം വരുന്നു എന്നാണ്. ജനക്കൂട്ടത്തെ സംഘടിപ്പിച്ച് ശക്തി കാണിക്കാനും തന്റെ കഴിവ് കാണിക്കാനും യേശു ശ്രമിക്കുന്നില്ല. അതുകൊണ്ടാണ് യേശു എപ്പോഴും ജനക്കൂട്ടത്തെയും തന്നെ അനുഗമിക്കുന്ന ശിഷ്യന്മാരേയും പ്രത്യേകം വേർതിരിക്കുന്നത്. യേശുവിനെ അനുഗമിച്ചവർ അനേകമായിരുന്നു. പരസ്യജീവിതകാലത്ത് എത്രയോ പേരാണ് യേശുവിനെ കാണാനും തൊടാനും കേൾക്കാനും ഭക്ഷിക്കാനും വരങ്ങൾ ലഭിക്കാനും രോഗശാന്തി ലഭിക്കാനും ചുറ്റും കൂടിയത്. പക്ഷെ അവസാനം കുരിശിനു കീഴിൽ എത്ര പേരുണ്ടായിരുന്നു; വെറും വിരലിലെണ്ണാവുന്നവർ. ഇതറിയാവുന്ന യേശു തന്റെ ശിഷ്യരായി വരുന്നവർക്ക് നല്കുന്ന ഉപദേശം എപ്പോഴും വളരെ പ്രയാസവും കഷ്ടപ്പാടുള്ളതും ആണെന്നാണ്. മത്തായി 16:24-28 വരെയുള്ള തിരുവചനങ്ങളിലും ഇതുതന്നെയാണ് കാണുന്നത്. 'ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" എന്ന്.

ആദ്യമായി യേശുവിനെ കാണുന്നവർക്കും കേൾക്കുന്നവർക്കും അവനോട് വലിയ ആരാധനയും സ്നേഹവും ഒക്കെയുണ്ട്. പക്ഷേ അവർക്ക് തന്നെ അനുഗമിക്കാൻ, കൂടെ നടക്കാൻ, തന്റെ ജീവിതചര്യയുടെ ഭാഗമാകാൻ പറ്റുമോ എന്നതാണ് ചോദ്യം. യേശുവിന്റെ ജീവിതത്തിനും മൂല്യങ്ങൾക്കും ധാർമ്മികതയ്ക്കുമൊന്നും വെള്ളം ചേർക്കലില്ല. അതുകൊണ്ട് വളരെ സ്പഷ്ടമായി തന്നെ അനുഗമിക്കുന്നവരോട് മുൻകൂട്ടിതന്നെ തന്റെ ശിഷ്യനായിരിക്കുന്നതിന്റെ വിലയെപ്പറ്റി പറയുന്നുണ്ട്.

1. യേശുവിന് പ്രഥമസ്ഥാനം നല്കണം. തന്റെ കുടുംബത്തെക്കാൾ ഉപരിയായി പോലും. മത്തായി 10:37-ൽ ഇതിനെപ്പറ്റി യേശുപറയുന്നുണ്ട് ; സ്വന്തം ജീവനെക്കാളുമുപരിയായി യേശുവിനെ സ്നേഹിക്കണം എന്ന്.

2. കുരിശെടുക്കാൻ തയ്യാറാവണം. കുരിശുകൾ ഇല്ലാതെയാക്കാൻ അല്ല ഒരു ക്രിസ്തുശിഷ്യനും പ്രാർത്ഥിക്കേണ്ടത്, കുരിശു ചുമക്കാൻ ഉള്ള ശക്തിക്കായാണ്.

3. ഇച്ഛക്കനുസരിച്ച് തനിക്കുള്ളത് ചിലവാക്കാൻ സാധിക്കണം. യേശുവിനെ പിൻചെല്ലുക എന്നത് വലിയ ഒരു തീരുമാനവും ആഗ്രഹവും ആണ്. അതിന് ചെലവഴിക്കാൻ തനിക്ക് വകയുണ്ടോ എന്ന് ചിന്തിക്കണം. വലിയ ഒരു കാര്യത്തിനുവേണ്ടി, രക്ഷയ്ക്കുവേണ്ടി തന്റെ വക നഷ്ടപ്പെടുത്താനുള്ള ചങ്കുറപ്പ് തനിക്കുണ്ടോ എന്നാണ് യേശു നമ്മോട് ചോദിക്കുന്നത്.

സെപ്തംബർ 11
**കണ്ടെത്തുന്നതിന്റെ സന്തോഷം**
ലൂക്ക 16: 1-32

ലൂക്കായുടെ സുവിശേഷം 15-ാം അദ്ധ്യായം മുഴുവനും നിറഞ്ഞുനില്ക്കുന്നത് ദൈവസ്നേഹത്തിന്റെ ഏറ്റവും മധുരമായ സവിശേഷമായ തലമാണ്. നഷ്ടപ്പെട്ടതിനെ തേടുന്ന, സ്നേഹിക്കുന്ന ദൈവം. Our God is a God of the lost and the least. അങ്ങനെ സാമൂഹ്യവ്യവസ്ഥയിൽ ഏറ്റവും നിന്ദിതരും പുറത്താക്കപ്പെട്ടവരുമായി കണക്കാക്കപ്പെട്ടവരായിരുന്നു ചുങ്കക്കാരും പാപികളും. സുവിശേഷം പറയുന്നത്, ഇവരാണ് യേശുവിന്റെ വാക്കുകൾ കേൾക്കാൻ അടുത്തുവന്നവർ എന്നാണ്. പക്ഷേ മറ്റുള്ളവർ, ഫരിസേയരും നിയമജ്ഞരും, നഷ്ടപ്പെട്ടിട്ടില്ല എന്നു കരുതുന്നവർ മാറിനിന്നു പിറുപിറുക്കുന്നു. ഇവർക്കായി മൂന്ന് ഉപമകളാണ് യേശു പറയുന്നത്: എല്ലാത്തിനേയും ഒരുമിച്ചു കൂട്ടുന്നത് ഒരു വാക്യമാണ്: "എന്നോടുകൂടെ സന്തോഷിക്കുവിൻ. എന്റെ നഷ്ടപ്പെട്ടത് വീണ്ടുകിട്ടിയിരിക്കുന്നു" എല്ലാത്തിന്റേയും സാരാംശം മറ്റൊരു വാക്യമാണ്: 'അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും.'

കാണാതായ ആടിന്റെ ഉപമ, കാണാതായ നാണയത്തിന്റെ ഉപമ, കാണാതായ മകന്റെ ഉപമ, ഇവയിലൂടെ യേശു ഇന്ന് നമ്മോട് പറയുന്നത് ദൈവത്തിന്റെ കരുണയുള്ള സ്നേഹത്തെക്കുറിച്ചാണ്; ഒരു വിധിയാളനായിട്ടല്ല. നമുക്ക് ദൈവത്തെക്കുറിച്ചുള്ള സങ്കല്പം തെറ്റാണെന്ന് യേശു നമ്മോടു പറയുന്നു.

കാണാതായ പുത്രന്റെ ഉപമയിൽ രണ്ടു മക്കൾക്കും പിതാവിനെക്കുറിച്ചുള്ള അവരുടെ കാഴ്ചപ്പാട് വികലമായിരുന്നു. 17,19,29 വാക്യങ്ങളിൽ ഇത് സ്പഷ്ടമാണ്. അവർക്ക് സ്നേഹമുള്ള പിതാവ് -പുത്ര ബന്ധത്തേക്കാളുപരി, യജമാനൻ-ദാസൻ ബന്ധമായിരുന്നു. അത്

അവരുടെ വാക്കുകളിൽ എപ്പോഴും കാണാം. പിന്നീട് പിതാവിന്റെ സ്നേഹവാത്സല്യ ത്താൽ രണ്ടാമത്തെ പുത്രൻ മന സ്തപിച്ച് മകന്റെ ബന്ധത്തിലേക്ക് തിരിച്ചു വരുന്നില്ല. പക്ഷേ മൂത്ത പുത്രന്റെ കാര്യം ഉപമയിൽ സ്പഷ്ടമായി പറയുന്നില്ല: മന സ്തപിച്ചോ ഇല്ലയോ എന്ന്. ആ ഒരു അവസരം നമുക്കായി യേശു തുറന്നു വച്ചിരിക്കുകയാണ്. ദൈവത്തെ സ്നേഹമുള്ള പിതാ വായി, നമുക്കായി കാത്തിരിക്കുന്ന ക്ഷമിക്കുന്ന പിതാവായി കാണാൻ എന്ന് എന്റെ മനസ്സ് തുറക്കു ന്നുവോ അന്ന് നമ്മൾ ആനന്ദിക്കു കയും ആഹ്ലാദിക്കുകയും ചെയ്യും. നമ്മുടെ നഷ്ടപ്പെട്ട സ്നേഹത്തി ലേക്ക് തിരിച്ചു വരാം.

സെപ്തംബർ 18

**കാര്യസ്ഥതയുടെ കണക്ക്**

ലൂക്കായുടെ സുവിശേഷം 16-ാം അദ്ധ്യായത്തിൽ രണ്ട് ഉപമകളാ ണുള്ളത്. അവിശ്വസ്തനായ കാര്യസ്ഥന്റെയും, ധനവാന്റെയും ലാസറിന്റെയും ഉപമ. സമ്പത്തും ദൈവവും, ഇവയിൽ ഏതിനെ ഒരാൾ ആശ്ലേഷിക്കുന്നു എന്നും, അവരാണ് ഒരുവന്റെ ഭാവി നിർമ്മി ക്കുക എന്നതുമാണ് 13-ാം വാക്യം ആണ് അതിന് ആധാരം.

16:2 പറയുന്നു: “നിന്റെ കാര്യസ്ഥ തയുടെ കണക്ക് ബോധിപ്പിക്കുക” ഈയൊരു ചോദ്യമാണ് ദൈവം നമ്മോട് ഇന്ന് ചോദിക്കുന്നത്. നമ്മൾ പഠിച്ചിട്ടുണ്ട്. നമുക്കുള്ളത് എല്ലാം ദൈവത്തിന്റെ ദാനമാണ്. നമ്മെ കാര്യസ്ഥന്മാരെപ്പോലെ എല്ലാം ഏൽപ്പിച്ചിരിക്കുകയാണ്. ഉൽപത്തി പുസ്തകത്തിൽ മനു ഷ്യന്റെ സൃഷ്ടിക്കു ശേഷം ദൈവം തരുന്ന ഒരു അധികാരമി താണ്, കാര്യസ്ഥനെപ്പോലെ എല്ലാം നോക്കി നടത്തുവാൻ. യേശുവിന്റെ വരവാണ്, അല്ലെ ങ്കിൽ വിധിയുടെ സമയമാണ് നമ്മുടെ കണക്കു ബോധിപ്പിക്കാ നുള്ള സമയം. അപ്പോൾ നമു ക്കുള്ള സമ്പത്തും സൗകര്യങ്ങളും എല്ലാം എത്രമാത്രം വിവേക ത്തോടെ ബുദ്ധിയോടെ ഉപയോ ഗിച്ചു എന്നതാണ് ഇവിടെ ചോദി ക്കുന്നത്. നിത്യകൂടാരത്തിൽ സ്വീകരിക്കപ്പെടാൻ (9-ാം വാക്യം) തന്റെ സമ്പത്തുകൊണ്ട്, ഏല്പിച്ച കാര്യങ്ങൾകൊണ്ട് എന്തു ചെയ്തു എന്ന് ബോധിപ്പിക്കാൻ സാധി ച്ചാൽ നമ്മൾ രക്ഷപ്രാപിക്കും.

മത്തായിയുടെ സുവിശേഷത്തിൽ 24-ാം അദ്ധ്യായം കൂട്ടിച്ചേർത്ത് വായിച്ചാൽ നമുക്ക് വിധിയുടെ അടിസ്ഥാനം ഇങ്ങനെ തന്നെ യാണ് എന്ന് ബോധ്യമാകും. തന്റെ സമയവും സമ്പത്തും എങ്ങനെ മറ്റുള്ളവർക്കായി ഉപയോഗിച്ചു, അല്ലെങ്കിൽ മറ്റുള്ളവർക്ക് ഉപകാര മാക്കി മാറ്റി എന്ന്. ഇല്ലാത്തവന് പാർപ്പിടവും വസ്ത്രവും ആഹാ രവും ഒക്കെയായും രോഗകിടക്കക ളിൽ കിടക്കുന്നവരെ സന്ദർശിച്ച സമയമൊക്കെയായും നമുക്ക് ഉത്തരമുണ്ടോ. യജമാനൻ കണക്ക് ചോദിച്ചപ്പോൾ ഒരു കാര്യസ്ഥൻ തന്റെ ജീവിതം മാറ്റി മറിച്ചു. ഇന്ന് അനേകം ചോദ്യം നമ്മോട് ദൈവം ചോദിക്കുന്നുവെങ്കിൽ എന്ത് ഉത്ത രമായിരിക്കും ഉണ്ടായിരിക്കുക.

സെപ്തംബർ 25

**മകനേ, നീ ഓർമിക്കുക**

ഇന്നത്തെ ഉപമയ്ക്ക് ഒരു സവിശേ ഷതയുണ്ട് ഇതിൽ യേശു ഉപമ പറയുന്നതായിട്ടോ അല്ലെങ്കിൽ പ്രത്യേകം ശ്രോതാക്കൾ ഉള്ളതായിട്ടോ പരാമർശിക്കുന്നില്ല.. സാധാരണയായി യേശു ഒരു ഉപമ ശിഷ്യന്മാർക്ക് അല്ലെങ്കിൽ ജനക്കൂ ട്ടത്തോട് പറഞ്ഞു എന്നാണ് കാണുക. അതിനുശേഷം യേശു ചില ഉപദേശങ്ങൾ സാധാരണ യായി ചേർത്തു പറയുന്നു.

പക്ഷേ ഇവിടെ അങ്ങനെയല്ല. ഇവിടെ അബ്രാഹം ആണ് എല്ലാം സംസാരിക്കുക.

അതോടൊപ്പം ആ ധനവാന് പേരില്ല പക്ഷേ ദരിദ്രന് പേരു് 'ലാസർ', ഹീബ്രുവിൽ 'ദൈവം സഹായി ആയിട്ടുള്ളവൻ' എന്നർത്ഥം. ധനവാൻ എന്നാൽ എല്ലാം ഉള്ളവൻ എന്നോ, അല്ലെ ങ്കിൽ താൻ തനിക്കു മാത്രമായി ജീവിക്കുവാൻ, അല്ലെങ്കിൽ ആരു ടേയും സഹായം ആവശ്യമില്ലാത്ത വർ എന്നുമാവാം, ദൈവത്തിന്റെ സഹായംപോലും. 20-ാം വാക്യം പറയുന്നു: പടിവാതിൽക്കൽ ലാസർ എന്ന ഒരു ദരിദ്രൻ കിടന്നി രുന്നു. 25-ാം വാക്യം പറയുന്നു: ധനവാൻ ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും അനുഭവിച്ചി രുന്നു എന്ന്. ഒരാൾക്ക് എല്ലാ ത്തിനും സഹായം വേണമായിരു ന്നു, എന്നാൽ മറ്റൊരാൾക്ക് എല്ലാം ഉണ്ടായിരുന്നു. ഇവ രണ്ടും രണ്ട റ്റത്തെ പരിധികളാണ്. 'Extremes' പക്ഷെ ഇവിടെ മാറ്റം സംഭവിക്കു ന്നത് സ്വർഗരാജ്യത്താണ്.

പക്ഷെ ഇവിടെ ഒരു ചോദ്യമുണ്ട്. എന്താണ് ലാസർ ചെയ്ത തെറ്റ്, സമ്പത്ത് ഉണ്ടായിപ്പോയതാണോ? സ്വർഗത്തിലെത്താൻ ലാസർ ചെയ്ത നന്മയെന്താണ്? ദരിദ്രനാ യതുകൊണ്ടാണോ? അബ്രഹാം അതിന് ഉത്തരം നല്കുന്നുണ്ട്. 25 -ാം വാക്യത്തിലൂടെ. ഒരാൾ വേദ നയും കഷ്ടപ്പാടും അനുഭവിച്ചു, മറ്റെയാൾ എല്ലാ സുഖസൗകര്യങ്ങ ളും. പക്ഷെ അതുമാത്രമല്ല, സുവി ശേഷം വളരെ സ്പഷ്ടമായി പറ യുന്നുണ്ട്, ലാസർ കിടന്നിരുന്നത് ധനവാന്റെ പടിവാതിൽക്കൽ ആണ്, അവിടെ കിടന്നാണ് അവൻ മരിച്ചത്. പക്ഷെ നാളിതുവരെ ധന വാൻ അവനെ കണ്ടില്ല. അവനെ ഒരിക്കൽപ്പോലും സഹായിച്ചിട്ടില്ല.

നമ്മൾ മനസ്താപ പ്രമാണത്തിൽ യാചിക്കും... വാക്കാലും പ്രവൃത്തി യാലും ഉപേക്ഷയാലും എന്ന്. തനിക്ക് ചെയ്യാവുന്ന നന്മ ചെയ്യാതെ വരുന്നതാണ് ഉപേക്ഷ. ധനവാന് ചെയ്യാമായിരുന്നു കുറച്ച് നന്മകൾ. പക്ഷേ അത് ചെയ്തില്ല.

ഇന്ന് വചനം പറയുന്നു: മകനേ നീ ഓർക്കുക.... നന്മ ചെയ്യാൻ.

പ്രഭാഷകൻ 3:4

# അമ്മദിനം- ഒരുപാടോർമ്മകൾ....

ബൈബിൾ വിചിന്തനം

ഫാ. യേശുദാസ് പഴമ്പിള്ളി



“ദൈവത്തിന്റെ സൃഷ്ടിയാണ് മറിയം. സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠം. സവിശേഷ വണക്കം അവൾക്ക് ഏറ്റവും ചേർന്ന ഉന്നതിയാണ്” -
വി. ലൂയി ഡി മോൺഫോർട്ട്

സെപ്തംബറിന്റെ എട്ടാംദിനം- പരിശുദ്ധ അമ്മയോർമ്മകളുടെ ജന്മദിനതിരുനാൾ. മനുഷ്യരാശിയുടെ ഏറെ അഭിമാനകരമായ മഹോത്സവ വേള. സ്വർഗ്ഗത്തിൽ നമുക്കായൊരമ്മ. എത്ര പച്ചപ്പുള്ള യാഥാർത്ഥ്യമാണത്. അമ്മയുടെ മടിയിലിരുന്ന്, അന്നവളുടെ കാൽക്കലിരുന്ന് മന്ദംമന്ദം ഞാൻ ദൈവത്തെ അറിഞ്ഞുവെന്നരുളിയ വി. ചാവറയച്ചനെപ്പോലെ, പരിശുദ്ധ അമ്മ വഴി കൂടുതലായി ഈശോയെ അറിയുന്ന നമ്മൾ കരങ്ങൾ സ്വർഗ്ഗത്തിലേക്കുയർത്തി കൈകൂപ്പി പ്രാർത്ഥിക്കേണ്ട നേരമാണിത്.

രണ്ടായിരം വർഷങ്ങൾക്കു മുൻപ് മറിയമാകുന്ന ഉത്തമഫലവൃക്ഷത്തിനു ചുറ്റും എങ്ങിനെയായിരുന്നുവോ ഈശോ പിച്ചവച്ചത്, അതുപോലെ അമ്മവാത്സല്യത്തിൽ നാം വളരേണ്ടതുണ്ട്. സകലരും ഈശോയിലേക്ക് നടക്കാനാണ് അമ്മ നമ്മെ പഠിപ്പിക്കുന്നത്. മംഗളവാർത്തയുടെ ദൂത് മൊഴികൾ കേട്ടപ്പോൾ അവൾ ആമ്മേൻ പറഞ്ഞു. അങ്ങനെ ആമ്മേനിൽ ആരംഭിച്ച ജീവിതമായിരുന്നു പരി. അമ്മയുടേത്. ഇന്നലെകളിൽ മന്നാ പൊഴിച്ചതും കാടപ്പക്ഷിയെ നൽകിയതും എല്ലാം ഓർത്ത് അവൾ ദൈവത്തെ വാഴ്ത്തി. ശക്തനായവൻ എനിക്ക് വൻകാര്യങ്ങൾ ചെയ്തിരിക്കുന്നുവെന്ന പരി. അമ്മയുടെ പ്രഖ്യാപനം വിശ്വാസത്തിന്റെ മാഗ്നാ കാർട്ടാ എന്നാണ് അറിയപ്പെടുന്നത്. ദൈവഹിതത്തിനു മുന്നിൽ കുമ്പിട്ട മറിയത്തിന് തന്റെ നേരേ കുതിച്ചുവന്ന വേദനകളും നൊമ്പരങ്ങളും കേവലം നിസ്സാരമായിരുന്നു. മനുഷ്യൻ ആഞ്ഞുവീശിയ ചാട്ടവാറിനു മുന്നിൽ അവൾ നെഞ്ചുവിരിച്ചുനിന്നു. സ്വർഗ്ഗം കുറിച്ചുവച്ച ഏറ്റവും മനോഹരമായ സഹന കവിതയാണ് പരി.മറിയം. “സത്യം തോയതേ ഇതി” എന്നാണ് ആപ്തവാക്യം. സത്യത്തെ പരിരക്ഷിച്ചവളാണ് മറിയം.

യഥാർത്ഥസത്യമായ ഈശോയെ തന്നെയാണ് നാമും ജീവിതത്തിൽ സാക്ഷ്യപ്പെടുത്തേണ്ടത്. “ദൈവം മനുഷ്യവംശത്തിന് ഒരു യുവതിയെയല്ല, ഒരു അമ്മയെയാണ് നൽകിയത് എന്ന് വാഴ്ത്തപ്പെട്ട അഡോൾഫ് കോൾപിങ് പറയുന്നു. അമ്മയുടെ ചാരെ നമുക്കണയാം. രക്ഷയാകുന്ന ഈശോയെ ഹൃദയത്തോട് ചേർക്കാം. യഥാർത്ഥ സത്യമായ ക്രിസ്തുവിനെ തിരിച്ചറിയാതെ പോകുന്ന കാലികസമൂഹത്തിന്റെ നെറികേടുകൾക്കു മുന്നിൽ സത്യത്തെ പരിരക്ഷിക്കുന്നവരായി നമുക്ക് മാറാം.

ചർച്ച

1.സഭയിൽ ശനിയാഴ്ചയാണ് മറിയത്തിന്റെ ദിനമായി ആചരിച്ചുവരുന്നത്. ഈ ശനിയാഴ്ച മരിയഭക്തി കൂടുതൽ പ്രാധാന്യമുള്ളതാക്കുവാൻ നമുക്ക് എന്ത് ചെയ്യാനാകും?

2.മറിയം നമുക്ക് ക്രിസ്തുവിനെ തന്നു. നമ്മുടെ ജീവിതം വഴി എങ്ങിനെയൊക്കെ, എപ്രകാരം നമുക്ക് ഈശോയെ കൊടുക്കാനാകും?

3.മാതാവിന്റെ ജന്മദിനമാസത്തിൽ നമ്മുടെ അമ്മമാരെ എപ്രകാരമൊക്കെ ആദരിക്കാനാവും?

*അടുത്തമാസ വിചിന്തന ഭാഗം*
*ലൂക്കാ. 1: 46-55*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004